

# ഒരസാധാരണ യാത്ര

ഡോ. വി. ശശികുമാർ

# ഒരസാധാരണ യാത്ര

ഡോ. വി. ശശി കുമാർ

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2017

**Orasādhāraṇa yātra**
Malayalam short stories
by **Dr. V. Sasi Kumar**
First published: 2017

First EPUB/PDF version published: 2017

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional script of Rachana, designed by K. H. Hussain, *et al.* The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover painting: Details from the painting, namely, *Das Haus von Dr. Gachet* (1873), by the French painter, Paul Cézanne (1839–1906). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# മുൻകുറിപ്പ്

കുട്ടിക്കാലത്ത്, അതായത് സ്കൂളിൽ പഠിക്കുന്ന കാലത്ത്, സ്കൂൾ മാഗസീനുവേണ്ടി കുറച്ചു കഥകളെഴുതിയിരുന്നു. അവ മിക്കതും അച്ഛൻ പറഞ്ഞുകേട്ടതോ മാതൃഭൂമി ആഴ്ചപ്പതിപ്പിലോ ജനയുഗം വാരികയിലോ വായിച്ചതോ ആയ ഏതെങ്കിലും കഥയിൽനിന്നു പ്രചോദനം ഉൾക്കൊണ്ടവയായിരുന്നു. അതിനുശേഷം ഞാനെഴുതിയതെല്ലാം ശാസ്ത്രലേഖനങ്ങളായിരുന്നു. അങ്ങനെയിരിക്കെയാണ് ഒരിക്കൽ എന്റെ അനുഭവത്തിലുള്ളതും ചില സുഹൃത്തുക്കൾ പറഞ്ഞുകേട്ടതുമായ ചില സംഭവങ്ങൾ അയവറുത്തപ്പോൾ അതേപ്പറ്റി എഴുതണമെന്നു തോന്നി. എന്നാൽ, അവയെപ്പറ്റി ഒരു ലേഖനം എഴുതാനുള്ള അറിവ് എനിക്കില്ലായിരുന്നു. അതുകൊണ്ട്, എനിക്കു പറയാനുള്ളത് ഒരു കഥയുടെ രൂപത്തിലാവാം എന്നു തീരുമാനിച്ചു. അങ്ങനെയാണ് "ഒരസാധാരണ യാത്ര" എന്ന കഥ എഴുതിയത്. അതിൽ ചർച്ചചെയ്യുന്ന പല സംഭവങ്ങളും യഥാർത്ഥമാണ്. അത് നിര്യാതനായ എന്റെ പ്രിയസുഹൃത്ത്, ശ്രീ സുന്ദർ വായിച്ചുനോക്കുകയും വളരെ നല്ല അഭിപ്രായം പറയുകയും ചെയ്തു എന്നു മാത്രമല്ല, സുന്ദറിനു വളരെക്കാലത്തെ പരിചയമുണ്ടായിരുന്ന, സമകാലികമലയാളത്തിൽ അന്നു പ്രവൃത്തിയെടുത്തിരുന്ന ശ്രീ എസ്. ജയചന്ദ്രൻ നായർക്ക് അത് അയച്ചുകൊടുക്കുകയും അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെടുകയും ചെയ്തു. അന്നത് പ്രസിദ്ധീകരിച്ചുവന്നില്ല എന്നത് മറ്റൊരു കാര്യം. പക്ഷെ കഥകളെഴുതാൻ അതെനിക്കു ധൈര്യം തന്നു. അങ്ങനെയാണ് എനിക്ക് എന്തെങ്കിലും പറയാനുണ്ട് എന്നു തോന്നിയപ്പോൾ ലേഖനങ്ങൾ മാത്രമല്ല കഥകളും എഴുതാം എന്നു മനസ്സിലായതും എഴുതിത്തുടങ്ങിയതും.

എന്റെ പല ബന്ധുക്കളും സുഹൃത്തുക്കളും വായിച്ച് ഇഷ്ടപ്പെട്ട കഥകളാണെങ്കിലും ഈ പുസ്തകത്തിലെ രണ്ടു കഥകളൊഴിച്ച് മറ്റൊന്നും ഇതുവരെ പ്രസിദ്ധീകരിച്ചുവന്നിട്ടില്ല. ആ രണ്ടു കഥകളും പ്രസിദ്ധീകരിച്ചുവന്നതാവട്ടെ തൃശ്ശൂരിൽനിന്നു പുറത്തിറങ്ങിയിരുന്ന "അസാമാന്യമായ മനീഷ" എന്ന ഒരു ചെറിയ മാസികയിലായിരുന്നു. (ആ മാസിക ഇന്നു നിലവിലില്ല എന്നാണറിയുന്നത്.)

ഈ പുസ്തകത്തിലെ ആദ്യത്തെ കഥ ഒരു "സെന്റിമെന്റൽ തേൻകുഴമ്പാണ്" എന്നു വേണമെങ്കിൽ പഴയൊരു പ്രയോഗമുപയോഗിച്ചു പറയാം. എയ്ഡ്സ് രോഗം വളരെയേറെ

സാമൂഹ്യപ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടും അതിനെ ആസ്പദമാക്കി എന്തുകൊണ്ട് കഥകളും നാടകങ്ങളും സിനിമകളും ഉണ്ടാകുന്നില്ല (കുഷ്ഠരോഗം ഇതുപോലെ സാമൂഹ്യപ്രശ്നമായിരുന്ന കാലത്ത് തോപ്പിൽ ഭാസി "അശ്വമേധം" എഴുതിയതും പിന്നീട് ഭ്രട്ടാനിൽ അദ്ധ്യാപകനായിരുന്ന ശ്രീ ജി. ബാലചന്ദ്രൻ അത് കുട്ടികളെക്കൊണ്ട് സ്കൂളിൽ അഭിനയിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന ഒരു ചെറിയ പ്രശ്നം പരിഹരിക്കുകയും ചെയ്ത കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയിരുന്നത് ഓർമ്മിക്കുമല്ലൊ.) അപ്പോൾ എയ്ഡ്സിനെ അടിസ്ഥാനമാക്കിയും അതുപോലത്തെ കഥകളും നാടകങ്ങളും സിനിമകളും ഉണ്ടാവേണ്ടതല്ലേ എന്ന ചിന്തയിൽനിന്നാണ് "കണ്ണുനീർത്തുള്ളി" എന്ന കഥയുണ്ടായത്. മറ്റു കഥകളും ഇതുപോലെ ഓരോന്നു പറയണം എന്നു തോന്നിയപ്പോൾ എഴുതിയതാണ്. കഥകൾക്ക് വലിയ മേന്മയൊന്നും അവകാശപ്പെടുന്നില്ല. ഒരു ശാസ്ത്രസാഹിത്യകാരൻ ചുറ്റും കണ്ട കാര്യങ്ങളോടു ആവുംവിധം പ്രതികരിച്ചു എന്നു കരുതിയാൽമതി.

ഈ കഥകൾ വായിച്ച് അഭിപ്രായം പറയുകയും വീണ്ടും എഴുതാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ രണ്ടു കഥകൾ പ്രസിദ്ധീകരിച്ച അസാമാന്യമായ മനീഷയുടെ പത്രാധിപരായിരുന്ന ശ്രീ സുരേന്ദ്രൻ ചെമ്പുക്കാടിനോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഒരു അസാധാരണ അനുഭവം കൂടി ഇവിടെ പറയട്ടെ. ഈ പുസ്തകത്തിന്റെ പേരുള്ള കഥ അന്നുണ്ടായിരുന്ന മലയാളം ലവേഴ്സ് (malayalam lovers) എന്ന ഒരു യാഹൂഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയും അത് അവരുടെ ലൈബ്രറിയിൽ ആർക്കൈവ് ചെയ്തോട്ടേ എന്ന് ഒരു (ബനാറസ് ആണെന്നു തോന്നുന്നു) സർവകലാശാലയിലെ ലൈബ്രേറിയൻ ചോദിക്കുകയും ചെയ്തിരുന്നത് എനിക്ക് വളരെ സന്തോഷമുണ്ടാക്കിയ അസാധാരണമായ അനുഭവമായിരുന്നു.

ഒരു കാര്യം കൂടി. ഈ കഥകളെല്ലാം ക്രിയേറ്റിവ് കോമൺസ് by-nc-sa ലൈസൻസിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതായത്, ഇവ മറ്റെവിടെയെങ്കിലും ഇതുപോലെ തന്നെയൊ മാറ്റം വരുത്തിയൊ പ്രസിദ്ധീകരിക്കാനൊ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാനൊ എല്ലാവർക്കും അനുവാദമുണ്ട്—ഈ പുസ്തകത്തിൽ നിന്ന് എടുത്തതാണ് എന്ന് വ്യക്തമായി പറഞ്ഞിരിക്കണം എന്നു മാത്രം.

എന്റെ ആദ്യത്തെ (അവസാനത്തെയും?) കഥാസമാഹാരം ലോകത്തിലെ എല്ലാ മലയാളികൾക്കുമായി പൂർണ്ണസ്വാതന്ത്ര്യത്തോടെ സമർപ്പിക്കുന്നു.

ജൂലൈ 3, 2017.

ഡോ. വി. ശശി കുമാർ

## ഡോ. വി. ശശി കുമാർ



ജനനം കോട്ടയത്തു്, 1953 ആഗസ്റ്റ് 10-ന്. കോട്ടയം എം. ടി. സെമിനാരി ഹൈസ്കൂൾ, ചങ്ങനാശേരി എസ്. ബി. കോളജ്, എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം. കൊച്ചി സർവ്വകലാശാലയിൽ നിന്ന് ഭൌതികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിൽ നിന്ന് ഫിസിക്കൽ എഞ്ചിനീയറിങ്ങിൽ എം. ടെക്. പിന്നീട്ട് കൊച്ചി സർവ്വകലാശാലയിൽ നിന്ന് ഭൌതിക ശാസ്ത്രത്തിൽ പി. എച്ച്. ഡി. വിഷയം അന്തരീക്ഷവൈദ്യുതി (Atmospheric Electricity). 1979 മുതൽ 2007 വരെ തിരുവനന്തപുരത്തു് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ അന്തരീക്ഷശാസ്ത്ര വിഭാഗത്തിൽ പ്രവൃത്തിയെടുത്തു. അന്തരീക്ഷവൈദ്യുതി, മഴയുടെ ഭൗതികശാസ്ത്രം എന്നീ വിഷയങ്ങളിലാണ് ഗവേഷണം നടത്തിയതു്. ഏതാണ്ട് 2003 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. രണ്ടു മക്കൾ, അക്ഷയ്, അയിഷ. ഇപ്പോൾ സ്വന്തമായി ഗവേഷണവും ശാസ്ത്രസാഹിത്യവും നടത്തുന്നു.

## ഉള്ളടക്കം

മുൻകുറിപ്പ് . . . . . . . . . . . . . . . . . . . . . . v

1 കണ്ണുനീർത്തുള്ളി . . . . . . . . . . . . . . . . . . . . . . 1

2 സ്വപ്നത്തിലെ പെൺകുട്ടി . . . . . . . . . . . . . . . . . . . . . . 21

3 പുനർജ്ജന്മം . . . . . . . . . . . . . . . . . . . . . . 25

4 ഒരസാധാരണയാത്ര . . . . . . . . . . . . . . . . . . . . . . 33

# 1

## കണ്ണുനീർത്തുള്ളി

ഞാൻ കൊളിൻ വിൽസന്റെ ഔട്ട്സൈഡർ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. മൂന്നാമത്തെ വായന. പത്തു വർഷമായിട്ടുണ്ടാകും ആദ്യം വായിച്ചിട്ട്. പുസ്തകം പഴഞ്ചനായിരിക്കാം. പക്ഷെ എന്തുകൊണ്ടോ അതെന്നെ വളരെ ആകർഷിച്ചു.

“എടാ, അനിയുടെ അമ്മച്ചിക്ക് വളരെ സീരിയസ്സാ. നമുക്കൊന്നു പോയി നോക്കിയേച്ചും വരാം.”

തലയുയർത്തി നോക്കിയപ്പോൾ ജോസഫ് ജനാലയ്ക്കു സമീപം നിൽക്കുന്നു. ഞങ്ങൾ സമപ്രായക്കാരാണ്. അയാളെന്നെ “എടാ” എന്നാണ് വിളിക്കാറ്. എന്തുകൊണ്ടോ ഞാനാരെയും എടാ എന്നോ എടീ എന്നോ വിളിക്കാറില്ല. ഒരു ശീലം എന്നു മാത്രം. എന്നുവെച്ച് ജോസഫ് എന്നെ അങ്ങനെ വിളിക്കുന്നതിൽ എനിക്കൊരു പരിഭവവും തോന്നിയിട്ടില്ല.

“ബാ, വന്നിരി. ഞാനൊന്നു വേഷം മാറട്ടെ. അമ്മയോടും പറയണം.”

“ഞാനിവിടെ നിക്കാം. നീയെളുപ്പം വേഷം മാറിയേച്ചു വാ.”

ഞാൻ വേഗം ലുങ്കി മാറ്റി മുണ്ടുടുത്ത് ഒരു ഷർട്ടുമിട്ട് അമ്മയോടു പറഞ്ഞിട്ട് പുറത്തിറങ്ങി. ജോസഫ് മിണ്ടാതെ നടന്നു.

ഞാനും അമ്മയും ഇങ്ങോട്ടു താമസം മാറ്റിയിട്ട് അധികം കാലമായിട്ടില്ല. ജോസഫാണ് അതിനു സഹായിച്ചത്. പഴയതെങ്കിലും നല്ല വീട്. ഏതാനും കസേരകളും രണ്ടു കട്ടിലും ഉൾപ്പെടെ കുറച്ചു ഫർണിച്ചറും വീടിനോടൊപ്പം കിട്ടി. പതിനഞ്ചു സെന്റോളം സ്ഥലം. നിറച്ചു മരങ്ങൾ. വേനൽക്കാലത്തു ചൂടേ അറിയില്ല. ഉടമസ്ഥർ ചെന്നൈയിൽ. ജോസഫാണ് വീടു വാടകയ്ക്കു കൊടുക്കുന്നതും കാര്യങ്ങളെല്ലാം നോക്കുന്നതും. ആളൊരു പരോപകാരിയും പൊതുപ്രവർത്തകനുമാണ്. സ്നേഹമുള്ള വിശ്വസിക്കാവുന്ന മനുഷ്യൻ. ഞങ്ങളൊരുമിച്ചാണ് സ്ഥലത്തെ കോളജിൽ പ്രവൃത്തിയെടുക്കുന്നത്. കക്ഷിയുടെ ക്ലാസിനേപ്പറ്റി അധികമൊന്നും പറയാനില്ല. ചരിത്രമാണു പഠിപ്പിക്കുന്നത്. ഭൂരിപക്ഷം

കുട്ടികൾക്കും ചരിത്രത്തിൽ വലിയ താൽപര്യമൊന്നുമില്ല. എന്തെങ്കിലും താൽപര്യമുണ്ടെങ്കിൽ അത് ഇഷ്ടന്റെ ക്ലാസുകഴിയുമ്പോൾ ഇല്ലാതാകും. പക്ഷെ എല്ലാവർക്കും ഇഷ്ടനെ ഇഷ്ടമാണ്. എന്ത് പ്രശ്നമുണ്ടെങ്കിലും ജോസഫിനോടു പറഞ്ഞാൽ മതി. പരിഹാരം ഉണ്ടായിരിക്കും. വെളിയിൽ നിന്നുള്ള വിദ്യാർത്ഥികളുടെ താമസം മുതൽ കോളജിലെ ഫങ്ഷനുകളുടെ നടത്തിപ്പു വരെ ജോസഫിനാണ്. എല്ലാ പ്രശ്നങ്ങളും നിസ്സാരമാണ്. അതുകൊണ്ടു തന്നെ ഇഷ്ടൻ ആരോട്ട് എന്താവശ്യപ്പെട്ടാലും അവർക്ക് കഴിയുമെങ്കിൽ അത് നടത്തിക്കൊടുക്കും. കക്ഷിയുടെ വീടിനു സമീപത്തേയ്ക്ക് താമസം മാറ്റിയപ്പോൾ എനിക്കും അമ്മയ്ക്കും ഭയമുണ്ടായിരുന്നു എന്നെയും പൊതുപ്രവർത്തനത്തിലേക്ക് വലിച്ചിഴയ്ക്കും എന്ന്. പക്ഷെ അയാൾ ഒരിക്കലും എന്നെ ശല്യം ചെയ്തിട്ടില്ല. ഞാൻ പൊതുവെ ഒരു ഇൻട്രോവേർട്ടാണ്. ഇംഗ്ലീഷാണ് പഠിച്ചതെങ്കിലും ഇംഗ്ലീഷിലെയും മലയാളത്തിലെയും സാഹിത്യ കൃതികൾ വായിച്ച് വീട്ടിലിരിക്കാനാണിഷ്ടം. പക്ഷെ ഇപ്പോൾ ജോസഫ് വന്നു വിളിച്ചപ്പോൾ പോകാതിരിക്കാൻ കഴിഞ്ഞില്ല. അതിനു കാരണമുണ്ട്.

ഞാൻ ഇവിടെ കോളജിൽ ജോലിക്ക് ചേർന്നിട്ട് അധികനാൾ കഴിഞ്ഞിട്ടില്ല. ഒരു ദിവസം ഞങ്ങളുടെ പ്യൂൺ എന്റെയടുത്തുവന്നു പത്തു രൂപ കടം ചോദിച്ചു. എന്തിനാണെന്നു പോലും ചോദിക്കാതെ ഞാൻ കൊടുക്കുകയും ചെയ്തു. അടുത്ത മാസം ശമ്പളം കിട്ടിയയുടൻ അയാൾ പണം മടക്കിത്തരാൻ വന്നു. ഞാനതു സ്വീകരിച്ചില്ല. അപ്പോൾ അയാൾ പറഞ്ഞു:

“സാർ ഇത് മേടിക്കണം. എനിക്കിനിയും ആവശ്യം വരുമ്പോൾ ചോദിക്കണ്ടതാണ്.”

“അതു സാരമില്ല. ചോദിക്കണ്ട എന്നു ഞാൻ പറഞ്ഞില്ലല്ലോ. അന്നുച്ചയ്ക്ക് ഊണു കഴിക്കാനല്ലേ കടം മേടിച്ചത്. ഞാൻ ഊണു മേടിച്ചു തന്നു എന്നു വിചാരിച്ചാൽ മതി.” അയാൾ കടം മേടിച്ചുകൊണ്ട് നേരെ കോളജ് കാന്റീനിലേക്കു പോകുന്നത് ഞാൻ കണ്ടിരുന്നു.

അനി അൽപനേരം മടിച്ചു നിന്നു. എന്നിട്ട് ഒന്നും മിണ്ടാതെ പോയി. ഇയാൾ പതിവായി കടം മേടിക്കുന്നയാളാണ്, ഇങ്ങനെ പണം കൊടുത്തു പഠിപ്പിക്കരുത് എന്നൊക്കെ എന്റെ സഹപ്രവർത്തകർ പറഞ്ഞു. അയാൾ പണം മടക്കി തന്നപ്പോൾ മേടിക്കാത്തതുകൊണ്ട് ഇനി അയാൾ ചോദിക്കില്ല എന്നൊരു ന്യായം ഞാൻ കണ്ടുപിടിച്ചു. സാറനുഭവിച്ചേ പഠിക്കൂ എന്നായിരുന്നു അവരുടെ മറുപടി.

അങ്ങനെയിരിക്കെ ഒരു ദിവസം മറ്റാരുമില്ലാത്ത സമയത്ത് അനി വീണ്ടും വന്നു. “സാറെന്നോട് ക്ഷമിക്കണം. എനിക്കൊരു ഇരുപതു രൂപ വേണം. അടുത്ത മാസം മടക്കിത്തന്നോളാം.” എന്നായിരുന്നു അനിയുടെ ഭാഷണം.

“എന്താ അനീ, ഊണിനു വില കൂടിയോ?” ഞാൻ ചോദിച്ചു.

“ഇല്ല സാർ, ഇത് അമ്മയ്ക്ക് മരുന്നു മേടിക്കാനാണ്.” അനി പറഞ്ഞു.

“എന്തു പറ്റി അമ്മയ്ക്ക്?”

“പ്രായമായതിന്റെ പ്രശ്നങ്ങളാണു സാർ. വാതത്തിന്റെയും ഒക്കെ പ്രശ്നമാ. കഷായം മേടി

ക്കണം."

അടുത്ത മാസവും അയാൾ പണം മടക്കിത്തരാൻ വന്നപ്പോൾ ഞാൻ മേടിച്ചില്ല. എനിക്കയാളോട്ട് അൽപം സഹതാപം തോന്നിയിരുന്നു. പിന്നെ എനിക്കാണെങ്കിൽ എന്റെ ശമ്പളം തന്നെ മിച്ചമാണ്. വലിയ ചെലവുകളൊന്നുമില്ല. കുടുംബസ്വത്തിൽ നിന്നു കഴിഞ്ഞുകൂടാനുള്ള വകയൊക്കെ കിട്ടും. പിന്നെ ഞാനെന്തിന് ഈ പത്തോ ഇരുപതോ രൂപ ഇയാളോട്ട് തിരികെ മേടിക്കണം? നിശ്ചയമായും അയാൾക്ക് സ്വന്തം വരുമാനം കൊണ്ട് കാര്യങ്ങളെല്ലാം നടത്താൻ പറ്റുന്നില്ല. അങ്ങനെ എല്ലാ മാസവും പത്തോ ഇരുപതോ അമ്പതോ രൂപ അനി മേടിക്കുന്നതു പതിവായി.

അങ്ങനെയിരിക്കെയാണ് പുതിയ വീട്ടിലേക്ക് ഞാനും അമ്മയും താമസം മാറ്റിയത്. എല്ലാം ജോസഫാണ് ചെയ്തു തന്നത്. അയാൾ പറഞ്ഞതനുസരിച്ച് രണ്ടു പേർ വന്നു സാധനങ്ങളെല്ലാം ഭദ്രമായി വണ്ടിയിൽ കയറ്റി പുതിയ വീട്ടിൽ കൊണ്ടുവന്ന് ഓരോന്നും വേണ്ട സ്ഥലങ്ങളിൽ വച്ചു തന്നു. ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല എന്നു മാത്രമല്ല വളരെ ന്യായമായ കൂലി മാത്രമെ അവർ ചോദിച്ചതുമുള്ളു. പുതിയ സ്ഥലത്തേക്കു താമസം മാറ്റിയതാണെങ്കിലും അമ്മയ്ക്ക് അന്നുതന്നെ അടുക്കളയിൽ പാചകം ചെയ്യാൻ കഴിഞ്ഞു എന്നുള്ളതു തന്നെ പണിക്കാരുടെ സഹകരണത്തിന്റെ ലക്ഷണമാണ്.

ഏതാണ്ട് ഒമ്പതു മണി ആയപ്പോൾ അത്താഴം കഴിച്ചു മുറ്റത്ത് ഉലാത്തുകയായിരുന്നു ഞാൻ. അപ്പോൾ മുൻപിലത്തെ വഴിയിലൂടെ ആരോ ഉറക്കെ എന്തോ പറഞ്ഞുകൊണ്ടു വരുന്നതു കേട്ടു. മദ്യപിച്ച് പറയുന്നതു വ്യക്തമല്ലാത്ത നിലയായിരുന്നെങ്കിലും ആരെയൊക്കെയോ ചീത്ത പറയുകയാണെന്നു തോന്നി. ആ പ്രദേശത്തുള്ളവരെ തീരെ പരിചയമില്ലാതിരുന്നതു കൊണ്ട് ഞാൻ പോയി നോക്കിയില്ല. പക്ഷെ ഇത് അടുത്ത ദിവസങ്ങളിലും തുടർന്നു. ഒരു ദിവസം, ചെറുതായി നിലാവു കണ്ടു തുടങ്ങിയപ്പോൾ ഒരാൾ വഴിയുടെ "വീതി അളന്നുകൊണ്ട്" കടന്നു പോകുന്നതുകണ്ടു. പിന്നീട് നല്ല നിലാവുള്ള ഒരു ദിവസം ഇതാരാണെന്നു പോയി നോക്കാൻ ഞാൻ തീരുമാനിച്ചു. ശബ്ദം ദൂരെ നിന്നു കേട്ടപ്പോഴേ ഞാൻ ഗേറ്റിന്റെ അടുത്തു പോയി നിഴലത്തു നിന്നു. അയാൾ നടന്നടുത്തപ്പോൾ രൂപം പരിചിതമാണെന്നു തോന്നി. വീതി കുറഞ്ഞ വഴി ആയതിനാലും മരങ്ങൾക്കിടയിലൂടെ ചിതറി വരുന്ന നിലാവു മാത്രമായിരുന്നു വെളിച്ചം പകർന്നത് എന്നതുകൊണ്ടും അടുത്തെത്തിയ ശേഷമാണ് ആളെ തിരിച്ചറിഞ്ഞത്.

"അനീ!" ഞാൻ വിളിച്ചു.

അയാൾ പെട്ടെന്നവിടെ നിന്ന് എന്നെ സൂക്ഷിച്ചു നോക്കി."അയ്യോ സാറോ!" എന്നല്ലാതൊരു ശബ്ദവും പിന്നെ അയാളുടെ വായിൽ നിന്നു വന്നില്ല. മദ്യത്തിന്റെ കെട്ട് പകുതിയും വിട്ടതുപോലെ. അയാൾ കുറേക്കൂടി ഉറച്ച കാൽവയ്പോടെയെങ്കിലും ആടിയാടിത്തന്നെ മിണ്ടാതെ പോയി.

അടുത്ത ദിവസം അനി കോളജിൽ വന്നില്ല. വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അനിയവിടെ നിൽക്കുന്നു, അമ്മയോടു സംസാരിച്ചുകൊണ്ട്. ഞാനെന്തെങ്കിലും പറയുന്നതിനു

മുമ്പ് അമ്മ പറഞ്ഞു:

“എടാ, ദേ ഇവൻ ഒരു നേന്ത്രക്കുല കൊണ്ടുവന്നു വെച്ചിരിക്കുന്നു. വേണ്ടെന്നു പറഞ്ഞിട്ടൊന്നും കേൾക്കുന്നില്ല. നിന്റെ കോളജിലെ പ്യൂണാണെന്നു പറഞ്ഞു. നീ ഒത്തിരി സഹായിച്ചിട്ടുണ്ടെന്നും ഒക്കെ പറഞ്ഞു.”

അനിയെ ശകാരിക്കാൻ ഉദ്ദേശിച്ച എനിക്ക് പെട്ടെന്ന് എന്തു പറയണം എന്നറിഞ്ഞില്ല.

“ഇത് ഞങ്ങടെ പറമ്പിൽ കൊലച്ചതാ സാറേ. സാറൊന്നും പറയണ്ട. എടുത്തു വെച്ചാട്ടെ. വറക്കാനും പഴുപ്പിക്കാനും എല്ലാത്തിനും നല്ലതാ. നാടനാ. ഒരു രാസവളോം ഇടാത്തതാ. നല്ല സ്വാദൊള്ളതാ സാറേ. സാറെന്നെ വഴക്കു പറയും എന്നെനിക്കറിയാം. അതു ഞാൻ കേട്ടോളാം. ഇപ്പൊ ഞാൻ പോട്ടേ സാറേ. അമ്മയ്ക്ക് കഷായം കൊടുക്കാൻ സമയമായി.”

എന്തു പറയണമെന്ന് ആലോചിക്കുമ്പോഴേക്ക് അനി അപ്രത്യക്ഷനായി. “പാവം ചെറുക്കൻ.” അമ്മ പറയുന്നതു കേട്ടു. “നിനക്കറിയുവോ, അവന്റെ അമ്മ തീരെ സുഖമില്ലാതെ കെടക്കുവാ. അവൻ മാത്രമേയുള്ളു കൂടെ. രണ്ടു പെങ്ങമ്മാരുള്ളതിനെ കെട്ടിച്ചു വിട്ടു. അവരാരും തിരിഞ്ഞുനോക്കുന്നില്ല. ഇവിടെ വന്നാത്തന്നെ ഒള്ളതു വല്ലതും കൈക്കലാക്കാനാണത്രെ അവരുടെ ശ്രമം.”

“അയാൾ വല്ലതും പറയുന്നതൊക്കെ അമ്മയങ്ങു വിശ്വസിച്ചോ? അതിലെത്ര നേരാണോ എന്തോ. അയാളൊരു പാവമായിട്ടാ ആദ്യമൊക്കെ എനിക്കും തോന്നിയെ. പക്ഷെ ഇന്നലെയാ ഞാൻ കണ്ടുപിടിച്ചെ അയാളാ ഇതിലേ രാത്രീൽ കള്ളും കുടിച്ച് ചീത്തേം വിളിച്ചോണ്ടു പോകുന്നതെന്ന്. അതുകൊണ്ടായിരിക്കും അയാളിന്ന് കോളജിൽ വരാഞ്ഞതും വാഴക്കൊല കൊണ്ടുവന്നു തന്നതുമൊക്കെ. ചെലപ്പൊ കള്ളം പറഞ്ഞതായിരിക്കും, അമ്മേടെ സിമ്പതി കിട്ടാൻ.”

“എന്തോ, എനിക്കങ്ങനെ തോന്നുന്നില്ലെടാ. അവൻ കള്ളുകുടിക്കുന്നുണ്ടായിരിക്കും, പക്ഷെ ആളു പാവമാ. അവനെ എന്തോ ഒത്തിരി വെഷമിപ്പിക്കുന്നുണ്ട്. ങാ, അതു പോട്ടെ. നീ വന്നു കാപ്പി കുടിക്ക്.” എന്നു പറഞ്ഞ് അമ്മ അകത്തേക്ക് കയറിപ്പോയി. അമ്മയ്ക്ക് ആളുകളെ വിലയിരുത്തുന്നതിൽ സവിശേഷ കഴിവാണ്. ആദ്യമായി കാണുന്നവരേപ്പോലും അമ്മ വിലയിരുത്തുന്നത് വളരെ ശരിയായിട്ടാണെന്നു പലപ്പോഴും അനുഭവം തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ പിന്നെയൊന്നും പറഞ്ഞില്ല.

അന്നും രാത്രിയിൽ അനിയുടെ ചീത്തവിളി ദൂരെ കേട്ടു. പക്ഷെ എന്റെ താമസസ്ഥലത്തിനു വളരെ മുമ്പുതന്നെ അയാൾ നിശ്ശബ്ദനായി. ഇതൊഴിച്ചാൽ അനിയുടെ പതിവു കാര്യങ്ങളിൽ മറ്റൊരു മാറ്റവും ഉണ്ടായില്ല. അങ്ങനെ ദിവസങ്ങൾ കടന്നുപോയി.

എനിക്ക് ചെടികൾ നട്ടുപിടിപ്പിക്കാൻ ഇഷ്ടമാണ്. വെണ്ട, ചീര, പാവൽ തുടങ്ങിയ പച്ചക്കറികളും പൂച്ചെടികളും ഞാൻ പറമ്പിൽ നടാറുണ്ട്. അതിൽനിന്നുള്ള ഫലങ്ങൾ ഉപയോഗിക്കാൻ വേണ്ടിയല്ല. ഒരു സന്തോഷം എന്നുമാത്രം. ചെടികൾ വളർന്നുവരുന്നതു കാണുന്നതിലും അവയെ പരിരക്ഷിക്കുന്നതിലും തന്നെ എനിക്ക് വലിയ സന്തോഷം കണ്ടെ

ത്താനായി. പല ദിവസങ്ങളിലും വൈകുന്നേരത്തും അവധിദിവസങ്ങളിൽ കാലത്തും മറ്റും ഞാൻ പറമ്പിൽ പണിയെടുക്കാറുണ്ട്. അങ്ങനെ ഒരു ഞായറാഴ്ച കാലത്ത് ചീരയുടെ തൈകൾ പറിച്ചുനടാൻ തടമെടുക്കുമ്പോഴാണ് അനിയെ പിന്നീട് കാണുന്നത്. വാഴക്കുല കൊണ്ടുവന്നതിനു ശേഷം മൂന്നാഴ്ചയോളം കഴിഞ്ഞിരിക്കും.

"അങ്ങനെ പോര സാറേ. മണ്ണു നല്ലോണ്ണം എളകണം. എന്നിട്ടു കൊറച്ച് ചാണകപ്പൊടീം ചാരോമൊക്കെ ചേർത്തുവെച്ചാ നല്ലോണ്ണം വളരും." എന്നു പറഞ്ഞുകൊണ്ടാണ് പ്രത്യക്ഷപ്പെട്ടത്.

"ഓ വന്നോ പിന്നേം. എവിടെയായിരുന്നു കൊറച്ചു നാളായിട്ട്? ഇപ്പൊ കടമൊന്നും വേണ്ടേ? അതോ കള്ളുകുടിക്കാൻ വേറെ വരുമാനം വല്ലതും കിട്ടിയോ?" എന്തുകൊണ്ടോ എന്റെ ദേഷ്യമൊക്ക കുറേ പോയിരുന്നു.

"ഞാനെവടെ പോകാനാ സാറേ. സാറിപ്പൊ ആ മമ്മട്ടിയിങ്ങു താ. ഞാൻ ശരിയാക്കിത്തരാം." എന്റെ ചോദ്യങ്ങൾ കേട്ടില്ല എന്ന മട്ടിലായിരുന്നു കക്ഷിയുടെ മറുപടി.

"വേണ്ട. ഇതെനിക്കു തന്നെ ചെയ്യണം. എന്തു നടാനാന്നാ അനിയുടെ വിചാരം?"

"ആ ചീരത്തൈകൾ പറിച്ചു നടാനല്ലേ? ഞാൻ കണ്ടു ചട്ടിയിൽ പൊടിച്ചു നിക്കുന്നത്. രണ്ടുമൂന്നു ദിവസം മുമ്പേ പറിച്ചു നടാമായിരുന്നു. സാറു വെട്ടീട്ടു മണ്ണിൽ വെട്ടേശ്ശുന്നില്ല. ഇതൊക്കെ ഞങ്ങളേപ്പോലൊള്ളവർക്ക് പറഞ്ഞിരിക്കുന്ന പണിയാ. ഞാൻ ചെയ്തു തരാം."

"ഞാൻ ചെയ്താലും പറ്റുമോന്നു നോക്കട്ടെ. ദാ കണ്ടോ, ആ വെണ്ടേം പാവലും മൊളകുമൊക്കെ ഞാൻ തന്നെ വെച്ചതാ." ഞാൻ അഭിമാനത്തോടെ പറഞ്ഞു.

"സാറെന്റെ വീട്ടി വന്നു നോക്ക് എങ്ങനെയാ നിക്കുന്നേന്ന്. എന്നിട്ടു പറഞ്ഞോ."

"ഓഹാ നീയോ. ഞാനോർത്തു ആരാന്ന്." അത് അമ്മയായിരുന്നു. പതിവായി കാണുന്ന ഒരാളിനോടെന്നപോലെയായിരുന്നു അമ്മയുടെ സംസാരം. അമ്മയങ്ങനെയാണ്. ഒരാളെ ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ പിന്നെ ഒരടുത്ത സുഹൃത്തിനെയോ മക്കളെയോ പോലെയാണ് അമ്മയുടെ പെരുമാറ്റം. "നീയിങ്ങു വന്നേ. എടാ നീയും കൈയും കാലും കഴുകീട്ടു വന്നിട്ട് ആഹാരം കഴിക്ക്. പിന്നെയാവാം കെളക്കലും പിടിക്കലുമൊക്കെ." അവസാനത്തെ ഭാഗം എന്നോടായിരുന്നു. അമ്മയ്ക്കറിയാം ഞാനീ പണിയിൽ മുഴുകിപ്പോയ്ക്കഴിഞ്ഞാൽ പിന്നെ ഉച്ചയാവും വിശപ്പറിയാൻ എന്ന്. അനി വന്നതുമൂലം ഉണ്ടായ ഡിസ്റ്റാക്ഷനും അമ്മയുടെ വിളിയും കൂടിയായപ്പോൾ ഞാൻ തൽക്കാലം പണി നിർത്താൻ തീരുമാനിച്ചു.

ഞാൻ കൈയും കാലും കഴുകി അകത്തേയ്ക്കു ചെന്നപ്പോൾ അമ്മ മേശപ്പുറത്തേക്ക് ആഹാരം കൊണ്ടുവരികയായിരുന്നു. ഞാൻ മേശക്കരികിൽ ഇരുന്നിട്ട് അമ്മയോടു ചോദിച്ചു അനി എവിടെ എന്ന്.

“സാധനങ്ങൾ പാക്ക് ചെയ്തു കൊണ്ടുവന്ന കാഡ്ബോഡ് പെട്ടികളൊക്കെ അവിടെ കെടക്കുവാ. എല്ലാമൊന്നു വൃത്തിയാക്കാൻ പറഞ്ഞു. നിന്നോടു പറഞ്ഞിട്ടു കാര്യമില്ലല്ലോ. എത്ര നാളായി അവിടെത്തന്നെ കെടക്കുന്നു.” അമ്മയ്ക്ക് മറ്റൊരു മകനെ കിട്ടിയതുപോലെയായിരുന്നു. എന്നിട്ട് “എടാ അനീ, ഇങ്ങു വാ.” എന്നു പറഞ്ഞുകൊണ്ട് അടുക്കള ഭാഗത്തേയ്ക്ക് പോയി.

“എന്താ അമ്മച്ചീ?” എന്നു ചോദിച്ചുകൊണ്ട് അനി അടുക്കളയിലെത്തി.

“വാ, നീയും വന്നു വല്ലോം കഴിക്ക്. എന്നിട്ടു മതി ബാക്കി പണി.” അമ്മ പറഞ്ഞു.

“അയ്യോ അമ്മച്ചീ, എനിക്കൊന്നും വേണ്ട. ഞാൻ കഴിച്ചിട്ടാ വന്നെ.” അനി പറഞ്ഞു.

“ഞാൻ നിന്നോട് ചോദിച്ചില്ലല്ലോ. വന്നു വല്ലതും കഴിക്കു ചെറുക്കാ. പട്ടിണി കെടന്ന് പണിയെടുത്തിട്ട് ഒരു കാര്യോമില്ല.”

അനി ഒന്നും പറഞ്ഞില്ല. അമ്മ അനിയേയും കൂട്ടി ഡൈനിങ്ങ് റൂമിലേക്ക് വന്നു. അനിയുടെ മുഖം ഞാൻ ശ്രദ്ധിച്ചു. അയാൾ എന്റെ മുഖത്തേക്ക് നോക്കുന്നതേയില്ല. അയാൾ യഥാർത്ഥത്തിൽ ഒന്നും കഴിച്ചിട്ടില്ല എന്നും അമ്മ അത് കണ്ടുപിടിച്ചതിലുള്ള അത്ഭുതവും എന്റെ മുന്നിൽ അതു സമ്മതിക്കേണ്ടി വന്നതിലുള്ള ചമ്മലും അയാളുടെ മനസിൽ സംഘർഷം സൃഷ്ടിക്കുന്നു എന്നും മുഖം കണ്ടപ്പോൾ എനിക്കു തോന്നി.

അമ്മ എനിക്കരികിലായി അനിക്കും ഇഡ്ഡലി വിളമ്പി. അനി ആ പ്ലേറ്റുമെടുത്തുകൊണ്ട് വീടിന്റെ പുറകിലേക്ക് പോകാനൊരുങ്ങി.

“നീയതെടുത്തോണ്ട് എങ്ങോട്ടു പോകുവാ? അവിടെയിരുന്നു കഴിക്ക്.” അമ്മ പറഞ്ഞു.

“അയ്യോ, സാറിനോടൊപ്പമിരുന്നു ഞാനെങ്ങനെ കഴിക്കും? അതു വേണ്ട. ഞാനപ്പുറത്തിരുന്നു കഴിച്ചോളാം.” അനി പറഞ്ഞു.

“ഞാൻ കടിക്കുന്ന ജന്തുവൊന്നുമല്ല കേട്ടോ. ഒരു പാവം മനുഷ്യനാ.” ഞാൻ പറഞ്ഞു.

“അങ്ങനെയല്ല സാർ, ഞങ്ങളങ്ങനെയൊന്നും ശീലിച്ചിട്ടില്ല. ഞാനപ്പുറത്തിരുന്നു കഴിച്ചോളാം.”

“ഇരിയെടാ അവടെ.” അത് അമ്മയുടെ വക. “ഞാനൊന്നു നോക്കട്ടെ എന്തു സംഭവിക്കുമെന്ന്.”

അനി നിശ്ശബ്ദനായി അടുത്തുള്ള കസേരയിലിരുന്ന് ഇഡ്ഡലി തിന്നു. അമ്മ അനിയേക്കൊണ്ട് ആറോ ഏഴോ എണ്ണം തീറ്റിച്ചു. അനി മുഖമുയർത്തി നോക്കിയതുപോലുമില്ല. അനിയുടെ കണ്ണുകൾ നിറഞ്ഞിരുന്നത് ചമ്മന്തിയുടെ എരിവു കാരണമായിരുന്നു എന്നെനിക്കു തോന്നിയില്ല. അമ്മ പറഞ്ഞതുപോലെ ആളൊരു സാധുവാണെന്നു തോന്നി.

ഈ സംഭവത്തോടെ അനി അമ്മയുടെ ഒരാരാധകനായി മാറി. അവരുടെ പറമ്പിൽ നിന്ന് കപ്പ, ചേന, ചീര, കായ് എന്നിങ്ങനെ പലതും അമ്മയുടെ അടുക്കളയിലെത്തി. സാധ

നങ്ങൾ വാങ്ങിക്കൊണ്ടുവരിക തുടങ്ങി ഞാൻ ചെയ്തിരുന്ന പല ജോലികളും അനി ഏറ്റെടുത്തു. എനിക്കു കോളജിലെ ലൈബ്രറിയിലും നാട്ടിലെ വായനശാലയിലും ഒക്കെ ചെലവഴിക്കാൻ കൂടുതൽ സമയം കിട്ടി. അമ്മ അനിക്ക് പണവും കൊടുക്കുമായിരുന്നു എന്നു തോന്നുന്നു. പക്ഷെ രാത്രിയിലുള്ള കുടിയും ചീത്തവിളിയും മാത്രം മാറിയില്ല. ഞങ്ങളുടെ വീടെത്തുന്നതിനു വളരെ മുൻപുതന്നെ ശബ്ദം നിലയ്ക്കും എന്നുമാത്രം.

അങ്ങനെയുള്ള അനിയുടെ അമ്മയ്ക്ക് അസുഖം കൂടുതലാണെന്നറിഞ്ഞാൽ എനിക്കു പോകാതിരിക്കാൻ കഴിയുമോ?

ഞാനാദ്യമായാണ് അനിയുടെ വീട്ടിൽ പോകുന്നത്. അനി വീട്ടിലെ സ്ഥിരം സന്ദർശകനാവുകയും അമ്മയ്ക്കൊരു മകനേപ്പോലെ ആയിത്തീരുകയും ചെയ്തിരുന്നു എങ്കിലും ഞാനൊരിക്കലും അവിടെ പോയില്ല. അനി വിളിച്ചുമില്ല. അനിയെ ഞാനറിയുന്ന കാലം തൊട്ട് അയാളുടെ അമ്മ സുഖമില്ലാതെ കിടപ്പാണ്. രോഗസ്ഥിതിയിൽ വലിയ മാറ്റമൊന്നും ഉണ്ടാകാതിരുന്നതിനാൽ പോയി കാണാൻ ഇതുവരെ വിശേഷിച്ചൊരു കാരണമുണ്ടായില്ല. സാധാരണഗതിയിൽ അമ്മ പറയുന്നതാണ്, 'എടാ, നീയവിടം വരെ ഒന്നു പോയി നോക്കീട്ടു വാ' എന്ന്. അതും ഉണ്ടായില്ല. ഇന്നുതന്നെ ഞാൻ അമ്മയോടു പറഞ്ഞപ്പോൾ അമ്മ ഒന്നും പറഞ്ഞില്ല. "ദൈവമേ, അവരെ കഷ്ടപ്പെടുത്തരുതേ" എന്നൊരു മനോഗതം മാത്രം.

നേരം സന്ധ്യയോടടുക്കുന്നതേയുള്ളു. രാത്രിയിൽ അനി മദ്യപിച്ചുകൊണ്ടു പോകുന്ന ദിശയിൽ ഞാൻ ആദ്യമായി നടന്നപ്പോൾ എന്തോ സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ. വാസ്തവത്തിൽ ജോസഫ് വന്നു വിളിച്ചപ്പോൾതന്നെ മനസ്സിൽ ഉദിച്ചതാണ്. ഓരോ നിമിഷം കഴിയുംതോറും അത് ശക്തിയാർജ്ജിച്ചുവന്നു. എന്തുണ്ടാകാം എന്നാലോചിച്ചിട്ട് പരിഭ്രമിക്കാൻ ഒരു കാര്യവും കണ്ടില്ല. പക്ഷെ ആ പരിഭ്രമം മനസിൽനിന്നു മാറ്റാനും കഴിഞ്ഞില്ല.

ഞാൻ താമസിക്കുന്ന വീട്ടിൽനിന്ന് മൂന്നാലു പറമ്പുകൾക്കപ്പുറം ഒരു ചെറിയ പടിപ്പുര കടന്നു ജോസഫ് നടന്നു. പുറകെ ഞാനും. പടിപ്പുരയിൽനിന്ന് ഏതാണ്ട് മുപ്പതടി ദൂരത്തിൽ ഒരു പഴയ വീട്. പണ്ട് ഓടു മേഞ്ഞതായിരുന്നിരിക്കണം. കുറേ ഭാഗത്ത് ഇപ്പോൾ ഓലയാണ്. മുന്നിലെ വരാന്തയിലേക്കു കയറി ജോസഫ് ചോദിച്ചു,

"ഇവിടെയാരുമില്ലേ?"

ഉള്ളിലെ ഇരുട്ടിൽ അനക്കം കേട്ടു. ചെവിയിൽ വലിയ വളയങ്ങളണിഞ്ഞ ഒരു സ്ത്രീ പുറത്തേക്കു വന്നു. പ്രായമായ ഒരു മുസ്ലിം സ്ത്രീ. കാഴ്ച മങ്ങിയിട്ടുണ്ട്. ജോസഫിനെ സൂക്ഷിച്ചു നോക്കി.

"സാറാണോ. അവനിവിടെയില്ല." എന്നു പറഞ്ഞു. അപ്പോഴാണവർ എന്നെ ശ്രദ്ധിച്ചത്. അവരെന്നെയും സൂക്ഷിച്ചു നോക്കി. രണ്ടു നിമിഷമെടുത്തു മനസിലാകാൻ.

"അയ്യോ, സാറുമുണ്ടോ! ഇങ്ങോട്ടിരുന്നാട്ടെ. ഞാനൊരു സ്റ്റൂളെടുത്തോണ്ടു വരാം." എന്നു

പറഞ്ഞു് അവർ അകത്തോട്ടു പോകാനൊരുങ്ങി. ജോസഫ് അവരെ വിലക്കി. ഞാനവരെ കണ്ടിട്ടേയില്ല. പക്ഷെ അവർക്കെന്നെ മനസിലായിരിക്കുന്നു. എനിക്കതുതന്നെ ഒരത്ഭുതമായി.

“അതൊന്നും വേണ്ടുമ്മ. എങ്ങനൊണ്ടിപ്പൊ?”

“ഒരു ബോധോമില്ലാണ്ടു് കെടക്കുവാ സാറേ. വായിക്കൂടാ ശ്വാസം വിടുന്നെ. എടക്കെടയ്ക്കു് കണ്ണീന്നു് വെള്ളോം വന്നോണ്ടിരുന്നു. ഇപ്പൊ അതുമില്ല. ഇതുവരെ അപ്പറത്തെ മറിയാമ്മ ഒണ്ടായിരുന്നു. ഞാൻ വന്നപ്പൊ അവർ പോയി. വേണങ്കി പിന്നെ വരാംന്നു് പറഞ്ഞു. ആ ചെറുക്കൻ വരുന്നതുവരെ ഞാനിരിക്കാംന്നു വിചാരിച്ചു. പിന്ന അവരുടെ ആളുകളൊക്കെ എത്തുവല്ലൊ.”

“എടാ വാ. നമുക്കൊന്നു കേറി കാണാം.” എന്നു പറഞ്ഞു് ജോസഫ് അകത്തേയ്ക്കു് കടന്നു. പിന്നാലെ ഞാനും.

മുറിയിൽ ഒരു റാന്തലിന്റെ വെളിച്ചം മാത്രം. ഒരു കട്ടിലിൽ വിരിച്ച പായിൽ ശോഷിച്ച് എല്ലും തോലും മാത്രമായ ഒരു സ്ത്രീ കിടക്കുന്നു. അവരുടെ മുഖം കണ്ടാൽ പേടിയാകും. ഒരു തലയോട്ടി പോലെ. കുഴിഞ്ഞ കണ്ണുകളും പകുതി തുറന്ന വായിലെ ദ്രവിച്ച പല്ലുകളും റാന്തൽ വീശുന്ന നിഴലുകളും കൂടിയായപ്പോൾ എനിക്കു നോക്കി നിൽക്കാൻ കഴിഞ്ഞില്ല. ആരായാലും ഒരു ദിവസം ഈ നിലയിൽ ആയിക്കൂടെന്നില്ല. എന്നിട്ടും ആരോഗ്യമുള്ളപ്പോൾ എന്താണു് ചിലരുടെ അഹങ്കാരം!

ഞാനാ മുറിക്കുചുറ്റും ഒന്നു കണ്ണോടിച്ചു. വീടു നോക്കാൻ ആരുമില്ലാത്തതിന്റെ എല്ലാ ലക്ഷണങ്ങളുമുണ്ടു്. മാറാലയടിച്ചിട്ടു് മാസങ്ങൾ കഴിഞ്ഞിരിക്കണം. തടികൊണ്ടുണ്ടാക്കിയ ഒരു പഴയ അലമാരി. ഒരു പൊക്കമുള്ള സ്റ്റൂളിന്റെ പുറത്തു് റാന്തൽ. കട്ടിലിനു സമീപം മറ്റൊരു സ്റ്റൂൾ. അതിലായിരിക്കണം ഉമ്മ ഇരുന്നിരുന്നതു്. അകത്തേയ്ക്കു് രണ്ടു വാതിലുകൾ. അവയിലൊന്നു് അടച്ചിട്ടിരിക്കുന്നു. മറ്റേ വാതിലിൽ കൂടി ഇരുട്ടു മാത്രം കാണാം.

“ഉമ്മാ, ഞങ്ങൾ പോയിട്ടുവരാം. ഞാനിവിടെയുണ്ടാകും. അവരൊക്കെ എത്തുമ്പോൾ ഞാനുണ്ടായേ പറ്റൂ.” ജോസഫ് പറയുന്നതു കേട്ടു.

“അള്ളാ, ഓരെ കഷ്ടപ്പെടുത്താണ്ടെയങ്ങു് എടുത്തോണ്ടാൽ മതിയാർന്നു. ഇന്നിനി എന്തൊക്കെ പുഹിലാണോ നടക്കാൻ പോണതു്!”

“നിങ്ങൾ വെഷമിക്കാണ്ടിരി. അവനെത്തുമ്പോഴേക്കു് ഞാനും വരും. വാടാ, നമുക്കിറങ്ങാം.” എന്നു പറഞ്ഞു് ജോസഫ് ഇറങ്ങി. പുറകെ ഞാനും.

ജോസഫ് ആകപ്പാടെ ചിന്തയിലാണ്ടിരിക്കുകയായിരുന്നു. പടി കടന്നപ്പോൾ ഞാൻ ചോദിച്ചു,

“എന്താ ജോസഫേ അവരങ്ങനെയൊക്കെ പറഞ്ഞെ? എന്തു പുഹിലാ ഉണ്ടാകാൻ പോകുന്നെ?”

കുറച്ചു നേരത്തേക്ക് ജോസഫ് ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു:

“എടാ, നിനക്കറിയാൻ വയ്യാത്ത ചില കാര്യങ്ങളുണ്ട്. ഇനിയിപ്പൊ നീയതൊക്കെ അറിഞ്ഞേ പറ്റൂ. ഞാൻ പറയുന്നതു് ശ്രദ്ധിച്ചു കേൾക്ക്. നിന്റെ ബുദ്ധിയിൽ വല്ലതും ഉദിച്ചാൽ ഒരു പക്ഷെ അതു് സഹായകമാകും.”

“അനിക്ക് മൂന്നു പെങ്ങമ്മാരാണുള്ളതു്. നീ രണ്ടു പേരേപ്പറ്റിയല്ലേ കേട്ടിട്ടുള്ളൂ. അവർ അനിയുടെ മൂത്തതാണ്. രണ്ടുപേരെയും അനിയുടെ അച്ഛനുണ്ടായിരുന്നപ്പോൾ കെട്ടിച്ചു വിട്ടതാണ്. മൂന്നാമത്തവൾ അനിയുടെ ഇളയതാണ്. അവളും അനിയും തമ്മിൽ പ്രായത്തിൽ നല്ല വ്യത്യാസമുണ്ട്. അവർക്കിടയിൽ ഒരു കുട്ടി ജനിച്ച ഉടനെ തന്നെ മരിച്ചു പോയിരുന്നു. അനി അവളെ കുട്ടിക്കാലത്ത് എടുത്തുകൊണ്ട് നടക്കുകയും ഒക്കെ ചെയ്യുമായിരുന്നു. അവന് അനിയത്തിയും അവൾക്ക് അവനും ജീവനായിരുന്നു. അവൾ പഠിക്കാൻ സമർത്ഥയായിരുന്നു. നല്ല മാർക്കുവാങ്ങി പ്രീഡിഗ്രി പാസായി. ഡോക്ടറാവണം എന്നായിരുന്നു അവളുടെ ആഗ്രഹം. മെഡിസിൻ എൻട്രൻസിനു സാമാന്യം നല്ല റാങ്കുണ്ടായിരുന്നു. ഒടുവിൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ തന്നെ അഡ്മിഷൻ കിട്ടി. മൂത്ത രണ്ടു പെണ്മക്കളെയും കെട്ടിച്ച് അയച്ചപ്പോൾത്തന്നെ അവരുടെ അച്ഛന് സാമ്പത്തികമായി കഷ്ടപ്പാടായെങ്കിലും മകൾ ഡോക്ടറായി കാണാനുള്ള ആഗ്രഹം കൊണ്ട് അങ്ങേർ എങ്ങനെയൊക്കെയോ പണം കണ്ടുപിടിച്ചു. ഫർണിച്ചറുണ്ടാക്കി വിൽക്കുകയും മറ്റുമായിരുന്നു അങ്ങേരുടെ പണി. അനി പഠിക്കുന്നതിനു മോശമായിരുന്നതു കൊണ്ടാവാം അവനും പണിയെടുത്തു കാശുണ്ടാക്കി അവളെ പഠിക്കാൻ സഹായിച്ചു. അവനാണ് തിരുവനന്തപുരത്തു പോയി അവളെ കാണുകയും പണം കൊണ്ടുകൊടുക്കുകയും ഒക്കെ ചെയ്തുകൊണ്ടിരുന്നതു്. അനി വിവാഹം കഴിക്കാതിരുന്നതു് അനിയത്തിയുടെ വിവാഹം കഴിഞ്ഞു മതി എന്നു പറഞ്ഞാണ്. എന്നാൽ അവന്റെ ചേച്ചിമാർക്ക് അവരുടെ അച്ഛനമ്മമാർ അനിയത്തിക്ക് കൊടുത്തിരുന്ന അധിക വാത്സല്യം തീരെ ഇഷ്ടമായിരുന്നില്ല.”

ഇതിനിടെ ഞങ്ങൾ നടന്ന് എന്റെ വീട്ടിലെത്തി. ഞങ്ങൾ അകത്തു കയറി മുൻവശത്തെ മുറിയിലിരുന്നു. മുൻപിൽ അഴിയിട്ട ഒരു വരാന്തയായിരുന്നു അതു്. ആ നാട്ടിൽ ആരും മുൻപിലത്തെ വാതിൽ അടച്ചിടുന്ന പതിവില്ലാതിരുന്നതിനാൽ കതകു തുറക്കാൻ എനിക്ക് അമ്മയെ വിളിക്കേണ്ടി വന്നില്ല. അവിടെയിരുന്നാൽ വഴിയെ പോകുന്നവരെ കാണാം എന്നും അനിയോ മറ്റു ബന്ധുക്കളോ വരുന്നെങ്കിൽ അറിയാമെന്നും ജോസഫ് പറഞ്ഞതനുസരിച്ച് അവിടെയിരുന്ന് സംസാരം തുടർന്നു.

“ഏതാണ്ട് രണ്ടുകൊല്ലം മുമ്പ് ഒരു ദിവസം അവൾ മടങ്ങിവന്ന് വീട്ടിലിരുപ്പായി. ആഹാരമൊന്നും ചൊവ്വേനേരെ കഴിക്കുന്നുമില്ല, ആരെന്തു ചോദിച്ചാലും കരച്ചിലും. വീട്ടുകാരൊക്കെ വലിയ വിഷമത്തിലായി. അവളുടെ ചേച്ചിമാരും അവരുടെ ഭർത്താക്കന്മാരുമൊക്കെ വന്നു കാര്യങ്ങൾ ചോദിച്ചു മനസിലാക്കാൻ ശ്രമിച്ചു. എങ്കിലും അവളുടെ വായിൽ നിന്ന് ഒന്നും വന്നില്ല. എന്തെങ്കിലും അബദ്ധം പറ്റി അവൾ ഗർഭം ധരിക്കുകയോ മറ്റോ ചെയ്തിരിക്കും എന്നാണ് എല്ലാവരും വിചാരിച്ചതു്. പക്ഷെ അവളതു വളരെ ശക്തമായിത്തന്നെ നിഷേധിച്ചു.

"ഒടുവിൽ ഒരു ദിവസം അനി എന്റെ വീട്ടിൽ വന്നു വിവരങ്ങളൊക്കെ പറഞ്ഞു. ഞാനപ്പൊത്തന്നെ അവന്റെ കൂടെ പോയി. അവരുടെ വീട്ടിലിരുന്ന് അവളോട്ട് സംസാരിക്കാൻ ശ്രമിച്ചപ്പോൾ എനിക്കു മനസിലായി മറ്റുള്ളവരുടെ സാന്നിദ്ധ്യം അവൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന്. ഞാനവളെയും കൂട്ടി ഇവിടെ വന്നു. അന്ന് ഈ വീട്ട് ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഞങ്ങളിവിടെയിരുന്നു, ഇതുപോലെ. ഈ കസേരയൊക്കെ ഇവിടെത്തന്നെ കിടന്നിരുന്നു. എന്നിട്ടും കുറേ നേരം അവളൊന്നും പറഞ്ഞില്ല. കരഞ്ഞുകൊണ്ടേയിരുന്നു. എനിക്കാണെങ്കിൽ എന്തു ചെയ്യണമെന്നറിയാൻ വയ്യ. ഹൊ, അതുപോലൊരു അനുഭവം എന്റെ ജീവിതത്തിലുണ്ടായിട്ടില്ല. ഒടുവിൽ ഞാൻ പറഞ്ഞു, 'മോളേ, പ്രശ്നമെന്താണെങ്കിലും പറ, ഞാനതിനു പരിഹാരമുണ്ടാക്കിത്തരാം'എന്ന്. എന്നിട്ടും അവളൊന്നും പറഞ്ഞില്ല. അവസാനം ഞാൻ ശകാരിക്കുകയും, ഞാനും പൊയ്ക്കളയും എന്നു ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോഴാണ് അവൾ പറയാൻ തയാറായത്. പക്ഷെ അവൾ പറയുന്നതു കേട്ടപ്പോൾ എനിക്കും എന്തു ചെയ്യണമെന്ന് അറിയാൻ വയ്യാതായി."

ജോസഫ് നിർത്തി. ഒരിഫക്ടിനു വേണ്ടിയല്ല എന്നു വ്യക്തം. അയാളെ ഇത്ര വികാരഭരിതനായി ഞാൻ കണ്ടിട്ടില്ല.

"പിള്ളേരേ നിങ്ങൾക്ക് കാപ്പിയോ ചായയോ വല്ലതും വേണോ?" അകത്തുനിന്ന് അമ്മയുടെ ശബ്ദം.

"എന്താ അമ്മേ, ജലദോഷം പിടിച്ചോ? അമ്മയുടെ ശബ്ദം മാറിയിരിക്കുന്നു?" ഞാൻ ചോദിച്ചു.

"നിന്റെയീ പഴയ പുസ്തകങ്ങളൊക്കെ അടുക്കി വെച്ചതിന്റെയാ." അമ്മ പറഞ്ഞു.

"അതൊക്കെ കഴിഞ്ഞയാഴ്ചയല്ലേ അമ്മേ പൊടി തട്ടി വെച്ചത്? എന്തിനാ പിന്നെയും അതൊക്കെ എടുത്ത് അടുക്കാൻ പോയത്?" ഞാൻ ചോദിച്ചു.

"അമ്മച്ചീ, കാപ്പി കിട്ടിയാൽ സന്തോഷം." ജോസഫ് പറഞ്ഞു.

അമ്മ അടുക്കളയിലേക്കു പോകുന്ന ശബ്ദം കേട്ടു. വീണ്ടും മൗനം.

"എന്താണ് ആ കുട്ടി പറഞ്ഞത്?" ഞാൻ ചോദിച്ചു.

"അവൾക്ക് എയ്ഡ്സാണെന്ന്!" ജോസഫ് പതുക്കെ പറഞ്ഞു.

അതുകേട്ട് ഞാൻ സ്തബ്ധനായിപ്പോയി.

ആ മഹാരോഗം വന്ന ആരെയും എനിക്കറിയില്ല. സാവധാനമുള്ള മരണം. വർഷങ്ങൾ കൊണ്ട് ശരീരവും മനസും ഇല്ലാതാകുന്ന പ്രക്രിയ. അതിനെ ഒരാൾ എങ്ങനെ നേരിടുമെന്ന് എനിക്കൊരു രൂപവുമില്ല. അതിനുമപ്പുറം സമൂഹത്തിന്റെ പുച്ഛവും വെറുപ്പും ഭയവും. അതായിരിക്കും ഏറ്റവും വേദനാജനകം. വീട്ടുകാർ പോലും അടുത്തുവരാൻ മടിക്കുന്ന അവസ്ഥ. ഇടയ്ക്ക് മാധ്യമങ്ങളിൽക്കൂടി ഈ ഹതഭാഗ്യരേപ്പറ്റി വായിച്ചുള്ള അറിവേ എനിക്കുള്ളൂ. അപ്പോഴും എനിക്കോ എന്റെ അടുത്തവർക്കാർക്കെങ്കിലുമോ ഇങ്ങനത്തെ അവസ്ഥയുണ്ടാ

യാൽ എന്തായിരിക്കും എന്റെ പ്രതികരണം എന്നു ഞാനാലോചിച്ചില്ല. ഒരു സിനിമയിൽ കാണുമ്പോഴുണ്ടാകുന്ന തരത്തിലുള്ള പ്രതികരണമേ എനിക്കുണ്ടായുള്ളൂ. അവരുടെ അവസ്ഥയിൽ ദുഖം തോന്നി. ഒരുതരം എമ്പതിയും. പക്ഷെ സിനിമ കണ്ടുകഴിഞ്ഞ് നമ്മുടെ ജീവിതത്തിലേക്ക് തിരികെ വരുമ്പോൾ സിനിമയിൽ കണ്ടതെല്ലാം മറക്കുന്നതുപോലെ ഞാനും അതൊക്കെ മറന്നു. മറ്റേതോ ലോകത്തിലേതെന്നപോലെ എയ്ഡ്സ് രോഗികളുടെ കാര്യം മനസിന്റെ ഉള്ളറകളിലേക്ക് ഒതുങ്ങി. ഇപ്പോഴിതാ അപ്രതീക്ഷിതമായി ആ പ്രശ്നം എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഒരു ചലച്ചിത്രത്തിലെ നിമിഷനേരം മാത്രം തെളിയുന്ന രൂപമായിട്ടല്ല. മജ്ജയും മാംസവുമുള്ള മനുഷ്യരായി. അനി എന്റെ ബന്ധുവല്ല. അനിയുടെ അനിയത്തിയെ ഞാൻ കണ്ടിട്ടുപോലുമില്ല. പക്ഷെ പത്രത്തിൽ വായിച്ച ഏതോ ഒരാളിനേപ്പോലെയല്ല അവർ. അനി എന്റെ ഒരു സുഹൃത്തിനേപ്പോലെ ആയിത്തീർന്നിരിക്കുന്നു. അമ്മയ്ക്ക് മറ്റൊരു മകനും. അയാളുടെ അനിയത്തിയ്ക്ക് ഇങ്ങനെയൊരവസ്ഥ വന്നു എന്നു കേട്ടപ്പോൾ, ഞാനാ കുട്ടിയെ കണ്ടിട്ടില്ലെങ്കിലും, മനസിൽ ഒരു വിങ്ങൽ.

ഞാനീ ചിന്തകളിൽ മുഴുകിയിരിക്കുമ്പോൾ ജോസഫ് പറയുന്നതു കേട്ടു, "ആരോ വഴിയേ നടന്നു വരുന്നുണ്ട്. അവരായിരിക്കും." അയാൾ എണീറ്റ് ഗേറ്റിനു സമീപത്തേക്ക് നടന്നു. ഇരുട്ട് പടർന്നു കഴിഞ്ഞിരുന്നു. വീടിനു പുറത്തുള്ള ലൈറ്റ് ഇട്ടിട്ട് ഞാനും ജോസഫിന്റെ പുറകെ പോയി.

ഞാൻ ജോസഫിന്റെ സമീപത്ത് എത്തിയപ്പോഴേക്ക് വഴിയെ നടന്നു വന്നവർ ഗേറ്റിനു സമീപമെത്തിയിരുന്നു. രണ്ടു പുരുഷന്മാരും രണ്ടു സ്ത്രീകളും മൂന്നു കുട്ടികളുമുണ്ട്. കുട്ടികൾക്ക് അഞ്ചോ ആറോ വയസിലധികം പ്രായമുണ്ടാവില്ല. അനിയുടെ ചേച്ചിമാരും കുടുംബങ്ങളും ആയിരിക്കണം. അവർ ഞങ്ങളെ കണ്ടിട്ട് നിന്നു. പാന്റും ഷർട്ടും ധരിച്ച ഒരു പുരുഷൻ ചോദിച്ചു, "ജോസഫ് സാറല്ലേ?"

"അതെ. എന്താ വൈകിയത്?"

മറുപടി പറഞ്ഞത് അൽപം തടിച്ച് പൊക്കം കുറഞ്ഞ ഒരു സ്ത്രീയായിരുന്നു. ചട്ടയും മുണ്ടും വേഷം. "സാറിന്റെ ഫോൺ കിട്ടിയപ്പത്തന്നെ എറങ്ങിയതാ. പിള്ളേരേം തയാറാക്കി എറങ്ങണ്ടേ. പിന്നെ കൊറച്ച് കാശും വേണ്ടേ. ഇതിയാൻ കടേമടച്ച് കാശും ശരിയാക്കി വന്നപ്പൊ കൊറച്ച് സമയമായി. എന്നിട്ട് യെവളുടെ വീട്ടിലും പോയേച്ചല്ലായോ വന്നെ. അല്ലേലും ഓടിപ്പിടിച്ചിങ്ങ് വന്നിട്ട് എന്നായെടുക്കാനാ. അവനില്ല്യോ ഇവിടെ. പോരാത്തേന് രാത്രീമായി. ഇനിയിപ്പൊ നാളെയല്ലേ സെമിത്തേരീലോട്ട് എടുക്കാനൊക്കു. അച്ചനോ വല്ലോം വന്നാരുന്നോ?"

"അച്ചനോട്ട് പറഞ്ഞിട്ടൊണ്ട്. വന്നോളും. നിങ്ങളങ്ങോട്ടു ചെല്ല്. അവരു് ചത്തിട്ടില്ല."

"ചത്തില്ലേ? ഞാനോർത്തു നേരത്തേ തീർന്നിട്ടൊണ്ടാവുമെന്ന്. ഞാൻ പറഞ്ഞതാ അത്താഴത്തിനു വല്ലോം മേടിച്ചോണ്ടു വന്നാ മതിയെന്ന്. അപ്പൊ എല്ലാർക്കും എന്നാ വെപ്രാളമായിരുന്നു."

മറ്റേ സ്ത്രീ ഒന്നും മിണ്ടാതെ നിന്നു. അവർ സാരിയാണ് ഉടുത്തിരുന്നത്. സഹോദരിയേ

ക്കാൾ പൊക്കമുണ്ട്. എന്നാൽ അത്ര വണ്ണമില്ല.

“അതൊക്കെ ശരിയാക്കാം. നീയിപ്പൊ നടക്ക്.”

പറഞ്ഞത് ആ സ്ത്രീയുടെ ഭർത്താവായിരിക്കണം. മുണ്ടും ജുബ്ബയും വേഷം. ഏതാണ്ട് എന്റെ ഉയരം—ആറടിക്ക് മൂന്നോ നാലോ ഇഞ്ച് കുറയും. ആദ്യം സംസാരിച്ച പാന്റുവേഷക്കാരൻ പറഞ്ഞു:

“സാറങ്ങോട്ടു വരത്തില്ലയോ?”

അയാൾ മെലിഞ്ഞിട്ടാണ്. നല്ല ഉയരം.

“ഞാനെത്തിക്കോളാം. നിങ്ങൾ പൊയ്ക്കോ.”

അവർ നടന്നു. അതിനിടയിൽ ‘തേവിടിശ്ശി’എന്ന വാക്കു കേട്ടു. നേരത്തെ പ്രസംഗിച്ച സ്ത്രീയുടെ ശബ്ദം. ഞങ്ങൾ രണ്ടു നിമിഷം അവർ പോയ വഴിയ്ക്ക് നോക്കി നിന്നിട്ട് തിരികെ വീട്ടിലേക്കു നടന്നു. വരാന്തയിലുള്ള വട്ടമേശപ്പുറത്ത് അമ്മ രണ്ടു കപ്പു കാപ്പി വച്ചിരിക്കുന്നു. ഞങ്ങൾ മേശയുടെ ഇരുവശത്തുമുള്ള കസേരകളിൽ ഇരുന്നു. കാപ്പി കുറേശ്ശെ കുടിയ്ക്കാൻ തുടങ്ങി. മനസിൽ ഇപ്പോൾ കേട്ട സംഭാഷണങ്ങളായിരുന്നു. ആ സ്ത്രീയുടെ ഹൃദയശൂന്യമായ വാക്കുകളും പിന്നെ ‘തേവിടിശ്ശി’ എന്ന പ്രയോഗവും മനസിൽ തങ്ങി നിന്നു.

“അവരുടെ അമ്മയേപ്പറ്റിയല്ലേ ഇങ്ങനെയൊക്കെ സംസാരിച്ചെ?” പകുതി ആത്മഗതമായിരുന്നു.

“ഇങ്ങനത്തെ മക്കളുണ്ടാകുന്നതിൽ ഭേദം ഇല്ലാണ്ടിരിക്കുന്നതാ. ഞാനാണെങ്കിൽ പണ്ടേ അടിച്ചിറക്കിയേനെ. അനി ഒരു പാവമായതുകൊണ്ടാ ഇവളുമാരൊക്കെ ഇങ്ങനെ വിലസുന്നെ.”

“പക്ഷെ അവരെന്തിനാ തേവിടിശ്ശി എന്നു പറഞ്ഞെ?” ആ വാക്കുകൾ എന്റെ മനസ്സിൽ നിന്നു മായുന്നില്ല.

“അത് അനിതയേപ്പറ്റിയാ. അവൾ വ്യഭിചരിച്ചിട്ടാ അവൾക്ക് എയിഡ്സ് വന്നതെന്നാ ഇവരൊക്കെ വിശ്വസിക്കുന്നെ. ഇവരു മാത്രമല്ല, നാട്ടുകാരുതന്നെ പലരും അങ്ങനെയാ പറയുന്നെ. ഈ രോഗം വരാൻ വ്യഭിചരിക്കേണ്ട കാര്യമില്ല എന്നറിയാവുന്നവർക്കു പോലും അങ്ങനെ വിശ്വസിക്കാനാ ഇഷ്ടം. ആരാന്റമ്മയ്ക്ക് പ്രാന്തുവന്നാൽ കാണാൻ നല്ല രസമല്ലേ. സാഡിസ്റ്റുകൾ!”

“ജോസഫ് പറഞ്ഞു തുടങ്ങിയത് മുഴുവനാക്കിയില്ല.” ഒരു നിമിഷത്തെ മൌനത്തിനു ശേഷം ഞാൻ ഓർമ്മിപ്പിച്ചു.

“ങ്ഹേ? ങാ. എന്നാ പറയാനാ. എനിക്ക് എന്തു ചെയ്യണമെന്ന് ഒരൂഹവുമില്ലായിരുന്നു. ഞാൻ കുറേ നേരമിരുന്ന് ആലോചിച്ചു. ഇതെങ്ങനെ സംഭവിച്ചു എന്നവൾക്കു തന്നെ ഒരു രൂപവുമില്ലായിരുന്നു. ഒരിക്കൽ ടെറ്റനസ് ഇഞ്ചെക്ഷൻ എടുക്കാൻ ഡിസ്പോസബിൾ സിറിഞ്ച് മേടിച്ചിരുന്നുവത്രെ. അത് ഉപയോഗിച്ച സാധനം റീപാക്ക് ചെയ്തതായിരിക്കാം

എന്നാണ് അവൾ വിചാരിക്കുന്നത്. ഒരു കൂട്ടുകാരിയുടെ ബന്ധുവിനു രക്തം കൊടുക്കാൻ പോയപ്പോൾ ആശുപത്രിക്കാർ ടെസ്റ്റു ചെയ്തതുകൊണ്ടാണ് എച്ച് ഐ വി പോസിറ്റീവ് ആണെന്നു മനസിലായത്. വിവരം ഹോസ്റ്റലിലെത്തിയപ്പോൾ അടുത്ത കൂട്ടുകാരികൾ തന്നെ അവളോടു മിണ്ടാതായത്രെ. അവളെ പുറത്താക്കണമെന്ന് അവർ വാർഡനോട്ട് ആവശ്യപ്പെട്ടു. വാർഡൻ അൽപം ബോധമുള്ള സ്ത്രീ ആയിരുന്നതുകൊണ്ട് അനിതയെ വിളിച്ച് ഉപദേശിച്ചു. അവിടെ നിന്നാൽ പ്രശ്നമാകുമെന്നും കൂടുതൽ പബ്ലിസിറ്റി വരുത്തി വയ്ക്കുന്നതിനേക്കാൾ നല്ലത് വീട്ടിലേക്കു പോയിട്ട് ചികിത്സ ചെയ്യുന്നതാണെന്നും അവർ പറഞ്ഞു. ദേഹത്ത് വൈറ ഉണ്ടെന്നേ ഉള്ളൂ, എയ്ഡ്സ് രോഗിണി ആയിട്ടില്ല, എന്നും ഇപ്പോൾ മരുന്നുകളുണ്ടെന്നും പ്രതീക്ഷയ്ക്കു വകയുണ്ടെന്നും അവർ പറഞ്ഞു. പക്ഷെ കൂട്ടുകാരികളുടെ പ്രതികരണം കണ്ടപ്പോൾ വീട്ടിൽ എന്താവും സ്ഥിതി എന്നവൾക്കു പേടിയായി. പക്ഷെ അവൾ എങ്ങോട്ടു പോകാൻ! പാവം. ഇതുങ്ങളേപ്പോലെ ആയിരുന്നെങ്കിൽ അവൾ രക്ഷപ്പെട്ടു പോയേനെ."

അവസാനത്തെ പരാമർശം അനിയുടെ ചേച്ചിമാരേപ്പറ്റിയാണെന്നു വ്യക്തം. ജോസഫ് വീണ്ടും നിർത്തി.

"എന്നിട്ട് അനിത എന്തു ചെയ്തു?" ഞാൻ ചോദിച്ചു.

"ഞാനന്നു കുറേ ആലോചിച്ചിട്ടും എന്തു ചെയ്യണമെന്നു മനസിൽ തോന്നിയില്ല. മറ്റാരോടെങ്കിലും കൂടി ഒന്നു സംസാരിക്കണം എന്നു തോന്നി. അപ്പോഴാണ് ഞങ്ങടെ പള്ളിയിലെ അച്ചന്റെ കാര്യം ഓർത്തത്. അങ്ങേരൊരു നല്ല മനുഷ്യനാ. കൊനഷ്ടു പിടിച്ച പ്രശ്നങ്ങൾക്കും എന്തെങ്കിലും പരിഹാരം കാണാൻ പറ്റുന്നയാളാ. ഞാൻ അനിതയെ ഇവിടെയിരുത്തീട്ട് അച്ചനെ പോയി കണ്ടു. അദ്ദേഹം പറഞ്ഞു തൃശ്ശൂർ കന്യാസ്ത്രീകൾ നടത്തുന്ന ഒരു കേന്ദ്രമുണ്ട്, അവിടെ കൊണ്ടുചെന്നാക്കാൻ. ഒരു കാറു പിടിച്ച് അനിയേം കൂട്ടി വിടാൻ പറഞ്ഞു. പോകുന്ന വഴി അച്ചനെ കണ്ടിട്ടു പോകണമെന്നും പറഞ്ഞു. അച്ചൻ അവിടത്തെ സിസ്റ്റർക്ക് കത്തു തരാമെന്നു പറഞ്ഞു. ഞാൻ അനിതയേയും കൂട്ടി അവളുടെ വീട്ടിൽ പോയി അവളുടെ തുണികളും മറ്റും എടുത്ത് അനിയേയും കൂട്ടി ഇറങ്ങി. വീട്ടിൽ പറഞ്ഞത് തിരികെ മെഡിക്കൽ കോളജിലേയ്ക്ക് പോകുവാന്നാ. ബാക്കി കാര്യങ്ങൾ വന്നിട്ടു പറയാം എന്നു പറഞ്ഞു. ഇറങ്ങുൻപോൾ അനിക്കുപോലും അറിയില്ലായിരുന്നു. ഞങ്ങൾ നേരെ ഇങ്ങോട്ടു വന്നു. ഇവിടെ വെച്ചാണ് അനിയോടു കാര്യങ്ങൾ പറഞ്ഞത്. പാവം അവൻ വല്ലാണ്ട് അപ്സെറ്റായി. അവളെ കെട്ടിപ്പിടിച്ച് രണ്ടുപേരും കുറേ നേരം കരഞ്ഞു. അവനൊരുമാതിരി ഭ്രാന്തനേപ്പോലെയായി"

ആ രംഗത്തിന്റെ ഓർമ്മയിൽ മുഴുകി ജോസഫ് നിശബ്ദനായി. ഒന്നും പറയാനാവാതെ ഞാനുമിരുന്നു. അൽപനേരം കഴിഞ്ഞു ജോസഫ് തുടർന്നു.

"മറ്റാരും കാണണ്ട എന്നു കരുതി ഞങ്ങൾ അകത്തെ മുറിയിലിരുന്നത് നന്നായി. അല്ലെങ്കിൽ അപ്പോൾത്തന്നെ കഥ നാട്ടിലെങ്ങും പടർന്നേനെ. അവരെ ഒന്നു ശാന്തരാക്കാൻ എനിക്ക് നന്നെ കഷ്ടപ്പെടേണ്ടി വന്നു. ടാക്സിക്കാരനു വല്ല സംശയവും വന്നാൽ അയാൾ

ചിലപ്പോൾ വണ്ടിയിൽ കയറ്റില്ല. ഞാൻ പോയി ടാക്സി വിളിച്ചോണ്ടു വന്നപ്പോൾ എനിക്കൊരു ബുദ്ധി തോന്നി. അവൾക്ക് ക്യാൻസറാണെന്നും ചികിത്സയ്ക്ക് പോകുകയാണെന്നും ഞാൻ ഡ്രൈവറോടു പറഞ്ഞു. ഇക്കാര്യം അനിയോടും അനിതയോടും കൂടി പറഞ്ഞു. ഞങ്ങൾ അച്ചനെ പോയി കണ്ടു. അച്ചന് അവരെ കുറെ സമാധാനിപ്പിക്കാൻ കഴിഞ്ഞു. അച്ചൻ കൊടുത്ത കത്തും കൊണ്ട് അവരെ യാത്രയാക്കീട്ടാണ് ഞാൻ വന്നത്"

എന്തൊരു കഷ്ടം! ഞാനാലോചിച്ചു. സാധാരണ ഗതിയിൽ തനിക്കു ക്യാൻസറാണെന്നു പറയാൻ, കള്ളമാണെങ്കിൽ പോലും, ആരെങ്കിലും തയാറാവുമോ? ഒരു ടാക്സിയിൽ യാത്ര ചെയ്യാനായി ഇങ്ങനെയൊരു കള്ളം പറയേണ്ടി വരുന്നത് എന്തൊരു കഷ്ടമാണ്! ജോസഫ് വീണ്ടും നിശബ്ദനായി.

"ദാ അച്ചൻ പോകുന്നു. ഞാനൊന്ന് അവിടം വരെ പോയിട്ടു വരാം." എന്നു പറഞ്ഞ് ജോസഫ് ഇറങ്ങി നടന്നു.

ജോസഫ് പോയിക്കഴിഞ്ഞ് ഞാൻ കുറച്ചുനേരം അവിടെത്തന്നെയിരുന്നു. കഴിഞ്ഞ കാര്യങ്ങളൊക്കെ ഒന്നുകൂടി മനസിൽക്കൂടി കടന്നുപോയി. അനിയുടെയും അനിതയുടെയും കഥ എന്നെ വല്ലാതെ അസ്വസ്ഥനാക്കിയിരുന്നു. ഇതാർക്കും സംഭവിക്കാവുന്ന കാര്യമാണ്. മനുഷ്യരുടെ ജീവൻ തന്നെ വിറ്റു കാശാക്കാൻ സന്നദ്ധരായിട്ടുള്ളവർ ഉള്ളിടത്തോളം കാലം ആരു വേണമെങ്കിലും ഈ ചതിക്കുഴിയിൽ വീഴാം—പഴയ സിറിഞ്ചുകൾ റീസൈക്കിൾ ചെയ്യുന്നവരുൾപ്പെടെ. അമ്മയ്ക്ക് ഒരിഞ്ചെക്ഷനെടുക്കാൻ മുമ്പൊരിക്കൽ വീടിനടുത്തു താമസിച്ചിരുന്ന ഒരു ഡോക്ടറെ സമീപിച്ച സംഭവം ഓർമ്മ വന്നു. ഞാൻ മേടിച്ചിരുന്ന ഡിസ്പോസബിൾ സിറിഞ്ച് അദ്ദേഹം നിരസിച്ചു. എന്നിട്ട് തിളപ്പിച്ചു വെച്ചിരുന്ന ഗ്ലാസ്സ് സിറിഞ്ചും സൂചിയുമാണ് അദ്ദേഹം ഉപയോഗിച്ചത്. വാങ്ങിക്കൊണ്ടുവന്ന ഡിസ്പോസബിൾ സിറിഞ്ചിന്റെ സൂചിയിൽ രക്താംശം വരെ കണ്ട അനുഭവമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

അപ്പോഴാണ് ഞാൻ അമ്മയുടെ കാര്യം ഓർമ്മിച്ചത്. ജോസഫ് പറഞ്ഞതെല്ലാം അമ്മ കേട്ടിരിക്കാൻ ഇടയില്ല. അമ്മയോട് ഇതൊക്കെ പറയേണ്ടതല്ലേ? അമ്മയ്ക്ക് അനിയോട് വളരെ അടുപ്പമല്ലേ? എന്നാൽ അതുകൊണ്ടുതന്നെ ഞാനിതൊക്കെ പറയുന്നത് ശരിയാണോ? വേണമെങ്കിൽ അനി തന്നെ പറയുന്നതല്ലേ ശരി? ഇനി അനി പറഞ്ഞിട്ടുണ്ടോ? അതുകൊണ്ടാണോ അന്ന് അമ്മ അനിക്കെന്തൊക്കെയോ പ്രശ്നങ്ങളുണ്ടെന്നു പറഞ്ഞ് അയാൾ കുടിക്കുന്നത് ന്യായീകരിച്ചത്?

ഞാനെഴുന്നേറ്റ് എന്റെ മുറിയിൽ പോയി ലൈറ്റിട്ട് ഒരു പുസ്തകവുമെടുത്ത് കട്ടിലിൽ കിടന്നു. ഒന്നും വായിക്കാനല്ല. ഒരു ശീലം എന്നു മാത്രം. പുസ്തകം നെഞ്ചത്തുവെച്ചുകൊണ്ടു കിടന്നപ്പോൾ മനസിൽ ഞാനന്നുവരെ കണ്ടിട്ടില്ലാത്ത അനിതയും പിന്നെ അനിയും മരിക്കാറായി കിടക്കുന്ന അവരുടെ അമ്മയും വീട്ടിലെ സംഭവങ്ങളും മാത്രമായിരുന്നു. അങ്ങനെ കിടക്കുമ്പോൾ അമ്മ ചോദിച്ചു:

"എടാ, മണി എട്ടാവുന്നു. നീ വേണേൽ വന്നു വല്ലതും കഴിക്ക്. അവിടെ വല്ലതും സംഭവിച്ചാൽ ..."

ഞാനെഴുന്നേറ്റിരുന്നു. എന്നിട്ടു പറഞ്ഞു:

“വേണ്ടമ്മേ. ജോസഫിപ്പൊ ഇങ്ങെത്തും. അയാളും ഒന്നും കഴിച്ചിട്ടില്ലല്ലോ. വരട്ടെ.”

അമ്മയോടു പറയണോ എന്നു വീണ്ടും ആലോചിച്ചു. “അനിയുടെ പെങ്ങമ്മാർ എത്തിയോ?” അമ്മ ചോദിച്ചു.

“ചേച്ചിമാരും കുടുംബാംഗങ്ങളും കുറച്ചു മുൻപെ വന്നു.” ഞാൻ പറഞ്ഞു. അമ്മ ഒന്നും മിണ്ടാതെ പോയി.

ഞാൻ വരാന്തയിലേക്കിറങ്ങി. അങ്ങോട്ടുമിങ്ങോട്ടും നടന്നു. പിന്നെ മുറ്റത്തേക്കിറങ്ങി. വീട്ടിൽനിന്നു പടിവരെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. എന്തുകൊണ്ടോ, ജോസഫ് വീട്ടി വന്നു വിളിച്ചപ്പോൾ മനസിലുണ്ടായ പരിഭ്രമം വളരെ വർദ്ധിച്ചിരുന്നു. ഞാൻ വളരെ അസ്വസ്ഥനായിരുന്നു.

അങ്ങനെ നടക്കുന്നതിനിടയിൽ ജോസഫും അച്ചനും കൂടി മടങ്ങിപ്പോകുന്നതു കണ്ടു. ഞാൻ പടിക്കൽ ചെന്ന് അവർ പോയ വഴിയെ നോക്കി നിന്നു. ഏതാനും മിനിറ്റു കഴിഞ്ഞപ്പോൾ ജോസഫ് തിരികെ വന്നു.

“അച്ചനെ കാറിൽ കയറ്റി വിട്ടു. അനിയുടെ അച്ഛന്റെ മരണസമയത്തേപ്പോലെ പ്രശ്നങ്ങളുണ്ടാകുമോന്നാ അച്ചന്റെ പേടി. അതുണ്ടാവാതെ നോക്കണം.”

“അപ്പൊ അനിത വരുന്നുണ്ടോ? അവരുടെ അപ്പച്ചനെപ്പഴാ മരിച്ചത്? എന്തു പ്രശ്നങ്ങളാ ഉണ്ടായത്?” എനിക്കൊന്നും മനസിലായില്ല.

“അവരുടെ അച്ഛൻ നേരത്തേ പോയി. അനിതയുടെ വിവരങ്ങളറിഞ്ഞിട്ട് കഷ്ടിച്ച് മൂന്നു മാസമെ ജീവിച്ചുള്ളൂ. ഹൃദയം പൊട്ടി മരിക്കുക എന്നൊക്കെ പറയാറില്ലേ? അതു ഞാൻ നേരിട്ടു കണ്ടതു് അപ്പോഴാണ്. അങ്ങേർക്ക് കുട്ടികളിൽ വച്ച് ഏറ്റവുമിഷ്ടം അനിതയോടായിരുന്നു. അവൾക്കീ ഗതി വന്നതു് അങ്ങേർക്ക് സഹിക്കാനായില്ല. കിടപ്പായി. അവളെ കാണാൻ പോകാൻ ഒരു ശ്രമം നടത്തി. മൂത്ത മക്കൾ വിട്ടില്ല. പിന്നെ ഹാർട്ടറ്റാക്കായി. ആശുപത്രിയിൽ കിടന്നു തന്നെ മരിച്ചു. ശരീരം ഇവിടെ കൊണ്ടുവന്നപ്പോൾ അനിത കാണാനെത്തി. ഞാനാണ് അറിയിച്ചതു്. വീട്ടിൽ വലിയ പ്രശ്നമായി. ആ മൂത്ത ചേച്ചിക്കായിരുന്നു ഏറ്റവും കൂടുതൽ വാശി. അവസാനം ഒരു നോക്ക് കാണാൻ പോലും സമ്മതിക്കില്ല എന്നായിരുന്നു അവരുടെ നിലപാട്. എല്ലാവർക്കും അനിതയുടെ ദേഹത്തു തൊടാൻ പോലും ഭയമായിരുന്നതിനാൽ അവളെ ഒന്നും ചെയ്തില്ല. പക്ഷെ ‘നീ കാരണമാടീ എന്റെ അപ്പച്ചൻ ചത്തെ, നീ ഇങ്ങോട്ടിനി കേറണ്ടാടീ’ എന്നൊക്കെ പറഞ്ഞായിരുന്നു ചീത്തവിളി. ഒടുവിൽ ഞാൻ അച്ചനെ വിളിച്ചുവരുത്തിയാണ് ഒരുവിധത്തിൽ പ്രശ്നം പരിഹരിച്ചതു്. അച്ചൻ ഇടപെട്ടതുകൊണ്ടു് അനിതയ്ക്കു് സ്വന്തം അച്ഛന്റെ ശരീരം ഒരു നോക്കു കാണാൻ പറ്റി. പിന്നെ അനിതയെ ഒരു വിധത്തിൽ സമാധാനിപ്പിച്ച് അനിയേയും കൂട്ടി രാത്രിയിലെ ബസ്സിൽ കയറ്റി വിട്ടു. രോഗമിതാണെന്നറിഞ്ഞാൽ ബസ്സുകാർ കേറ്റത്തില്ലല്ലൊ.”

“ഇപ്പൊ അനിതയെ അറിയിച്ചിട്ടുണ്ടോ?” ഞാൻ ചോദിച്ചു.

"ഉവ്വ്. അനി ബസ് സ്റ്റോപ്പിൽ പോയിരിക്കുവാ. അവർ എപ്പൊ വേണമെങ്കിൽ എത്താം. ഇവറ്റകൾ എത്തുന്നതിനു മുമ്പ് അവൾ വരും എന്നാ ഞാൻ വിചാരിച്ചെ." ജോസഫ് പറഞ്ഞു.

ഞങ്ങൾ പടിക്കൽ തന്നെ നിൽക്കുകയാണെന്നു ഞാനപ്പോഴാണ് ശ്രദ്ധിച്ചത്. അകത്തേയ്ക്ക് പോയിരിക്കാം എന്നു ജോസഫിനോട് പറയാമെന്നു വിചാരിച്ചു. പക്ഷെ പകരം ഒരു ചോദ്യമാണ് എന്റെ വായിൽ നിന്നു വന്നത്.

"അനിയുടെ അമ്മയ്ക്ക് എന്തായിരുന്നു അസുഖം?"

"അസുഖമൊന്നുമില്ല. അവരും കുറേശ്ശെയായി നീറി മരിക്കുകയായിരുന്നു. അവർക്ക് അവരുടെ ഭർത്താവിനേപ്പോലെ ഭാഗ്യമുണ്ടായില്ല. ചൊവ്വെ നേരെ ആഹാരം കഴിക്കാതെ ശരീരവും മനസും കുറേശ്ശെ ഇല്ലാണ്ടാവുകയായിരുന്നു. അവരെ കൊണ്ടുപോകാമെന്നു പെണ്മക്കൾ രണ്ടുപേരും പറഞ്ഞതാണ്. പക്ഷെ അവർ പോകാൻ തയാറായില്ല. അത് അവരോടുള്ള ഇഷ്ടക്കുറവോ വിശ്വാസക്കുറവോ ഒക്കെയായിട്ടാണ് മക്കൾ കാണുന്നത്. കുറേയൊക്കെ ശരിയുമാണ്. പക്ഷെ ആ സ്ത്രീയ്ക്ക് ഈ സ്ഥലം വിട്ടു പോകാൻ തീരെ മനസില്ലായിരുന്നു എന്നതാണ് സത്യം. പിന്നെ അനി ഒറ്റയ്ക്കാകും എന്ന വിഷമവും."

ഞങ്ങളവിടെ അങ്ങനെ നിന്നു. ഒരു തണുത്ത കാറ്റു വീശി. ദൂരെയെവിടെയോ മിന്നലിന്റെ വെളിച്ചം.

"മഴ വരുന്നുണ്ടെന്നു തോന്നുന്നു. അതിനു മുൻപെ അവരിങ്ങ് എത്തിയാൽ മതിയായിരുന്നു." ജോസഫ് പറഞ്ഞു.

പറഞ്ഞു തീർന്നപ്പോഴേക്ക് വഴിയിൽ അകലത്തായി കാലൊച്ച കേട്ടു. വേഗത്തിലാണു നടത്തം. അവർ അടുത്തേക്ക് വരുന്തോറും കാലൊച്ച രണ്ടു പേരുടേതാണെന്നു തിരിച്ചറിയാൻ കഴിഞ്ഞു. "ഇതവർ തന്നെയാണെന്നു തോന്നുന്നു." ജോസഫ് പറഞ്ഞു. അയാളുടെ മുഖത്ത് അസ്വസ്ഥത പ്രകടം. അനിയുടെ വീട്ടിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളും അവയെ എങ്ങനെ നേരിടും എന്ന ചിന്തയും ആയിരിക്കണം.

ഞങ്ങൾ ഗേറ്റിനു പുറത്തേക്ക് കടന്നു. അവരടുത്തെത്തിക്കഴിഞ്ഞു. പെൺകുട്ടിയാണു മുൻപെ നടക്കുന്നത്, അല്ല ഓടുന്നത്. അഞ്ചര അടിയോളം ഉയരമുണ്ടാവും. മെലിഞ്ഞ ശരീരം. വെളുത്ത സാരിയും ബ്ലൌസുമാണ് ധരിച്ചിരിക്കുന്നത്. പിന്നാലെ അനി വേഗത്തിൽ നടന്ന് ഒപ്പമെത്താൻ ശ്രമിക്കുന്നു. അവർ ഞങ്ങളെ കണ്ടതേയില്ല. അല്ലെങ്കിൽ നിൽക്കാനോ സംസാരിക്കാനോ ഉള്ള മനസ്ഥിതിയിലല്ലായിരുന്നു. അവർ ഞങ്ങളെ കടന്നു പോയതിന്റെ പുറകെ "വാടാ" എന്നു പറഞ്ഞു ജോസഫും നടന്നു. പിന്നാലെ ഞാനും.

അനിതയും അനിയും പടിപ്പുര കടന്ന് അകത്തേയ്ക്ക് കയറിയപ്പോഴേക്ക് ഞങ്ങൾ ഒപ്പമെത്തി. ക്യാമറയുടെ ഫ്ലാഷ് പോലെ ഒരു മിന്നൽ പരത്തിയ വെളിച്ചത്തിൽ അവിടെ നിന്നവരെ കണ്ടു. മുറ്റത്ത് അനിത നിൽക്കുന്നു, തൊട്ടു പിന്നിലായി അനിയും. വീടിന്റെ വരാന്തയിൽ നേരെ മുന്നിലായി ആ തടിച്ച സ്ത്രീയും ഒരു വശത്തായി അനിയുടെ അളിയന്മാർ

പുകവലിച്ചുകൊണ്ടും നിൽക്കുന്നു.  നാട്ടുകാരാണെന്നു തോന്നുന്നു, മൂന്നാലു മറ്റുള്ളവരുമുണ്ട്.

“നിന്നെയെന്നാത്തിനാടീ ഇപ്പൊ ഇങ്ങോട്ട് കെട്ടിയെടുത്തെ?” മൂത്ത ചേച്ചിയാണ്.  “നീ കാരണമാടീ എന്റെ അപ്പച്ചൻ ചത്തുപോയെ.  ദേ ഇപ്പൊ എന്റെ അമ്മച്ചീം ചാകാറായി കെടക്കുവാ.  ഇനി ഞങ്ങളും കൂടി ചത്താലേ നെനക്ക് സമാധാനമാകത്തൊള്ളോ?  ഈ വീട്ടിനകത്തേക്ക് നീ കാലെടുത്തു വെച്ചുപോകരുത്.  തേവിടിശ്ശി!”

ഞങ്ങളെ കണ്ടിട്ടാണെന്നു തോന്നുന്നു ആ സ്ത്രീ നിർത്തി.  അനിത കരഞ്ഞുകൊണ്ട് പടിപ്പുരയുടെ തിണ്ണയിൽ പോയിരുന്നു.  ചേച്ചിമാരെത്തുന്നതിനു മുമ്പ് വീട്ടിലെത്താനായിരുന്നു ഓട്ടം എന്നു തോന്നുന്നു.  വീട്ടിൽ ചേച്ചിമാരെ കണ്ടതോടെ അനിത തളർന്നതുമാതിരി തോന്നി.  ഞങ്ങളെ കണ്ടുകൊണ്ട് അനി അടുത്തേക്കു വന്നു.  വീണ്ടും മിന്നലിന്റെ വെളിച്ചം.  അനിയുടെ കണ്ണിൽ നിന്നു കണ്ണീരൊഴുകുന്നതു് കണ്ടു.  ജോസഫിന്റെ നേരെ തിരിഞ്ഞു് അയാൾ പറഞ്ഞുതുടങ്ങി, “സാറേ ...” അത്രയും പറയാനെ അനിയ്ക്കു് കഴിഞ്ഞുള്ളു.  അയാൾ വിങ്ങിപ്പൊട്ടിപ്പോയി.

“നീ പോയി അവളെ സമാധാനിപ്പിക്ക്.  ഞാനെന്താ വഴി എന്നു നോക്കട്ടെ.” ജോസഫ് പറഞ്ഞു.  ഇതിനിടയിൽ അനിയുടെ അളിയന്മാർ ഞങ്ങളുടെ സമീപമെത്തി.

“സാറെന്തിനാ ഇപ്പൊ അവളെ അറിയിച്ചെ?  എല്ലാം കഴിഞ്ഞിട്ട് പയ്യെ പറഞ്ഞാൽ പോരായിരുന്നോ?” മൂത്ത അളിയൻ.

“നിങ്ങളെന്നതാ പറയുന്നെ?  അവളുടെയും കൂടി അമ്മയല്ല്യോ അകത്തു കെടക്കുന്നെ?  അവളൊന്നു കേറി കണ്ടെന്നുവെച്ച് എന്നാ സംഭവിക്കാൻ പോകുവാ?  മൂപ്പീന്നു മരിച്ചപ്പൊ അച്ചൻ പറഞ്ഞതനുസരിച്ച് അവളു കേറി കണ്ടില്ലേ?  എന്നിട്ടെന്നാ പറ്റി?”

അളിയനു മറുപടിയില്ലായിരുന്നു.  ജോസഫ് പറഞ്ഞതു് തികച്ചും ന്യായമാണെന്നും അതിന് എതിർവാദമില്ലെന്നും വ്യക്തം.

“സാറിനറിയാമല്ലോ എന്റെ പെമ്പ്രന്നോത്തീടെ സ്വഭാവം.  ഇനിയിപ്പൊ നമ്മളാരും പറഞ്ഞാൽ കേക്കത്തില്ല.  സാറിനെ ഇവിടെല്ലാർക്കും കാര്യമാ.  പക്ഷെ സാറു പറഞ്ഞാലും അവളനുസരിക്കത്തില്ല എന്നറിയാവല്ലൊ.”

മിന്നലിന്റെ ശക്തിയും എണ്ണവും കൂടിവരുന്നു.  ഇടിമുഴക്കം കേട്ടു തുടങ്ങി.

“ഞാനൊരു വഴി പറയട്ടെ.  അവളകത്തേക്ക് കേറണ്ട.  ശവമെടുത്തോണ്ട് പോകുൻപൊ അവൾ വെളിയിൽ നിന്നു കണ്ടോട്ടെ.” മൂത്ത അളിയന്റെ നിർദ്ദേശം.

“അതിന് അവർക്കിപ്പഴും ജീവനൊണ്ടല്ലോ.  ജീവനോടെ ഒന്നു കണ്ടേച്ചു പോകുന്നതിന് എന്നതാ കൊഴപ്പം?” ജോസഫ്.

“സാറിനെന്റെ പെമ്പ്രന്നോരെ പറഞ്ഞു് സമ്മതിപ്പിക്കാൻ പറ്റുവോ?” മൂത്ത അളിയൻ ചോദിച്ചു.  ജോസഫിന് ഉത്തരം മുട്ടി.  മറ്റേ അളിയൻ പറഞ്ഞു:

“സാറേ, ഞങ്ങൾക്ക് ആ കുട്ടിയോട് യാതൊരു വിരോധവുമില്ല.  പക്ഷെ ഈ രോഗം വെ

റും നിസ്സാരകാര്യമല്ല. സത്യം പറയാമല്ലോ, ഞങ്ങൾക്ക് പേടിയാ. ഡോക്ടറന്മാർ ഇന്നു പറയും കൊഴപ്പമൊന്നുമില്ല, രക്തത്തിൽക്കൂടി മാത്രമെ പകരൂ എന്നൊക്കെ. പക്ഷെ അത് വിശ്വസിക്കാനൊക്കുമോ? നാളെ അവർ തന്നെ പറയും ഇത് വേറൊരു രൂപമാണ്, തുമ്മിയാലും പകരുമെന്ന്. ഇത് ജീവന്റെ പ്രശ്നമാണ് സാറേ."

"അതും നേരാ." ആദ്യത്തെ അളിയൻ.

ജോസഫ് ചിന്താമഗ്നനായി. നല്ല തണുത്ത കാറ്റ്. ഇടിയുടെ ശബ്ദം അടുത്തുവരുന്നു. എപ്പോൾ വേണമെങ്കിലും മഴ ഇങ്ങെത്താം.

"ഇദ്ദേഹമാരാ, മനസിലായില്ലല്ലോ." മൂത്ത അളിയൻ. എന്നേപ്പറ്റിയാണ്.

"ഇത് രവി. ഞങ്ങടെ കോളജിലെ ഇംഗ്ലീഷ് അദ്ധ്യാപകനാണ്. ഇവിടെ അടുത്താണ് താമസിക്കുന്നത്." ജോസഫ്.

"സാറിനേപ്പറ്റി ധാരാളം കേട്ടിട്ടുണ്ട്. എന്റെ സ്റ്റുഡൻസിൽ ചിലരെ സാറു പഠിപ്പിച്ചിട്ടുണ്ട്. അവർക്കൊക്കെ വലിയ ഇഷ്ടമാ സാറിന്റെ ക്ലാസ്. സാറ് മലയാളത്തിൽ കഥകളെഴുതാറുണ്ടല്ലേ? ഞാൻ ചിലത് വായിച്ചിട്ടുണ്ട്." രണ്ടാമത്തെ അളിയൻ.

"കോളജിലാണോ?" ഞാൻ ചോദിച്ചു.

"അല്ല, സ്കൂൾ മാഷാ. പിന്നെ ഒരു കമ്പ്യൂട്ടർ സെന്ററും നടത്തുന്നുണ്ട്. സാറകത്തേക്കു വന്നിരുന്നാട്ടെ."

സാമാന്യം ശക്തമായ ഒരിടിമിന്നൽ. എല്ലാവരും ഓടി വീടിന്റെ തിണ്ണയിൽ കയറിനിന്നു. മുറ്റത്ത് ഞാനും ജോസഫും മാത്രമായി. ഞാൻ അനിതയെ നോക്കി. ആ കുട്ടി ഇതൊന്നുമറിയുന്നില്ല. യാതൊന്നും പ്രതീക്ഷിക്കാനില്ലാത്ത ജീവിതം. ഇനി എന്തിനെ ഭയപ്പെടണം? പൊളിഞ്ഞ പടിപ്പുരയുടെ പൊളിഞ്ഞ തിണ്ണയിൽ തല കൈകളിൽ താങ്ങി കുനിഞ്ഞിരിക്കുന്നു. ഒപ്പം അനിയും. അവനു മാത്രം അനിതയുടെ രോഗത്തിനെ ഭയമില്ല. സ്നേഹം ആ ഭയത്തെ ആകെ കീഴ്പെടുത്തിയിരിക്കുന്നു.

പെട്ടെന്ന് എന്റെ മനസിൽ എന്തോ സംഭവിച്ചു. അതുവരെ ഉണ്ടായിരുന്ന പരിഭ്രമം ഇല്ലാതായി. ആകപ്പാടെ ഒരു ശാന്തത. ഞാനെന്തെങ്കിലും ചെയ്തേ പറ്റൂ എന്നൊരു തോന്നൽ. എന്താണ് ചെയ്യേണ്ടതെന്നും സംശയമില്ല.

"നല്ല മഴ വരുന്നു. ഇനിയിപ്പൊ അച്ചനെ എങ്ങനെ വിളിച്ചോണ്ടുവരും? ഇവർ നേരത്തെ എത്തുമെന്നാ ഞാൻ വിചാരിച്ചെ. ഇത്രയും വൈകിയതെന്താണോ എന്തോ. ഇവളുമാർ വരുന്നതിനു മുമ്പ് അനിതയിങ്ങ് എത്തിയിരുന്നെങ്കിൽ ഈ പ്രശ്നങ്ങളൊന്നും ഒണ്ടാവത്തില്ലായിരുന്നു." ജോസഫ് പറയുന്നത് കേട്ടു.

"ഒരു മിനിറ്റ്." ഞാൻ പറഞ്ഞു. എന്നിട്ട് അനിതയുടെ നേരെ നടന്നു. അവളുടെ മുന്നിൽ നിന്നുകൊണ്ട് ഞാൻ പറഞ്ഞു: "എണീക്കു കുട്ടീ."

അവൾ മുഖമുയർത്തി എന്നെ നോക്കി. "എണീക്കു." ഞാൻ വീണ്ടും പറഞ്ഞു. ഒരു പാ

വയേപ്പോലെ അവൾ അനുസരിച്ചു. ഞാനവളുടെ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു, "വരൂ." എന്നിട്ട് നേരെ അവരുടെ വീട്ടിലേക്ക് നടന്നു. വാതിൽക്കൽ ചേച്ചിയുണ്ടായിരുന്നു, ഞങ്ങളുടെ വഴി തടഞ്ഞുകൊണ്ട്.

"അല്ലേയ്, ഇയാളാരാ? എന്നതാ ഭാവം?" അവരങ്ങനെ എന്തോ പറഞ്ഞു.

"അല്ലേയ്, ഇയാളാരാ? എന്നതാ ഭാവം?" അവരുടെ മുഖത്ത് സൂക്ഷിച്ചു നോക്കിക്കൊണ്ടാണ് ഞാനതു പറഞ്ഞത്. എനിക്കെങ്ങനെ അതിനുള്ള ധൈര്യം കിട്ടി എന്നറിയില്ല. എന്റെ മുഖഭാവം കണ്ടിട്ട് അത്ര പന്തിയല്ല എന്നവർക്ക് തോന്നിയിരിക്കണം. അവർ മാറി നിന്നു. ഞങ്ങൾ അകത്തു കടന്നു.

അമ്മയെ ഈ നിലയിൽ കാണുമെന്ന് അനിത ഒരിക്കലും പ്രതീക്ഷിച്ചിരിക്കില്ല. അവൾ ആകെ പകച്ചുപോയി. പിന്നെ മുട്ടുകുത്തി കട്ടിലിനരികിലിരുന്ന് ഉച്ചത്തിൽ നിലവിളിച്ചു. ആ അമ്മയുടെ കൈകൾ അനങ്ങിയോ? പുരപ്പുറത്ത് വലിയ മഴത്തുള്ളികൾ വീഴുന്ന ശബ്ദം. ശക്തമായ ഒരു മിന്നൽപ്പിണർ അവിടെയെല്ലാം ഒരു നിമിഷത്തേക്ക് പ്രകാശം പരത്തി. അമ്മയുടെ കണ്ണുകളിൽ നിന്നു വലിയ കണ്ണുനീർത്തുള്ളികൾ ഒഴുകി കുഴിഞ്ഞ കവിളിലൂടെ പായിലേക്ക് വീണു. വലത്തേ കൈ ഉയർന്നു മകളുടെ ശിരസിലെക്ക് പതിച്ചു. അനിതയുടെ കരച്ചിലിന്റെ ശബ്ദം കുറഞ്ഞുവന്നു.

അമ്മയുടെ ശ്വാസത്തിന്റെ വേഗത വർദ്ധിച്ചു. പിന്നെ കുറഞ്ഞു. ഒടുവിൽ നിലച്ചു. ഞാൻ കുനിഞ്ഞു അനിതയുടെ തോളത്ത് കൈകൾ വെച്ചുകൊണ്ട് പറഞ്ഞു, "കുട്ടീ, എല്ലാം തീർന്നു." അവൾ ഒരു നിമിഷമെടുത്തു അതിന്റെ അർത്ഥം മനസിലാവാൻ. അപ്പോൾ നിലവിളി വീണ്ടും ഉച്ചത്തിലായി.

ഞാൻ ചുറ്റിലും നോക്കി. ജോസഫ് എന്റെയടുത്തുണ്ട്. ചിലർ പുറത്തേയ്ക്കുള്ള കതകിനു വെളിയിൽ അകത്തേക്ക് നോക്കിക്കൊണ്ടു നിൽക്കുന്നു. അകത്തേയ്ക്കുള്ള കതകിനു സമീപം വൈകിട്ടു കണ്ട ഉമ്മ. അവരുടെ കണ്ണിൽനിന്നു കണ്ണീർ ധാരയായി ഒഴുകുന്നത് ആ അരണ്ട വെളിച്ചത്തിലും കാണാം. അനിതയും ഉമ്മയും മാത്രമാണ് അവിടെ നിന്നു കരയുന്നത്. ബാക്കിയുള്ളവർ എന്തോ കാഴ്ച കാണാൻ വന്നവരേപ്പോലെ ഉദ്വേഗത്തോടെ നോക്കി നിൽക്കുന്നു.

ഞാൻ അനിതയുടെ തോളിൽ കൈ വെച്ചുകൊണ്ട് മെല്ലെ പറഞ്ഞു, "എണീക്കു കുട്ടീ, നമുക്കു പോകാം." എനിക്ക് സംസാരിക്കാൻ ബുദ്ധിമുട്ടു തോന്നി. അപ്പോഴാണ് ഞാനും കരയുകയാണെന്നു മനസിലായത്.

പല പ്രാവശ്യം വിളിച്ചിട്ടാണ് അനിത എഴുന്നേറ്റത്. ഞാനവളുടെ കൈ പിടിച്ചുകൊണ്ട് പുറത്തേക്കിറങ്ങി. അനി തിണ്ണയിൽ മുഖം മടിയിലമർത്തി ഇരിക്കുകയാണ്. അവന് ആകെയുണ്ടായിരുന്ന അമ്മ കൂടി നഷ്ടപ്പെട്ടിരിക്കുന്നു. പിന്നിൽ നിന്ന് ജോസഫ് ചോദിച്ചു, "രവി ഇവളെയുംകൊണ്ട് എങ്ങോട്ടാ പോകുന്നെ?"

"വീട്ടിലേക്ക്." ഞാൻ പറഞ്ഞു.

മഴ തിമിർത്തു പെയ്യുന്നു. ഞാൻ അനിതയുടെ കൈ പിടിച്ചുകൊണ്ടു് മഴയിലൂടെ നടന്നു. ആരും പുറകെ വന്നില്ല. അനിത ഒന്നും ചോദിച്ചില്ല. ഞാനൊന്നും പറഞ്ഞുമില്ല.

# 2

## സ്വപ്നത്തിലെ പെൺകുട്ടി

പടികടന്ന് ഉള്ളിലേക്ക് നടന്നപ്പോൾ തങ്കപ്പന് ഉറപ്പ് തോന്നി ഇതുതന്നെയാണ് വീടെന്ന്. പഴയ രീതിയിലുള്ള ഒരു ചെറിയ വീട്, മുൻവശം മാത്രം കോൺക്രീറ്റ് ചെയ്തിരിക്കുന്ന എന്ന തോന്നും, ഇടതുവശത്തായി ഒരു ചെറിയ ഷെഡ് കാണാം കാർഷെഡ് എന്ന് പറയാനാവില്ല. അത്രയ്ക്ക് വീതിയില്ല ഒരു സ്കൂട്ടർ വയ്ക്കാനുള്ള സ്ഥലമേയുള്ളൂ. വീടിന് മുൻവശത്തെത്തിയപ്പോൾ മുൻവശത്തെ വരാന്തയിൽനിന്ന് അകത്തേക്ക് തുറക്കുന്ന ഒരു കതക് കണ്ടു. അത് തുറന്നു കിടക്കുകയായിരുന്നു. ബെല്ലടിച്ചതും അകത്തുനിന്ന് ഒരു കൊച്ചു പെൺകുട്ടി ഓടി വരുന്നത് കണ്ടു. ഒരു ഒന്നര വയസ്സു പ്രായം കാണും. "ദേ അങ്കിൾ വന്നു"എന്നു പറഞ്ഞുകൊണ്ടാണ് ആ കുട്ടി വരാന്തയിലേക്ക് വന്നത്. കണ്ടപ്പോഴേ താൻ ദിവസേന സ്വപ്നത്തിൽ കാണാറുള്ള കുട്ടിയെ തങ്കപ്പൻ തിരിച്ചറിഞ്ഞു. കയ്യിലിരുന്ന പൊതി കുട്ടിയുടെ നേർക്കു നീട്ടി

"അത് വാങ്ങരുത് മോളേ. അറിയാൻ വയ്യാത്ത ആരെങ്കിലും എന്തെങ്കിലും കൊണ്ടെ തന്നാൽ വാങ്ങരുത്, കേട്ടോ."അകത്തുനിന്ന് ഒരു സ്ത്രീയുടെ ശബ്ദം കേട്ടു. നീട്ടിയ കൈ കുട്ടി പിൻവലിച്ചു.

പിന്നാലെ മദ്ധ്യവയസ്കയായ ഒരു സ്ത്രീ പുറത്തേക്ക് വരികയും ചെയ്തു. "നിങ്ങളാരാ? എന്താ വേണ്ടത്?"അവർ ചോദിച്ചു.

"ഞാൻ പറയാം."തങ്കപ്പൻ പറഞ്ഞുതുടങ്ങി, "ഞാൻ ഡ്രൈവർ തങ്കപ്പൻ. മാഡമെന്നെ അറിയില്ല. മാഡമല്ലേ ശാരദ മാഡം?"

"അതെ,"അവർ പറഞ്ഞു.

"കുറച്ചുനാൾ മുമ്പ് നിങ്ങളൊരു അപകടത്തിൽ പെട്ടില്ലേ? ഒരു ബസ് നിങ്ങളുടെ സ്കൂട്ടറിൽ തട്ടിയപ്പോൾ? ഞാനതിന്റെ ഡ്രൈവറായിരുന്നു മാഡം. വണ്ടിയുടെ അടിയിൽനിന്ന് മാഡത്തിനെ പുറത്തെടുക്കുമ്പോഴാണ് ഞാൻ ബസ്സിൽനിന്ന് ഇറങ്ങി ഓടി രക്ഷപ്പെട്ടത്.

ആ സാഹചര്യത്തിൽ ഓടി രക്ഷപ്പെടാനേ പറ്റുള്ളൂ, മാഡം അല്ലേൽ നാട്ടുകാരെല്ലാംകൂടി തല്ലിക്കൊല്ലും. ആ അപകടം സംഭവിച്ചതിൽ വലിയ ദുഃഖമുണ്ട് മാഡം, എനിക്കാദ്യമായിട്ടാണ് ഇങ്ങനെ ഒരപകടം ഉണ്ടാവുന്നത്. അതും പൂർണ്ണമായി എന്റെ തെറ്റല്ലായിരുന്നു മാഡം. മുമ്പിൽ കെടന്ന വണ്ടിയെ ഓവർടേക്ക് ചെയ്യാനായി തിരിച്ചപ്പഴാ സാറ് റോങ്ങ് സൈഡേ കേറി വന്നത്. ഞങ്ങടെ വണ്ടി പരക്കം പാച്ചിലാന്ന് എന്ന് എല്ലാവരും പരാതിപ്പെടും. പക്ഷെ അങ്ങനെ പാഞ്ഞില്ലേൽ മൊതലാളിക്കു കൊടുക്കാനുള്ള കാശ് വൈകുന്നേരമാകുമ്പഴത്തേക്ക് ഒക്കത്തില്ല, മാഡം."

"അതിനിനി തങ്കപ്പനെന്നതാ വേണ്ടത്?"ശാരദ ചോദിച്ചു.

"ഒന്നും വേണ്ടിയിട്ടല്ല, മാഡം. ഈ മിഠായി പാക്കറ്റൊന്ന് വാങ്ങിയിട്ട് എന്നോട് പൊറുത്തു എന്നു പറയണം."തങ്കപ്പൻ പറഞ്ഞു.

"അതിന് ഞാനെന്തിനാ പൊറുക്കുന്നെ? നിങ്ങള് ശ്രദ്ധിക്കാതെ ഓടിച്ചതുകൊണ്ടല്ലേ എന്റെ കൊച്ചിന്റെ അച്ഛൻ മരിച്ചു പോയതു?"

"പൊറുക്കണം, മാഡം. അങ്ങനെയല്ല, മാഡം. ഞാൻ വണ്ടി മുന്നോട്ടെടുക്കാൻ തുടങ്ങിയ സമയത്താണ് സാറ് ഇടതുവശത്തൂടെ മുന്നിൽ വന്നു കയറിയത്. ഇടതുവശത്തൂടെ കേറിവന്നാൽ ഡ്രൈവർക്ക് കാണാനൊക്കത്തില്ല മാഡം. അതാണ് സംഭവിച്ചത്. ഞാൻ വണ്ടി മുമ്പോട്ടെടുത്തപ്പഴത്തേക്കും സാറ് എന്റെ വണ്ടീടെ നേരെ മുന്നിലെത്തി. എനിക്കൊന്നും ചെയ്യാൻ പറ്റാതായിപ്പോയി മാഡം. പിന്നെ സാറ് ഹെൽമെറ്റ് വച്ചിരുന്നെങ്കിൽ രക്ഷപ്പെട്ടേനെ. തലയടിച്ചു വീണതുകൊണ്ടല്ലേ രക്തം വാർന്നു മരിച്ചത്."അയാൾ പറഞ്ഞൊപ്പിച്ചു.

"അതൊക്കെ സമ്മതിച്ചു. ചേട്ടനോട് ഞാനെത്ര പ്രാവശ്യം പറഞ്ഞതാ ഹെൽമെറ്റ് വച്ചോണ്ടേ ഓടിക്കാവൂന്നും സൂക്ഷിച്ച് ഓടിക്കണമെന്നും. ചേട്ടന് വല്ലതും പറ്റിയാൽ ഞങ്ങക്ക് ആരുമില്ലാതാകുമെന്നും ഒക്കെ ഞാനൊരുപാട് പറഞ്ഞുനോക്കിയതാ. ഇന്നത്തെ ട്രാഫിക്കിലും തെരക്കിലും എത്ര സൂക്ഷിച്ചോടിച്ചാലും അപകടം എപ്പഴാ ഉണ്ടാകാൻ പോകുന്നതു് എന്ന് പറയാനാവില്ല. അപ്പഴാ അങ്ങേരു് കൊച്ച് പയ്യന്മാരെപ്പോലെ വണ്ടികളുടെ ഇടയിൽക്കൂടെ വെട്ടിച്ച് വെട്ടിച്ച് ഓടിക്കുന്നത്. എത്രപ്രാവശ്യം പറഞ്ഞുനോക്കി, ആരെക്കൊണ്ടെല്ലാം പറയിച്ചുനോക്കി ആരു് കേക്കാനാ. അന്നുതന്നെ അങ്ങേരടെ പോക്കു കണ്ടപ്പം ഞാൻ പേടിച്ചു പോയി. ഞാൻ പറഞ്ഞതാ പതുക്കെ പോകാൻ. ആ, എന്നാ പറയാനാ ഞങ്ങൾക്ക് വിധിച്ചിട്ടുള്ളതു് ഇതായിരിക്കും."ഇത്രയും പറഞ്ഞപ്പോഴേക്ക് അവർ പൊട്ടിക്കരയാൻ തുടങ്ങി.

"അതൊക്കെ പോകട്ടെ, ഇതിന് ഞാൻ നിങ്ങളോടെന്തിനാ പൊറുക്കുന്നെ?"കുറച്ച് കഴിഞ്ഞു് കരച്ചിൽ ശമിച്ചപ്പോൾ ശാരദ ചോദിച്ചു.

"അന്നത്തേതിനു ശേഷം എനിക്ക് ഉറങ്ങാൻ പറ്റിയിട്ടില്ല, മാഡം. ഉറക്കം പിടിക്കുമ്പോൾ ദാ നിങ്ങളുടെ രണ്ടുപേരുടെയും മുഖം എന്റെ കൺമുമ്പിൽ എത്തും. കൂട്ടത്തിൽ ദാ ഇതുപോലെതന്നെയുള്ള ഒരു കുഞ്ഞും"എന്തു ചെയ്യണമെന്നറിയാതെ പ്രായമായ രണ്ടു പേരു

ടെയും മുഖത്ത് മാറിമാറി നോക്കിക്കൊണ്ടുനിന്ന ആ കുഞ്ഞിനെ ചൂണ്ടിക്കൊണ്ട് തങ്കപ്പൻ പറഞ്ഞു, "എന്നിട്ട് ആ കുഞ്ഞ് ചോദിക്കും, എന്തിനാ എന്റെ അച്ഛനെ കൊന്നത് എന്ന്. എനിക്ക് പിന്നെ ഉറങ്ങാൻ കഴിയില്ല. എന്നു മാത്രമല്ല വണ്ടി ഓടിക്കുമ്പൊ ആകപ്പാടെ ഒരു വെപ്രാളമാ മാഡം."തങ്കപ്പൻ പറഞ്ഞു. "പൊറുത്തു എന്ന് മാഡം പറഞ്ഞാലേ എനിക്കിനി ഉറങ്ങാൻ കഴിയൂ. ഇതങ്ങോട്ട് മേടിച്ചോണ്ട് പൊറുത്തു എന്നൊന്ന് പറയൂ മാഡം. ഇല്ലെങ്കിൽ പൊറുത്തു എന്നു പറയാൻ ഞാനെന്ത് ചെയ്യണമെന്നു പറയൂ മാഡം."തങ്കപ്പൻ വിക്കി വിക്കിയാണെങ്കിലും പറഞ്ഞു തീർത്തു.

"എന്താണതിലുള്ളത്?"ശാരദ ചോദിച്ചു.

"കുറച്ച് മിഠായിയാണ്, മാഡം, കൂട്ടത്തിൽ കുറച്ച് പണവുമുണ്ട്"തങ്കപ്പൻ പറഞ്ഞു.

"എന്താ, എന്റെ ഭർത്താവിന്റെ ജീവനുള്ള വിലയാണോ?"ശാരദ ചോദിച്ചു.

"അയ്യോ, അങ്ങനെ വിചാരിക്കല്ലേ മാഡം, അപകടത്തിൽ വണ്ടിക്ക് പറ്റിയ കേട്ട് തീർക്കാനുള്ള ഒരു ചെറിയ തുക എന്നു മാത്രമെ ഞാൻ കരുതിയുള്ളൂ."അയാൾ പറഞ്ഞു.

"ശരി, എന്നാൽ ഞാനായിട്ട് നിങ്ങടെ ഉറക്കം കെടുത്തുന്നില്ല. പൊയ്ക്കോളൂ, ഇവളിനി നിങ്ങടെ ഉറക്കത്തിൽ വരില്ല. ഞാൻ പൊറുത്തിരിക്കുന്നു. ആ പൊതി മേടിച്ചോ മോളേ."ശാരദ പറഞ്ഞു.

പൊതി കുഞ്ഞിനെ ഏൽപ്പിച്ച്, "വലിയ ഉപകാരം, മാഡം"എന്നു പറഞ്ഞുകൊണ്ട് തങ്കപ്പൻ തിരിച്ചു നടന്നു.

# 3
## പുനർജ്ജന്മം

ഒരു സാധാരണ ഹിന്ദു കുടുംബത്തിലാണ് ബാബു ജനിച്ചത്. അവനത്ര സമർത്ഥനായ വിദ്യാർത്ഥിയൊന്നുമല്ലായിരുന്നു. മാതാപിതാക്കൾക്ക് നല്ല ഉദ്യോഗമുണ്ടായിരുന്നതുകൊണ്ട് "നല്ലത്"എന്നു പറയുന്ന ഒരു സ്കൂളിലാണ് അവൻ പഠിച്ചത്. വിദ്യാർത്ഥികളെല്ലാം നന്നായി മാർക്കു മേടിക്കണം എന്ന വാശി അവിടത്തെ അധികാരികൾക്കും അദ്ധ്യാപകർക്കും ഉണ്ടായിരുന്നു. നല്ല മാർക്കു ലഭിക്കാനായി അദ്ധ്വാനിക്കാൻ ബാബു തയാറായിരുന്നു. അതുകൊണ്ട്, ഓരോ ദിവസവും പഠിപ്പിക്കുന്ന പാഠങ്ങൾ അന്നന്നു വൈകിട്ട് അവൻ പഠക്കുമായിരുന്നെന്നു മാത്രമല്ല, പരീക്ഷയടുക്കുമ്പോൾ വൈകിട്ടത്തെ കളിയൊക്കെ വേണ്ടെന്നുവച്ച് നേരത്തെതന്നെ അമ്പലത്തിലൊക്കെ പോയി കുളിച്ചു തയാറായി പഠിക്കാനിരിക്കുമായിരുന്നു. അങ്ങനെ അവനാൽ കഴിയുന്നതെല്ലാം ബാബു ചെയ്തു. പക്ഷെ എന്നിട്ടും അവന്റെ ടീച്ചറന്മാർക്ക് തൃപ്തിയായില്ല. മാതാപിതാക്കൾ ഒരുവിധമൊക്കെ അങ്ങ് അംഗീകരിച്ചു എന്നുമാത്രം. മൊത്തത്തിൽ, ജീവിതം തന്നോട് ക്രൂരമാണ് എന്നവനു തോന്നി, പ്രത്യേകിച്ച് ആ തടിയൻ രമേശനും ആ വായാടി ജോർജ് തോമസുമൊക്കെ വിശേഷിച്ചു വലിയ അദ്ധ്വാനമൊന്നുമില്ലാതെ നല്ല മാർക്കുകൾ വാങ്ങുന്നതു കണ്ടപ്പോൾ അവന് അസൂയയും പരീക്ഷയോടും ജീവിതത്തോടുതന്നെയും മടുപ്പും തോന്നി. ആ ജോർജ് തോമസാണെങ്കിൽ പരീക്ഷസമയത്തുപോലും ക്രിക്കറ്റു കളിക്കാൻ പോകുന്നതു കാണുമ്പോൾ കൂടെ പോകാൻ പലതവണ തോന്നിയതാണ്. പിന്നെ, മാർക്ക് ലിസ്റ്റു വരുമ്പോഴുള്ള അമ്മയുടെയും അച്ഛന്റെയും വിഷമവും ടീച്ചറന്മാരുടെ ശകാരവും ഓർത്തിട്ടാണ് അവൻ പുറത്തിറങ്ങാതെയിരുന്നു പഠിച്ചത്.

ഈശ്വരവിശ്വാസികളുടെ കുടുംബത്തിൽ ജനിച്ചതുകൊണ്ടാവാം ബാബു പതിവായി വിളക്കിനു മുന്നിലിരുന്നു പ്രാർത്ഥിക്കുമായിരുന്നു, പരീക്ഷയില്ലാത്ത കാലങ്ങളിലും. പരീക്ഷ അടുത്തുവരുമ്പോൾ പതിവായി അമ്പലത്തിലും പോകുമായിരുന്നു. അവന്റെ ഫ്രണ്ട്സ് അവനോടു പറഞ്ഞിരുന്നു പരീക്ഷയ്ക്കുമുമ്പ് ദൈവത്തെ ഒന്നു പ്രീതിപ്പെടുത്തുന്നതു നല്ല മാർ

ക്കു ലഭിക്കാൻ സഹായിക്കുമെന്ന്. അങ്ങനെ അവൻ പതിവായി വീട്ടിലിരുന്നു പ്രാർത്ഥിക്കുകയും പരീക്ഷയടുക്കുമ്പോൾ അമ്പലത്തിൽപ്പോകുകയും ചെയ്തു. കുറ്റം പറയരുതല്ലോ, അവൻ അവന്റെ പങ്കം കഴിവതും ശ്രമിച്ചു. എന്നിട്ടും എന്തോ ദൈവം കനിയാഞ്ഞിട്ടോ അദ്ധ്യാപകർ കനിയാഞ്ഞിട്ടോ അവൻ ഒരു ശരാശരി വിദ്യാർത്ഥിമാത്രമായി തുടർന്നു. എന്നാൽ അവന്റെ ബന്ധുക്കൾക്കും ടീച്ചറനമാർക്കും അതുകൊണ്ടു തൃപ്തിയായില്ല. എന്നാൽ അവനിനി കൂടുതലായി എന്തുചെയ്യണമെന്നു പറഞ്ഞുകൊടുക്കാനും അവർക്കായില്ല. അവന്റെ അമ്മ ശ്രമിക്കാഞ്ഞിട്ടല്ല. അവർ അവന് ബ്രഹ്മിയും അതുപോലെ ഓർമ്മ കൂട്ടാനായി പറയുന്ന പലതും വാങ്ങിക്കൊടുക്കുകയും ചെയ്തു. അതുപോലെ ഓരോന്നും ചെയ്യുമ്പോഴും ബാബുവിന്റെ മനസ്സിൽ തന്നെപ്പറ്റിയുള്ള അഭിപ്രായം കുറഞ്ഞുവന്നതല്ലാതെ, മാർക്കു കൂടിയില്ല. അവന് ഇതിൽനിന്നൊക്കെ രക്ഷപ്പെട്ടാൽമതി എന്നായി.

അങ്ങനെയിരിക്കെയാണ് ഒരു ദിവസം അവന്റെ ക്ലാസ്ടീച്ചർ ആ ഭയങ്കര കാര്യം പ്രഖ്യാപിച്ചത്: പരീക്ഷകൾ വരുന്നു. എല്ലാവരും പഠിച്ചുതുടങ്ങിക്കൊള്ളൂ! അതോടെ ബാബുവിന് ആധിയായി. ഇനിയും തുടങ്ങണമല്ലോ, ദൈവങ്ങളെ പ്രീതിപ്പെടുത്തലും കളിസമയമൊക്കെ വീട്ടിലിരുന്ന് പഠിക്കലും. അന്നവൻ വീട്ടിലേക്ക് പോകുന്ന വഴിക്ക് പലപ്പോഴും കാണാറുള്ള ആ ചെമ്പൻ പട്ടി അവന്റെയടുത്തു വന്നു. വാലുമാട്ടി അവനെ നോക്കിനിൽക്കുന്ന ചെമ്പനെ കണ്ടപ്പോൾ ബാബുവിനു തോന്നി, "ഈ പട്ടികൾക്കൊക്കെ എന്തു സുഖമായിരിക്കും! സ്കൂളിലും പോകണ്ട, പരീക്ഷയും എഴുതണ്ട, മാർക്ക് ലിസ്റ്റിനേം പേടിക്കണ്ട, ടീച്ചറേം പേടിക്കണ്ട. തോന്നുന്നതുപോലെ കൂട്ടുകാരുടെ കൂടെ കളിച്ചുനടന്നാൽ മതി. പിന്നെ ആരെങ്കിലുമൊക്കെ കൊടുക്കുന്ന എന്തെങ്കിലുമൊക്കെ കഴിക്കാനും കിട്ടും."

പരീക്ഷ അടുത്തിരിക്കുന്നതുകൊണ്ട്, വീട്ടിലെത്തി കുളിച്ചു തയാറായി ബാബു അമ്പലത്തിൽ പോയി. അടുത്തുള്ള ശിവക്ഷേത്രമാണ് അവർ സാധാരണ സന്ദർശിക്കാറുള്ളത്. ആ ദിവസം, എന്തോ കാരണവശാൽ, ആ ചെമ്പൻ അവിടെയുമെത്തി. അമ്പലത്തിലേക്കു കയറാനൊരുങ്ങിയ ബാബുവിന്റെ മുന്നിൽ വാലുമാട്ടിക്കൊണ്ട് അവനെത്തി. ചെമ്പനെ വീണ്ടും കണ്ടപ്പോൾ ബാബുവിനു തോന്നി അവനെന്തോ പറയാൻ ശ്രമിക്കുകയാണെന്ന്. അല്ലെങ്കിൽ, സാധാരണഗതിയിൽ കണ്ടാൽ വാലാട്ടി സ്നേഹം പറഞ്ഞിട്ട് അവൻ പോകാറാണ് പതിവ്. ആ ദിവസം സ്കൂളീന്നു വരുമ്പൊ കണ്ടപ്പോഴും അമ്പലത്തിനടുത്തുവച്ചു കണ്ടപ്പോഴും ചെമ്പൻ അടുത്തുവന്നു വാലാട്ടി നിൽക്കുകയും അവന്റെ മുഖത്തേക്കുതന്നെ നോക്കുകയും ചെയ്തു. "അവനെന്തോ എന്നോടു പറയാൻ ശ്രമിക്കുകയാണോ? അതോ എന്റെ അവസ്ഥ കണ്ട് അനുതാപം അറിയിക്കാൻ വന്നതാണോ?"ഇങ്ങനെ പോയി അവന്റെ ചിന്ത.

അന്ന് ബാബു കുറേനേരം പ്രാർത്ഥിച്ചു. പരമശിവനോട് തന്റെ കഷ്ടപ്പാടുകൾ വിശദമായിത്തന്നെ പറഞ്ഞു. എന്നിട്ട് തന്നെ ഒന്നു രക്ഷിക്കാൻ യാചിച്ചു. കൈക്കൂലിയായി പലതും കൊടുക്കാമെന്ന് ഏൽക്കുകയും ചെയ്തു. പക്ഷെ, എന്തുകൊണ്ടോ, ശിവൻ കനിഞ്ഞതായി അവനു തോന്നിയില്ല. ഇനിയെന്താണ് വഴി എന്നാലോചിച്ചപ്പോഴാണ് ഓർമ്മവന്നത്. വിദ്യയുടെ ദേവി സരസ്വതിയാണെന്ന് അങ്ങേതിലെ ചേച്ചി പറഞ്ഞതും ചില കൂട്ടുകാർ

സരസ്വതിയെ പൂജിക്കുന്നതായി മറ്റുചിലർ പറഞ്ഞതും. എന്തായാലും ഇനി ഒരു വഴിയും ഒഴിവാക്കരുത് എന്നു കരുതി അവൻ അടുത്തുള്ള മറ്റൊരു ക്ഷേത്രത്തിൽ പോയി. അവിടെ സരസ്വതിയുടെ വിഗ്രഹമുണ്ടായിരുന്നു. അവിടെയും കാര്യങ്ങളൊക്കെ പറഞ്ഞിട്ടാണ് അന്നവൻ വീട്ടിലെത്തിയത്. പക്ഷെ എന്നിട്ടും അവനത്ര സന്തോഷമായില്ല. ഇനിയുള്ളത് സ്പെഷ്യൽ റെക്കമൻഡേഷനാണ്. അതിന് അമ്മയെ ശട്ടംകെട്ടണം എന്ന ചിന്തയോടെയാണ് അവൻ വന്നത്.

പിന്നെയും ദാ വീട്ടിനടുത്തെത്തിയപ്പോൾ വരുന്നു ചെമ്പൻ വാലുമാട്ടിക്കൊണ്ട്. "എന്താടാ, നിനക്കെന്താ വേണ്ടത്? നീ വിചാരിച്ചാൽ എന്നെ സഹായിക്കാൻ പറ്റുമോ? ഞാൻ നിനക്ക് പറ്റുമ്പോഴൊക്കെ വല്ലതും തിന്നാൻ തരാറുള്ളതല്ലേ? നീ പറ. ഞാനിപ്പൊ രണ്ട് അമ്പലത്തിലും പോയി ദൈവത്തിനോട് കാര്യമായി പറഞ്ഞിട്ടാ വരുന്നത്. പക്ഷെ അവരൊന്നും കേട്ട ഭാവമില്ല. നിനക്കു സുഖമല്ലേ? സ്കൂളിലും പോകണ്ട, പരീക്ഷേമില്ല, ചുമ്മാ ഓടിക്കളിച്ചു നടന്നാ മതി. എന്നെക്കൂടി നിന്റെ കൂട്ടത്തിൽ കൂട്ടുമോടാ?"എന്നവൻ ഉറക്കെത്തന്നെ ചോദിച്ചു. പക്ഷെ ചെമ്പനും വലിയ താല്പര്യം കാട്ടിയില്ല. അവൻ വെറുതെ തുറിച്ചു നോക്കിയിട്ടു സ്ഥലംവിട്ടു.

"എന്തുപറ്റി, മോനു. ഇന്നെന്താ ഇത്ര വൈകിയത്?"എന്ന ചോദ്യവുമായാണ് അമ്മ അവനെ സ്വീകരിച്ചത്.

"അമ്പലത്തിൽ പോയിരുന്നു അമ്മേ. പരീക്ഷ വരുവാ. എന്തെങ്കിലുമൊക്കെ കാര്യമായി ചെയ്താലേ നല്ല മാർക്കു വാങ്ങാനൊക്കൂ. അമ്മയുടെ വക സ്പെഷൽ പൂജ വല്ലതും ചെയ്യിക്കണം."എന്ന് ബാബു വിശദീകരിച്ചു.

ചായകുടിക്കാനിരിക്കുമ്പഴും ബാബുവിന്റെ ചിന്ത ചെമ്പനെക്കുറിച്ചായിരുന്നു. ഒരു പട്ടിയായി ജനിച്ചിരുന്നെങ്കിൽ എന്തു സുഖമായിരുന്നു! വല്ല എല്ലിൻകഷണവും ഇറച്ചിക്കഷണവും ചന്തേന്നു കിട്ടും. അതൊക്കെ കടിച്ചുചവച്ച് കൂട്ടുകാരുടെ കൂടെ കളിച്ചു നടന്നാൽപ്പോരേ? ഈ പരീക്ഷേമില്ല, മാർക്കും വാങ്ങണ്ട, ആരും ചോദിക്കേമില്ല. തോന്നുന്നിടത്തു കറങ്ങി നടന്നു കളിക്കാം.

അന്നുരാത്രി പഠിക്കാനിരിക്കുമ്പോൾ അവന്റെ ചിന്ത വീണ്ടും പരീക്ഷയിലേക്കു തിരിഞ്ഞു. മടുപ്പു തോന്നിയപ്പോൾ മുഖമുയർത്തി നോക്കിയത് മുമ്പിലത്തെ ജനാലയിലൂടെ പുറത്തേക്കാണ്. നല്ല രാത്രി. ചെറുതായി നിലാവെളിച്ചമുണ്ടെങ്കിലും നക്ഷത്രങ്ങൾ മിന്നുന്നതും കാണാം. നല്ല ഭംഗിയുള്ള രാത്രി. അവന് മുറിക്കുള്ളിലിരിക്കാൻ തോന്നിയില്ല. പതുക്കെ എണീറ്റ് ശബ്ദമുണ്ടാക്കാതെ പുറത്തുകടന്നു. നല്ല സുഖമുള്ള അന്തരീക്ഷം, ചെറുതായ തണുപ്പുമുണ്ട്, മരങ്ങളുടെ ഇടയിൽക്കൂടി നക്ഷത്രങ്ങളെ കാണാനും നല്ല രസമുണ്ട്. അവനവിടെയങ്ങനെ നിന്ന് മുകളിലേക്കു നോക്കുമ്പോൾ താരസുന്ദരികളുടെ ഇടയിൽ വിരാജിക്കുന്ന രാജകുമാരിയെപ്പോലെ തിളങ്ങുന്ന അർദ്ധചന്ദ്രൻ അവനോട് എന്തോ പറയുന്നതുപോലെ തോന്നി. താരസുന്ദരികളാണെങ്കിൽ അവനെ കണ്ണിറുക്കി കാണിക്കുന്നു. എല്ലാംകൂടി നല്ല രസം. അവൻ കുറച്ചുനേരമങ്ങനെ നിന്നു. അപ്പോഴതാ അധികം ദൂരത്തല്ലാതെ ഏതോ

പട്ടി ഓലിയിടുന്നു. ബാബുവിനു വീണ്ടും തോന്നി ആ പട്ടിക്ക് എന്തോ സന്ദേശമുണ്ട്. അല്ലെങ്കിൽ ഈ നേരത്ത് സാധാരണയായി ഇങ്ങനെയൊന്നും കേൾക്കാറില്ല. അവൻ വീണ്ടും ചിന്തിച്ചു, "ഒരു പട്ടിയായിരുന്നെങ്കിൽ! ദേ ഈ രാത്രിയിൽപ്പോലും കളിച്ചു നടക്കു വല്ലേ? പഠിക്കാനുമില്ല, ഹോംവർക്കുമില്ല. പരീക്ഷയെ പേടിക്കുകേം വേണ്ട. ഞാനൊരു പട്ടിയായിരുന്നെങ്കിൽ!"ആ അവസാനത്തെ ഭാഗം അവൻ ഓർക്കാതെ ഉറക്കെ പറഞ്ഞു പോയി.

കുറച്ചുനേരം അങ്ങനെ നിന്നപ്പോൾ നേരം പോകുന്നല്ലോ എന്ന തോന്നൽ, പഠിക്കണ്ടേ? എന്നാൽ അവന് അകത്തേക്കു പോകാനും തോന്നുന്നില്ല. അങ്ങനെ, ബാബു വരാന്തയുടെ പടിയിൽ പോയിരുന്നു. അങ്ങനെ ഇരുന്നുകൊണ്ട് പരീക്ഷയെപ്പറ്റിയും വൈകിട്ടത്തെ ഫലപ്രദമാകാത്ത ക്ഷേത്രസന്ദർശനത്തെപ്പറ്റിയും ഒക്കെ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അവനു വീണ്ടും തോന്നി, "ഹൊ, ഈ പട്ടികൾക്ക് എന്തു സുഖമായിരിക്കണം! ഒരു പട്ടിയായി ജനിച്ചിരുന്നെങ്കിൽ!"പെട്ടെന്ന് അവനു തോന്നി, പരമശിവനോട്ട് പ്രാർത്ഥിച്ചാലോ, തന്നെയൊരു പട്ടിയാക്കാൻ. പിന്നീട് പരീക്ഷയെല്ലാം കഴിയുമ്പൊ തിരിച്ച് കുട്ടിയായൽപ്പോരെ? അവനതു് ഉറക്കെ പറഞ്ഞോ എന്ന് അവനുതന്നെ അറിയില്ല.

ഏതായാലും അങ്ങനെയിരിക്കുമ്പോൾ അവന്റെ മുന്നിലേക്ക് ആരോ നടന്നുവരുന്നതുപോലെ തോന്നി. പെട്ടെന്ന് കള്ളനോ മറ്റോ ആയിരിക്കുമോ എന്നവൻ പേടിച്ചു. പക്ഷെ പൊലീസ് സ്റ്റേഷന്റെ ഇത്ര അടുത്ത് കള്ളന്മാരാരും വരില്ല എന്ന് ആലോചിച്ചപ്പോൾ തോന്നി. അങ്ങനെ, ആ മനുഷ്യൻ അടുത്തേക്കു നടന്നുവരുന്നു. നോക്കിയപ്പോൾ സാധാരണ വേഷമൊന്നുമല്ല എന്ന് അവന് തോന്നി. ആ പാതിവെളിച്ചത്തിൽത്തന്നെ വേറെയെന്തോ വേഷമാണെന്നു മനസ്സിലാക്കാം. പക്ഷെ എങ്ങിനത്തെ വേഷമാണെന്ന് അവനു തിരിച്ചറിയാനായില്ല. കുറച്ചുകൂടി അടുത്തേക്കു വന്നപ്പോഴാണ് അവൻ ശരിയായി കാണുന്നതു്. അതുകണ്ട് ബാബു ഭയന്നോ സന്തോഷിച്ചോ അതോ വെപ്രാളപ്പെട്ടോ എന്ന് അവനുപോലും അറിയില്ല. കാരണം പരമശിവന്റെ വേഷം ധരിച്ച ഒരാളെയാണ് അവൻ കണ്ടതു്. ഇതുപോലത്തെ വേഷംകെട്ടിയ ഒരാൾക്ക് നാടകരംഗത്തുനിന്ന് ഇറങ്ങി ഓടേണ്ടതായി വന്നതു് ഒരു സിനിമയിൽ കണ്ടതു് അവനോർത്തു. ഇനി അങ്ങനെ വല്ലതുമായിരിക്കുമോ? എന്തായാലും ചാടിയെണീക്കാനുള്ള മനഃസാന്നിദ്ധ്യം അവനുണ്ടായി. അവൻ കൈ തൊഴുതുകൊണ്ട് അങ്ങനെ നിന്നു.

"എന്താ മകനേ, നിനക്കു വേണ്ടതു്?"ആദ്യം സംസാരിച്ചതു് വിരുന്നുകാരൻ തന്നെയായിരുന്നു. ബാബുവിന് ഒന്നും പറയാനാവുന്നില്ല. "ദിവസവും നീ എന്നോടു പ്രാർത്ഥിക്കുന്നതല്ലേ? ഇപ്പോൾ ഞാൻ നിന്റെ മുമ്പിൽ വന്നപ്പോൾ ഒന്നും മിണ്ടാത്തതെന്താ? പേടിക്കുന്നതെന്തിനാ? നീ വിളിച്ചിട്ടല്ലേ ഞാൻ വന്നതു്? അങ്ങനെ എല്ലാവരും വിളിച്ചാലൊന്നും ഞാൻ വരില്ല, കേട്ടോ. നീ നല്ല കുട്ടിയാണ്. എനിക്കു നിന്നെ ഇഷ്ടമായതുകൊണ്ടാണ് വന്നതു്. നിനക്കെന്താണ് വേണ്ടതെന്നു പറ."

"നിനക്കെന്താ പഠിക്കാൻ പ്രയാസമാണല്ലേ? അതുകൊണ്ട് കുറച്ചുകാലം ഒരു പട്ടിയായി ജീവിക്കാനാഗ്രഹമാണല്ലേ? എന്നാൽപ്പിന്നെ നിന്റെ ആഗ്രഹംപോലെ നടക്കട്ടെ"എന്നു

പറഞ്ഞിട്ട് ആ രൂപം നടന്നകന്നു. ആ രൂപവും ഗാംഭീര്യം നിറഞ്ഞ ശബ്ദവും കേട്ടിട്ട് ബാബുവിന് ഒന്നും പറയാൻ പറ്റിയില്ല. അവൻ വെറുതെ തല കുലുക്കുക മാത്രം ചെയ്തു.

ബാബുവിന് ഭയവും സന്തോഷവും എല്ലാംകൂടി വല്ലാത്തൊരു അനുഭൂതി. ശരിക്കും പരമശിവൻ തന്നെയായിരിക്കുമോ വന്നത്? താനിപ്പോഴൊരു പട്ടിയായി മാറുമോ? അവനങ്ങനെ ചിന്തിച്ചതേയുള്ളൂ, ദേഹത്തിന് എന്തോ സംഭവിക്കുന്നതുപോലെ ഒരു തോന്നൽ. അവന്റെ കാലുകൾക്കും കൈകൾക്കും എന്തോ സംഭവിക്കുന്നതുപോലെ. ദാ, ക്രമേണയായി അവന്റെ വിരലുകളുടെ രൂപമെല്ലാം മാറുന്നു. കൈകാലുകൾ ശോഷിച്ച് തീരെ മെലിഞ്ഞതായി. അവനു വീണ്ടും പേടിയായി. തനിക്കെന്താണീ സംഭവിക്കുന്നത് എന്ന പേടി. പണ്ട് ഒരു സിനിമയിൽ ഒരു കുട്ടിയെ പട്ടിയാക്കി മാറ്റിയ കുമ്മാട്ടിയെ കണ്ടതോർത്തു. ആ സിനിമയിൽ ബാക്കി പട്ടികളെയെല്ലാം തിരിച്ച് കുട്ടികളാക്കിയപ്പോൾ ഒരു പട്ടി മാത്രം ഓടിപ്പോയതിനാൽ പട്ടിയായിത്തന്നെ തുടർന്നു. അത് അവനെ ഭയപ്പെടുത്തി. തന്റെ അച്ഛനും അമ്മയും തന്നെ തിരിച്ചറിയുമോ? അറിഞ്ഞില്ലെങ്കിൽ എന്തുചെയ്യും? തുടങ്ങിയ ചോദ്യങ്ങൾ അവന്റെ മനസ്സിലൂടെ കടന്നുപോയി. എന്നാലും അവനാഗ്രഹിച്ചതുപോലെ പട്ടിയായല്ലോ. ഇനി സ്കൂളുമില്ല, പരീക്ഷയുമില്ല, ഒരുപ്രശ്നവുമില്ല എന്ന് അവൻ സന്തോഷിച്ചു. "വല്ല പട്ടിയും വന്നെങ്കിൽ അവരുടെകൂടെ കളിക്കാമായിരുന്നു."എന്നവൻ വിചാരിച്ചു.

അതേസമയം, അവന്റെ മനസ്സിലൊരു സംശയവുമുണ്ടായി. താനിനി എങ്ങനെ തന്റെ അച്ഛനോടും അമ്മയോടും പറയും താനവരുടെ മകനാണെന്ന്. ആ സിനിമയിൽ കുട്ടികളെ കുമ്മാട്ടി പട്ടികളാക്കുന്നത് കണ്ടവരുണ്ടായിരുന്നു. ഇന്നിപ്പോൾ താനൊറ്റയ്ക്കാണ്. അബദ്ധമായിപ്പോയോ എന്ന ചിന്ത അവനെ വല്ലാതെ അലട്ടി. അവൻ വിളിച്ചിട്ടാണല്ലോ ശിവൻ വന്നത്. അവനെ ഇഷ്ടമായതുകൊണ്ടാണെന്നല്ലേ പറഞ്ഞത്? അതുകൊണ്ട് ഒന്നുകൂടി വിളിച്ചുനോക്കാം. എന്നുള്ള ചിന്തയിൽ അവൻ പരമശിവനെ വിളിച്ചു. ഭഗവാനെ വിളിച്ചത് ഒരു കുരയായാണ് പുറത്തുവന്നത്. ശിവൻ എപ്പഴേ പൊയ്ക്കഴിഞ്ഞു! അവനൊന്നുകൂടി വിളിച്ചു, കുറച്ചുകൂടി ഉച്ചത്തിൽ. ഇപ്പോൾ ഉച്ചത്തിലുള്ള കുരയാണ് പുറത്തുവന്നത്. ഉടനെതന്നെ അതാ അപ്പുറത്തുനിന്നും കേൾക്കുന്നു കുര! അവൻ ഉറക്കെ നിലവിളിക്കാൻ ശ്രമിച്ചു. ഇത്തവണ കുരയ്ക്കു പകരം ഓലിയിടുന്ന ശബ്ദമാണ് പുറത്തുവന്നത്. ഉടനെതന്നെ പലയിടങ്ങളിൽനിന്നും പട്ടികൾ ഓലിയിടാൻ തുടങ്ങി.

താമസിയാതെ ആ വീട്ടുമുറ്റത്ത് എട്ടുപത്തു പട്ടികൾ കൂട്ടമായെത്തുന്ന ശബ്ദം കേട്ടു. ബാബു ആലോചിച്ചു. "ഇതാരാണോ വരുന്നത്! പട്ടികളാണെന്നു തോന്നുന്നു, ആ ചെമ്പനുണ്ടാവുമോ എന്തോ. വല്ല പട്ടിയും തന്നെ തിരിച്ചറിയുമോ? അവർ ഫ്രെണ്ട്‌ലി ആയിരിക്കുമോ? അതോ വഴക്കിടാനാണോ വരുന്നത്?"

എന്തായാലും വന്ന പട്ടികളുടെ കൂട്ടത്തിൽ ചെമ്പനുമുണ്ടായിരുന്നു. ബാബുവിനു സന്തോഷമായി. ദൂരസ്ഥലത്തുവച്ച് ഒരു പഴയ പരിചയക്കാരനെ കണ്ടതുപോലെ. എന്നാൽ, ചെമ്പന്റെ ഭാവത്തിൽ ഒരു മാറ്റവുമില്ല.

"നീയേതാ, എവിടന്നു വന്നു?"

“നിനക്കെന്താ ഇവിടെ കാര്യം?”

ഇങ്ങനെ പോയി ഓരോ ചോദ്യം. ഇപ്പോൾ പട്ടികൾ പറയുന്നത് അവനു മനസ്സിലാകുന്നുണ്ടായിരുന്നു.

“ആഹാ, കൊള്ളാമല്ലൊ, എന്റെ വീട്ടിൽ കയറിവന്നിട്ട് എന്നോടു ചോദിക്കുന്നോ ഞാനാരാന്ന്!”അപ്പോഴും ബാബുവിന്റെ മനസ്സിൽ ഓടിവന്നു ആ പ്രശസ്ത സിനിമാ ഡയലോഗ്, “ഞാനാരാണെന്ന് തനിക്കറിയില്ലെങ്കിൽ താനെന്നോട് ചോദിക്ക് ഞാനാരാണെന്ന്. അപ്പോ തനിക്കു ഞാൻ പറഞ്ഞു തരാം ഞാനാരാണെന്നും താനാരാണെന്നും.”

പക്ഷെ ഇതൊന്നും ആ പട്ടികളുടെയടുത്ത് വിലപ്പോകില്ല എന്നവൻ കണ്ടു. എന്താ ആ ചെമ്പൻ പോലും, എത്രതവണ അവന് ഭക്ഷണം കൊടുത്തിട്ടുള്ളതാ!

“ആ വിദ്യയൊന്നും ഇവിടെയിറക്കണ്ട കേട്ടോ, വേഗം സ്ഥലംവിട്ടോ. ഇതു ഞങ്ങളുടെ സാമ്രാജ്യമാ. വേറെയാർക്കും പ്രവേശനമില്ല. പുതിയൊരാൾക്കു കഴിക്കാൻ ഭക്ഷണവുമില്ല. ഉള്ളതുകൊണ്ട് ഞങ്ങൾ ഒരുവിധത്തിൽ കഴിഞ്ഞുകൂടുകയാ. അതുകൊണ്ട് മോൻ പോ. നമ്മടെയടുത്താ കളിക്കാൻ വരുന്നെ!”നേതാവിന്റെ ഭാവമുള്ള ഒരു പട്ടിയാണ് പറഞ്ഞത്.

“എടാ ചെമ്പാ, നിനക്കെന്നെ അറിയില്ലേ? ഇന്നു വൈകിട്ടും ഞാൻ നിനക്ക് എന്റെ ലഞ്ച് ബോക്സീന്നുള്ള ഭക്ഷണം തന്നതല്ലേ?”ബാബു അവസാനമായി ഒന്നു ശ്രമിച്ചുനോക്കി. പക്ഷെ ചെമ്പനെങ്ങനെ ബാബുവിനെ തിരിച്ചറിയാനാ! എന്നാലും അവൻ പറഞ്ഞു, “വൈകിട്ടു ഭക്ഷണം തന്നത് ഇവിടത്തെ കുട്ടിയാണല്ലൊ. നീയെവിടുന്നാ എനിക്കു ഭക്ഷണം തരുന്നെ?”അതു കേട്ടപ്പോൾ ബാബുവിന് അല്പം ആശ്വാസമായി.

“ആ കുട്ടിതന്നെയാടാ ഞാൻ! കുറച്ചുമുമ്പ് പരമശിവൻ വന്ന് എന്നെ പട്ടിയാക്കിയതാ, എന്റെ ആഗ്രഹമനുസരിച്ച്. എനിക്കു മടുത്തു ഈ സ്കൂളിലും പോയി എപ്പഴുമിരുന്നു പഠിച്ചിട്ടും എനിക്കു നല്ല മാർക്കു കിട്ടുന്നില്ല. അതുകൊണ്ട് ഞാൻ പ്രാർത്ഥിച്ചതാ എന്നെ പട്ടിയാക്കാൻ. അങ്ങനെ രാത്രിയിൽ പരമശിവൻ വന്ന് എന്നെ പട്ടിയാക്കി. ഇനി നിങ്ങളുടെ കൂടെയൊക്കെ കളിച്ചു നടക്കാമല്ലോ!”

അതുകേട്ടപ്പോൾ ചെമ്പൻ അടുത്തുവന്ന് അവനെ മണത്തുനോക്കി. അപ്പോൾ ആ നേതാവിനെപ്പോലെ തോന്നിച്ച പട്ടി ചോദിച്ചു, “ഇവൻ പറയുന്നത് നേരാണോ? ആണെങ്കിൽ അവനെ വെറുതെവിടാം.”

മണത്തുനോക്കിയിട്ട് ചെമ്പൻ തലകുലുക്കി. “അതേന്നുതോന്നുന്നു.”അവൻ പറഞ്ഞു. “പക്ഷെ അവനെ അങ്ങനെ വിടണ്ട. അവന് നമ്മടെ കാര്യങ്ങളൊന്നും അറിയില്ല എന്നു തോന്നുന്നു. ഞാനൊന്നു സംസാരിക്കട്ടെ.”

“എന്നാ നീ സംസാരിക്ക്.”എന്നു പറഞ്ഞുകൊണ്ട് നേതാവു പോയി. പിന്നാലെ മറ്റു പട്ടികളും.

“എടാ, നീ വിചാരിക്കുന്നതുപോലൊന്നുമല്ല ഞങ്ങളുടെ ജീവിതം. ഞങ്ങളിൽ ഓരോരുത്തർക്കും അവരുടെ സാമ്രാജ്യമുണ്ട്. അതാണ് ഞങ്ങൾ മൂത്രമൊഴിച്ച് അടയാളപ്പെടുത്തുന്നത്. മറ്റൊരു പട്ടിയുടെ അധികാരപരിധിയിൽ കടന്നാൽ അവൻ ഓടിച്ചുവിടും. ഓടിപ്പോയില്ലെങ്കിൽ അവൻ ആക്രമിക്കും. അപ്പോൾ കൂടുതൽ കരുത്തുള്ള പട്ടിയാണ് അവിടെ വിജയിക്കുക. നീയിപ്പൊ ഇവിടെ പട്ടിയായി പ്രത്യക്ഷപ്പെട്ടതുകൊണ്ട് ഈ സ്ഥലത്തിന്റെ അധികാരിയായ പട്ടി നിന്നെ ആക്രമിക്കും. അതുകൊണ്ട് അവൻ തിരകെയെത്തുന്നതിനുമുമ്പുതന്നെ സ്ഥലംവിടുന്നതാണ് നല്ലത്.”

“എന്നാലും ഇതെന്റെ വീടല്ലേ? എനിക്ക് ഇവിടെ കഴിഞ്ഞൂടേ? ഞാനെവിടെ പോകാനാ?”എന്നായി ബാബു.

“എടാ, നിനക്കെന്താ മനസ്സിലാകാത്തെ? നിന്റെ വീട്ടിൽ വേറൊരാൾ വന്നു താമസമാക്കിയാൽ നിന്റെ അച്ഛനൊ നീയൊ സമ്മതിച്ചുകൊടുക്കുമോ? അതുപോലെതന്നെയാണ് പട്ടികളുടെ കാര്യവും. നീ എന്തെങ്കിലും വഴി കണ്ടുപിടിക്ക്. അല്ലെങ്കിൽ പ്രശ്നമാ. അവൻ വന്നാൽപ്പിന്നെ എനിക്കും സഹായിക്കാൻ പറ്റില്ല. അവൻ കരുത്തനാണെന്നു മാത്രമല്ല, അവന്റെ സൈഡിലാ ന്യായവും.”

അങ്ങനെ സംസാരിച്ചു നിൽക്കുമ്പോൾ പട്ടികൾ വരുന്ന ശബ്ദം കേട്ടു. മുമ്പിലുണ്ടായിരുന്നു ആ വീടിന്റെ പരിസരത്തെ അധികാരിയായ കറുത്ത ഒരു വലയ പട്ടി. “ആരാടാ എന്റെ സ്ഥലം പിടിക്കാൻ വന്നിരിക്കുന്നെ? ഓടിക്കോണം, കണ്ടുപോകരുത്”എന്നു പറഞ്ഞുകൊണ്ടാണ് അവൻ എത്തിയത്. അവന്റെ വരവു കണ്ടിട്ട് ബാബുവും പേടിച്ചുപോയി. തിരികെ മനുഷ്യനാവുക മാത്രമേ വഴിയുള്ളൂ എന്നവനു തോന്നി.

അറിയാതെ അവൻ വിളിച്ചു “ഭഗവാനേ!”അപ്പോൾ ദാ വീണ്ടും വന്നു പരമശിവൻ. “എന്താ ബാബൂ വിളിച്ചത്? നിനക്കിനി എന്തുവേണം? നീ ആഗ്രഹിച്ചതുപോലെയല്ലേ നിന്നെ ഞാൻ പട്ടിയാക്കിയത്?”

“അതു ശരിയാ ഭഗവാനേ, പക്ഷെ അത് അബദ്ധമായിപ്പോയി എന്നു തോന്നുന്നു. പട്ടികളുടെ ജീവിതം അത്ര സുഖകരമല്ല എന്നു മനസ്സിലായി. എനിക്ക് തിരിച്ച് മനുഷ്യനായാൽ മതി. പക്ഷെ, ഒരു കാര്യംകൂടി. ദയവായി എന്റെ അച്ഛനേം അമ്മയേം ടീച്ചറന്മാരേം ഒന്നു മനസ്സിലാക്കിക്കണം എനിക്ക് ഇത്രയൊക്കെ മാർക്കേ വാങ്ങാനാവുള്ളൂ എന്ന്. ഞാൻ എനിക്കു പറ്റുന്നതിന്റെ മാക്സിമം ശ്രമിക്കാം. പക്ഷെ, എന്തുചെയ്യാനാ. എത്ര പഠിച്ചാലും എനിക്ക് കൂടുതൽ മാർക്കൊന്നും കിട്ടുന്നില്ല.”

പരമശിവൻ സമ്മതിച്ചു. “ഭൂമിയിൽ എന്തായി ജീവിച്ചാലും അതിന്റേതായ ബുദ്ധിമുട്ടുകളുണ്ടാകും. നീ എന്തായി ജനിച്ചുവോ അതായിത്തന്നെ ജീവിക്കാൻ പഠിക്കണം അതാണ്. നല്ലത്. ബാക്കി ഞാനേറ്റു.”അങ്ങനെ പറഞ്ഞുകൊണ്ട് ശിവൻ അവന്റെ പുറത്തുതട്ടി.

നോക്കിയപ്പൊ ദാ അമ്മ നിൽക്കുന്നു മുന്നിൽ! “എന്താ മോനേ ഇവിടെ വന്നിരുന്ന് ഉറക്കം തൂങ്ങുന്നെ? നിനക്ക് ചായയോ കട്ടൻകാപ്പിയോ വല്ലതും വേണോന്നു ചോദിക്കാനാ

യി നിന്റെ മുറിയിൽ നോക്കിയപ്പൊ നീയില്ല. അങ്ങനെയാ ഇവിടെ വന്നത്. അപ്പൊ നീ നല്ല ഉറക്കം. എന്നാ പോയിക്കിടന്നുറങ്ങ്. ഇനി നാളെ നേരത്തെ എണീറ്റിരുന്നു പഠിക്കാം."

# 4

## ഒരസാധാരണയാത്ര

വേലപ്പനെപ്പോലെ ഒരാളെ നിങ്ങൾ കണ്ടിട്ടുണ്ടാവില്ല. എന്നാൽ, ഒരർത്ഥത്തിൽ, ധാരാളം കണ്ടിട്ടിമുണ്ടാകും. വിശദീകരിക്കാം. കാഴ്ചയിൽ ഒരു സാധാരണക്കാരൻ. കൃശഗാത്രൻ. ഏതാണ്ട് അഞ്ചടി പൊക്കം. ഒരു അമ്പത് കിലോഗ്രാമിലധികം ഭാരം വരില്ല. പ്രായം ഊഹിക്കാൻ പ്രയാസം. എങ്കിലും നാൽപ്പതിനും അമ്പതിനും ഇടയിൽ എന്നു പറയാം. ഇരുനിറം. കറുത്ത മുടി അധികം നീട്ടിയിട്ടില്ല. പക്ഷെ തീരെ കുറുകിയതുമല്ല. കഷണ്ടി തീരെയില്ല. മുഖത്ത് എപ്പോഴും ശാന്തത. ഈ വിവരണം യോജിക്കുന്ന എത്രയോ പുരുഷന്മാരെ കാണാൻ കഴിഞ്ഞേക്കും. പക്ഷെ അവരിൽ നിന്നെല്ലാം വ്യത്യസ്ഥനാണ് വേലപ്പൻ. ഒരസാധാരണ പ്രതിഭാസം എന്നേ എനിക്ക് പറയാൻ കഴിയുന്നുള്ളൂ. അങ്ങിനെ ഒരാളെ ഞാൻ പരിചയപ്പെട്ടിരുന്നു എന്നും അയാളോടൊപ്പം ചെയ്ത യാത്രകളുടെയും മറ്റും ഓർമ്മകൾ യഥാർത്ഥമാണ് എന്നും വിശ്വസിക്കാൻ പറ്റുന്നില്ല. അത്ര അസാധാരണ അനുഭവങ്ങളായിരുന്നു അവ. മറ്റേതോ ലോകത്തിലായിരുന്നു എന്ന പ്രതീതി. ഞാൻ കഥ ആദ്യം മുതൽ തുടങ്ങട്ടെ.

ഞാൻ വേലപ്പനെ ആദ്യം കാണുന്നത് വളരെ വിചിത്രമായ സാഹചര്യങ്ങളിലാണ്. രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദം എടുത്തശേഷം മൂന്നാറിൽ ഒരു തേയിലക്കമ്പനിയിൽ പണിയെടുക്കുന്ന കാലം. അവിവാഹിതൻ. വെള്ളിയാഴ്ച്ച വൈകുന്നേരമോ ശനിയാഴ്ച്ചയോ നാട്ടിലെക്കു പോകാറുണ്ടായിരുന്നു. സ്വന്തം മോട്ടോർ സൈക്കിളിലായിരുന്നു മിക്കവാറും സവാരി. അന്ന് ഒരു എൻഫീൽഡ് ബുള്ളറ്റായിരുന്നു എന്റെ മയിൽവാഹനം. സന്ധ്യ കഴിഞ്ഞുള്ള യാത്രയിൽ നിന്ന് എന്നെ പിന്തിരിപ്പിക്കാൻ സഹപ്രവർത്തകർ പലരും ശ്രമിച്ചിരുന്നു. വഴിയിൽ അക്രമികളുണ്ടെന്നും പിശാചുക്കളുണ്ടെന്നും ഒക്കെ അവർ പറഞ്ഞു ഭയപ്പെടുത്താൻ നോക്കി. ഒരു യഥാർഥ ശാസ്ത്ര വിദ്യാർഥിയായിരുന്ന ഞാൻ യാതൊരു വിധത്തിലുള്ള ഭൌതികാതീത ശക്തിയിലും വിശ്വസിച്ചിരുന്നില്ല. പിന്നെ തൊഴിലിനോട്ട് അൽപ്പമെങ്കിലും കൂറുള്ള ഒരക്രമിയും എന്നെ ഉപദ്രവിക്കില്ല എന്ന് ഞാനവരോട്

പറഞ്ഞു. കാരണം എന്നിൽ നിന്ന് ഒന്നും നേടാനുണ്ടാവില്ല എന്ന് ഒറ്റ നോട്ടത്തിൽ അവൻ മനസ്സിലാക്കിയിരിക്കും. അതുകൊണ്ട് അവരുടെ ശ്രമം വിജയിച്ചില്ല. മാത്രമല്ല, ഞായറാഴ്ച്ചകളിൽ ക്ലബ്ബിൽ നടക്കാറുള്ള ചീട്ടുകളി-മദ്യപാന അഘോഷങ്ങൾക്ക് ആളെണ്ണം കൂട്ടുക എന്നതായിരുന്നു അവരുടെ പ്രധാന ഉദ്ദേശ്യം എന്നെനിക്കറിയാമായിരുന്നു. എനിക്കതിൽ തീരെ താൽപര്യം ഇല്ലായിരുന്നു. ആ സമയത്ത് പ്രയോജനമുള്ള വല്ലതും ചെയ്യരുതോ എന്ന് ഒരിക്കൽ അവരോട് ചോദിച്ചതിനുള്ള മറുപടി കുറേക്കാലം അവർ തന്നുകൊണ്ടിരുന്ന കഥ ഞാനോർമ്മിക്കുന്നു.

ഒരു വെള്ളിയാഴ്ചയായിരുന്നു. ഏതാണ്ട് ഏഴ് ഏഴര മണിയായിട്ടുണ്ടാവും. ഞാൻ നേരിയ മങ്കലം പ്രദേശത്തായിരുന്നു. സാമാന്യം നല്ല ഇരുട്ട്. ഇരുവശത്തും ഇടതൂർന്ന് വളരുന്ന വൃക്ഷങ്ങൾ കാരണം റോഡിലേക്ക് അസ്തമയസൂര്യന്റെ പ്രകാശരശ്മികൾ തീരെ കടക്കുന്നില്ല. പരിചിതമായ വഴിയായതിനാലും ബുള്ളറ്റിന്റെ ഹെഡ്ലൈറ്റ്200 പ്രകാശമേറിയതായതിനാലും, പിന്നെ വഴിയിൽ വാഹനങ്ങൾ തീരെ വിരളമായതിനാലും എനിക്ക് ബുദ്ധിമുട്ടൊന്നും തോന്നിയില്ല. സാമാന്യം നല്ല വേഗതയിൽ തന്നെയായിരുന്നു ഞാൻ ഓടിച്ചിരുന്നത്.

ഒരു ഘട്ടമെത്തിയപ്പോൾ പെട്ടെന്ന് എനിക്ക് എന്തോ പന്തികേടുപോലെ തോന്നി. മുന്നിൽ വലത്തേക്കുള്ള വളവ്. വലിയ വാഹനമാണെങ്കിൽ വേഗത കുറച്ചുതന്നെയേ പോകാനാകൂ. സാധാരണ ഗതിയിൽ ഞാൻ വേഗത കുറയ്ക്കാറില്ല, കാരണം ഇരുട്ടായതുകൊണ്ട് എതിരേ വാഹനം വരുന്നുണ്ടെങ്കിൽ അതിന്റെ ഹെഡ്ലൈറ്റ്200 കാണനാകും. മാത്രമല്ല ഇരുചക്ര വാഹനത്തിൽ ആ വളവിൽക്കൂടി സമാന്യം വേഗതയോടെ പോകാനും ബുദ്ധിമുട്ടില്ല.പക്ഷെ ഇത്തവണ ഞാൻ വേഗത കുറച്ചു. അതൊരു ബോധപൂർവ്വമായ തീരുമാനമായിരുന്നില്ല. എന്തോ പന്തികേടുണ്ടെന്നു തോന്നിയതിന്റെ ഫലമായി അറിയാതെ കുറച്ചതാണ്. കുറഞ്ഞപക്ഷം അങ്ങിനെയാണ് എനിക്കപ്പോൾ തോന്നിയത്. വേഗത കുറച്ചു വളവുതിരിഞ്ഞു ഞാൻ പെട്ടെന്നു വണ്ടി ചവിട്ടി നിർത്തി.

നടുറോട്ടിൽ ഒരാൾ കിടക്കുന്നു. മറ്റൊരാൾ അൽപ്പം മുന്നിലുള്ള ഇടവഴിയിലേക്ക് ഓടിക്കയറുന്നു. ഞാൻ ഒരു നിമിഷത്തേക്ക് സ്തബ്ധനായി നിന്നു പോയി. പക്ഷെ പെട്ടെന്ന് ഞാൻ സ്വബോധം വീണ്ടെടുത്തു. വീണുകിടക്കുന്ന് ആളിന് എന്തെങ്കിലും പറ്റിയിരിക്കുമോ എന്നായിരുന്നു എന്റെ ഭയം. വണ്ടി സ്റ്റാന്റിലിട്ടിട്ട് അയാളുടെ അടുത്തേക്ക് നടക്കുമ്പോളേക്കു അയാൾ എഴുന്നേറ്റിരുന്നു. സഹായത്തിനായി നീട്ടിയ കൈ നിരസിച്ചുകൊണ്ട് അയാൾ എഴുന്നേറ്റുനിന്നു. "എനിക്കൊന്നും പറ്റിയില്ല. സാർ കൃത്യസമയത്തിന് വന്നു." അയാൾ പറഞ്ഞു.

എന്റെ വാഹനത്തിന്റെ വെളിച്ചത്തിൽ അയാളെ നന്നായി കണ്ടു. ഖദർ മുണ്ടും ഷർട്ടും, പിന്നെ തോളിലൊരു സഞ്ചിയും വേഷം. മുഖത്ത് ഒരാഴ്ചത്തെ വളർച്ചയെത്തിയ താടിമീശ. ഷർട്ടിന്റെ മുൻവശമാകെ ചുളിങ്ങിക്കൂടി കിടക്കുന്നു - അക്രമി ഷിർട്ടിൽ കേറി പിടിച്ചിരിക്കണം. അടി കൊണ്ടതായി തോന്നിയില്ല. ഒരു കശപിശ ഉണ്ടായതിന്റെ പരിഭ്രമമല്ല മുഖത്ത് കണ്ടത്.

“ഹേയ്, തല്ലൊന്നും കിട്ടിയില്ല.  അതിനു മുമ്പേ സാറെത്തിയില്ലേ.” അയാളുടെ വാക്കുകൾ എന്റെ മനസിലെ ചോദ്യത്തിനു ഉത്തരമെന്നവണ്ണം.

“ഒന്നും പറ്റിയില്ലല്ലോ?” ഞാൻ ചോദിച്ചു.

“ഒന്നും പറ്റിയില്ല.”

“എന്താ ഉണ്ടായതു്?” ഞാൻ ചോദിച്ചു.

“ഇവിടെ കഞ്ചാവ് കൃഷി നടത്തുന്നവരാ. രണ്ടു പേരുണ്ടായിരുന്നു. അവർ വിചാരിച്ചു ഞാൻ അവരെ നിരീക്ഷിക്കാൻ വന്നതാണെന്ന്. സാറിന്റെ വണ്ടിയുടെ ശബ്ദം കേട്ടപ്പോൾ അവർക്ക് തോന്നി പോലീസാണെന്ന്.  ബുള്ളറ്റിന്റെ ശബ്ദം തിരിച്ചറിഞ്ഞിട്ടുണ്ടാകും.  അവർ ഭയന്നോടിപ്പോയി.” അയാൾക്കതൊരു തമാശയായി തോന്നിയതുപോലെ.

അക്രമികൾ തിരിച്ചുവരുമോ എന്ന ഭയം എന്തുകൊണ്ടോ എന്റെ മനസ്സിൽ ഉണ്ടായില്ല.

“വല്ലതും നഷ്ടപ്പെട്ടിട്ടുണ്ടോന്നു നോക്കു.”

“ഇല്ല, ഒന്നും നഷ്ടപ്പെട്ടിട്ടില്ല.” അയാൾക്ക് ഉറപ്പായിരുന്നു.

“സഞ്ചിയിൽ നിന്നോ പോക്കറ്റിൽ നിന്നോ എന്തെങ്കിലും താഴെ വീഴാൻ സാധ്യതയുണ്ട്.” ഞാൻ പറഞ്ഞു.

“വല്ലതും പോയാൽ ഞാനറിയും.  ഒന്നും പോയിട്ടില്ല.”

“എന്നാൽ ശരി, വരൂ.  ഞാൻ കൊണ്ടുവിടാം.  എവിടേയ പോകേണ്ടതു്?” എന്ന് പറഞ്ഞു് ഞാൻ മോട്ടോർ സൈക്കിളിന്റെ അടുത്തേക്കു നടന്നു.

“ഓ, ഒരു രണ്ട് കിലോമീറ്റർ അപ്പുറത്തു് പോയാൽ മതി.  സാർ പോകുന്ന വഴിക്കു തന്നേയാണ്.” വളരെക്കാലമായി എന്നോടൊപ്പം മോട്ടോർസൈക്കിളിൽ സഞ്ചരിക്കുന്ന ഒരു സുഹൃത്തിനേപ്പോലെയാണ് അയാൾ വണ്ടിയിൽ കയറിയതു്.  ഉയരം കുറവാണെങ്കിലും ബുള്ളറ്റിന്റെ പിൻസീറ്റിൽ അനായാസമായി കയറിയിരിക്കാൻ അയാൾക്കു കഴിഞ്ഞു എന്നതു് എന്നിൽ തെല്ലൊരത്ഭുതം ഉളവാക്കി.  എന്റെ സുഹൃത്തുക്കളിൽ ഉയരം കുറഞ്ഞ മിക്കവരും ഈ വണ്ടിയിൽ കയറാൻ ബുദ്ധിമുട്ടിയിട്ടുള്ളകാര്യം ഞാനോർത്തു.

കഷ്ടിച്ച് രണ്ട് കിലോമീറ്റർ പോയിരിക്കും, പിന്നിൽ നിന്ന് കൽപ്പനയായി, “ഇവിടെ നിർത്തിയാൽ മതി.”

നല്ല ഇരുട്ട്.  ചന്ദ്രൻ ഉദിച്ചിട്ടില്ല.  ചുറ്റിനും മരങ്ങളല്ലാതെ ഒന്നും കാണാനില്ല.  ഇയാളെങ്ങോട്ടാണ് പോകുന്നതു് എന്ന ചോദ്യം സ്വാഭാവികമായി മനസ്സിലുദിച്ചു.  മറുപടിയെന്നോണം അയാൾ പറഞ്ഞു, “ഞാനിവിടെ അടുത്താണ് താമസിക്കുന്നതു്.  ഒരു ചെറിയ കുടിൽ. ഇന്നിത്ര വൈകിയില്ലേ, മറ്റൊരു ദിവസം നമുക്കവിടെ കൂടാം.  സാറ് വിട്ടോളൂ.  അല്ലെങ്കിൽ വീട്ടിലെത്താൻ ഒരുപാട് വൈകും.” ഞാനെന്തെങ്കിലും പറയുന്നതിനു മുമ്പ് അയാൾ

ഇരുട്ടിലേക്ക് നടന്നുമറഞ്ഞു.

ഞാൻ അയാളെ വീണ്ടും കാണുന്നത് കുറേകാലം കഴിഞ്ഞാണ്. അതും അസാധാരണമായ രീതിയിൽ. ഈ സംഭവം നടന്ന ഏതാണ്ട് ഒരു വർഷം കഴിഞ്ഞിരിക്കും. അപ്പോഴേക്ക് പലതും സംഭവിച്ചിരുന്നു. ഞാൻ ജോലി മാറി. എനിക്കൊരു വധുവിനെ കണ്ടെത്തുന്നതിൽ ബന്ധുക്കൾ വിജയത്തൊടടുത്തു. മേൽപറഞ്ഞ സംഭവങ്ങൾ എന്റെ മനസ്സിൽ നിന്നു മാഞ്ഞുതുടങ്ങി.

ഒരു ദിവസം കോട്ടയം പട്ടണത്തിൽ ബസ്സിറങ്ങിയ ശേഷം വീട്ടിലേക്ക് ഓട്ടോറിക്ഷ പിടിക്കാൻ ഒരുങ്ങുകയായിരുന്നു. വാഹനം വർക്ക്ഷോപ്പിലായിരുന്നതിനാൽ യാത്ര ശനിയാഴ്ച്ചത്തേക്കു മാറ്റി. രാവിലെ അത്യാവശ്യമായി ആപ്പീസിൽ പോകേണ്ടിയിരുന്നതിനാൽ യാത്ര തിരിച്ചപ്പോൾ വൈകിയിരുന്നു. കോട്ടയത്തെത്തിയപ്പോൾ സമയം മൂന്നുമണിയൊടടുത്തിട്ടുണ്ടാവും. നല്ല വിശപ്പുണ്ടായിരുന്നു. വല്ലതും കഴിച്ചിട്ടു പോകാം എന്നുവിചാരിച്ചു. വീട്ടിലെത്തിയാൽ ചോറുണ്ടാകും. പക്ഷെ ചോറുണ്ണാൻ തോന്നുന്ന സമയമല്ലായിരുന്നു. അങ്ങനെ ചിന്തിച്ചു കൊണ്ടു ഞാൻ ജങ്ഷനിലുള്ള ഹോട്ടലിലേക്കു കയറി. വലിയ തിരക്കില്ലായിരുന്നെങ്കിലും ഒഴിഞ്ഞ മേശ അന്വേഷിച്ച് ഉള്ളിലേക്കു നടക്കുമ്പൊൾ തൊട്ടടുത്തു നിന്നൊരു വിളി കേട്ടു.

“രവീ , വാ. ഇവിടെ ഇരിക്കാം.”

ഞാൻ തിരിഞ്ഞു നൊക്കിയപ്പൊൾ കണ്ടതു് പുഞ്ചിരിച്ചു കൊണ്ട് എന്നെ നോക്കിയിരിക്കുന്ന തികച്ചും അപരിചിതനായ ഒരു മനുഷ്യനെയാണ്. ഏതാണ്ടൊരു മുപ്പത്തഞ്ചു വയസ്സു തോന്നിക്കും. മെലിഞ്ഞതല്ലെങ്കിലും വണ്ണം കുറഞ്ഞ ശരീരം. ഇരു നിറം കറുത്ത മുടി. നെടുകെയും കുറുകെയും വരകളുള്ള തവിട്ടു നിറമുള്ള ഷർട്ട്. ഇരുണ്ട നിറമുള്ള പാന്റ്സ്. “മനസ്സിലായില്ലല്ലൊ” എന്നു ഞാൻ പറയുന്നതിനു മുമ്പ് അയാൾ പറഞ്ഞു, “പോയി കൈ കഴുകി വരൂ, എന്നിട്ടു സംസാരിക്കാം”

കൈ കഴുകുന്ന സമയത്തു് ഞാൻ മനസ്സു ചികഞ്ഞു നോക്കി. ആരായിരിക്കും ഈ മനുഷ്യൻ? ഒരെത്തും പിടിയും കിട്ടിയില്ല. ഞാൻ കൈ കഴുകി സീറ്റിൽ വന്നിരുന്ന് അയാളുടെ മുഖത്തു് ശ്രദ്ധയോടെ നോക്കി. അയാളണെങ്കിൽ എന്റെ കഷ്ടത വർധിപ്പിക്കാനെന്നവണ്ണം ഒരു പുഞ്ചിരിയോടെ എന്നെ നോക്കി ഇരിക്കുക മാത്രം ചെയ്തു.

പെട്ടെന്നാണ് ഞങ്ങളുടെ മുന്നിൽ ഒരു പ്ലേറ്റ് മസാലദോശയുമായി വെയ്റ്റർ വന്നത്. എന്റെ നേർക്ക് ചൂണ്ടിക്കൊണ്ട് എന്റെ മുന്നിലിരുന്ന ‘സുഹൃത്തു്’ പറഞ്ഞു. “ഇത് രവിക്കുള്ളതാ. മസാലദോശയല്ലെ ഫേവറിറ്റ്.”

അതൊരു ചോദ്യമല്ലയിരുന്നു. വെറുമൊരു സ്റ്റേറ്റ്മെന്റ്, ഒരു പ്രസ്താവന. ഞാനകപ്പാടെ വിഷമത്തിലായി. എനിക്കെന്താണു ഇഷ്ടമെന്നുപൊലും അറിയാവുന്ന ഈ മനുഷ്യനാരു? ഞാൻ നേരിട്ടു ചോദിക്കാൻ തീരുമാനിച്ചു.

“മനസ്സിലായില്ല അല്ലേ. അത്ഭുതപ്പെടാനില്ല. നമ്മൾ ഒരു പ്രാവശ്യമല്ലേ കണ്ടിട്ടുള്ളൂ.”

ഇതു് എന്റെ മനോവിഷമം വർദ്ധിപ്പിച്ചതേയുള്ളൂ.ഒരു പ്രാവശ്യം കണ്ട ഇയാൾക്കെങ്ങനെ എന്റെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലായി? "കഴിക്കൂ വിഷമിക്കേണ്ട ഞാൻ പറഞ്ഞു തരാം." അയാൾ പറഞ്ഞു. "എന്റെ പേരു് വേലപ്പൻ. നമ്മൾ ഒരു പ്രാവശ്യമേ ഇതിനു മുമ്പേ കണ്ടിട്ടുള്ളൂ. രവി ഒരിക്കൽ മൂന്നാറിൽ നിന്നു ബൈക്കിൽ വരുമ്പോൾ രണ്ടു പേർ ചേർന്ന് എന്നെ ഭീഷിണിപ്പെടുത്തുകയായിരുന്നു. കൃത്യസമയത്ത്ു് രവി എത്തിയതിനാൽ അവർ ഓടിപൊയ്ക്കളഞ്ഞു. കാലം കുറേ അയില്ലേ മറന്നുകാണും."

സംഭവം ഓർമ്മ വന്നപ്പോൾ എനിക്കാശ്വാസമായി. "ഓ മറന്നിട്ടൊന്നുമില്ല. പെട്ടെന്നു മുഖം ഓർമ്മ വന്നില്ലന്നേയുള്ളൂ. പിന്നെ നിങ്ങളുടെ വേഷവും ആകെ മാറിയിരിക്കുന്നു. അന്നു നല്ല ഇരുട്ടത്ത്ു് കണ്ടതല്ലേ."

"ശരിയാ. പിന്നെ , കാണുന്ന മുഖമെല്ലാം എല്ലാവരും ഓർത്തിരിക്കണമെന്നുമില്ല. രവി അക്കര്യത്തിൽ പിന്നിലാണല്ലോ."

അതും ഒരു പ്രസ്താവനയായിരുന്നു. ചോദ്യമല്ലായിരുന്നു. പക്ഷേ അതിന്റെ പ്രസക്തി അപ്പൊഴൊന്നും എനിക്കു പിടികിട്ടിയില്ല. "വേലപ്പൻ കഴിക്കുന്നില്ലേ?" ഞാൻ ചോദി ച്ചു.

"ഞാൻ കഴിച്ചു കഴിഞ്ഞു . അപ്പൊഴാ രവി വന്നതു്."

ഞാൻ അഹാരത്തിലേക്കു ശ്രദ്ധ തിരിച്ചു.

"വേലപ്പനെന്താ ജോലി?" ഞാൻ ചോദിച്ചു.

"ഞാനോ? ഞാൻ എല്ലാ ജോലിയും ചെയ്യും എന്നാൽ ഒന്നും ചെയ്യാറുമില്ല."

ഈ രസകരമായ മറുപടിക്ക് ഒരു മറുചോദ്യം ചോദിക്കാൻ സാധിക്കുന്നതിനു മുൻപു തന്നേ വേലപ്പന്റെ വക ചോദ്യം വന്നു. "പുതിയ ജോലി ഒക്കെ എങ്ങനെ ഉണ്ട്?"

ഇതൊരു ചോദ്യമായിരുന്നു. വേലപ്പന്റെ ആദ്യത്തേതു്. പക്ഷെ ഒരു കുശലം എന്നതിൽ കവിഞ്ഞു് ഒന്നും ഉണ്ടായിരുന്നില്ല എന്നു തോന്നി. "തരക്കേടില്ല . കുറച്ചുകൂടി ഭേദപ്പെട്ട ശമ്പളമാണ്." ഞാൻ പറഞ്ഞു.

"ശമ്പളം കൂടുമ്പോൾ ഉത്തരവാദിത്തവും കൂടും. ബുദ്ധിമുട്ടും കൂടും.മുമ്പിലത്തേപോലെ ഒഴിവു സമയം കിട്ടില്ല. ഇനി കുടുംബമൊക്കെ ആവുമ്പോൾ പണം കൂടുതൽ ആവശ്യമായി വരുമ ല്ലോ."

എന്റെ വിവാഹമൊക്കെ ശരിയായിവരുന്ന വിവരം ഇയാൾ അറിഞ്ഞുകൊണ്ടാണോ ഇതൊക്കെ പറയുന്നതു് എന്ന സംശയം ഒരു നിമിഷം എന്റെ മനസ്സിൽ ഉയരുകയും അപ്പോൾ തന്നെ ഞാനതിനെ ദൂരെയെറിയുകയും ചെയ്തു.

കാപ്പി വേണോ, ചായ വേണോ,അതോ തണുത്തതെന്തെങ്കിലുമാണോ വേണ്ടതു് എന്നു ചോദിച്ചുകൊണ്ടു് വെയ്റ്റർ വന്നു. വേലപ്പൻ തന്നെ കൽപ്പിച്ചു. "രണ്ടുപേർക്കും കാപ്പി

മതി. സാറിനതാണിഷ്ടം."

"എങ്ങനെയറിയാം?" എന്നായി ഞാൻ.

"എങ്ങനെയായാലെന്താ ശരിയല്ലേ?" എന്നു വേലപ്പൻ. "പോയി കൈ കഴുകി വരൂ അപ്പോഴേക്കും കാപ്പിയെത്തും."

ഞാൻ കൈ കഴുകാൻ പോയി. ആ സമയത്ത് പല ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നു വന്നു. എന്റെ പേരു ഞാൻ ഇയാൾക്കു പറഞ്ഞുകൊടുത്തിരുന്നോ? എനിക്ക് മസാലദോശയും കപ്പിയുമാണിഷ്ടം എന്ന് ഇയാൾക്കെങ്ങനെ മനസ്സിലായി? ഞാൻ പുതിയ ജോലിക്കു മാറിയ കാര്യം ഇയാളെങ്ങനെ മനസ്സിലാക്കി? കുറച്ചാലോചിച്ചപ്പൊ തോന്നി അതൊന്നും വലിയ കാര്യമല്ലെന്ന്. മൂന്നാറിലും മറ്റും പരിചയമുള്ള ആർക്കും വേണമെന്നുവെച്ചാൽ ഒരാളേപ്പറ്റി എന്താണ് കണ്ടുപിടിക്കാൻ കഴിയാത്തത്? പക്ഷെ ഇയാളെന്തിന് എന്നേപ്പറ്റി ഇത്രയധികം വിവരങ്ങൾ അന്വേഷിച്ചു കണ്ടുപിടിക്കണം? ഇയാൾ യഥാർത്ഥത്തിൽ ഒരു പോലീസ് ചാരൻ തന്നെയാണോ? ഉത്തരം കിട്ടാത്ത ഇത്തരം പല ചോദ്യങ്ങൾ മനസ്സിൽ അവശേഷിച്ചു. ഞാൻ കൈ കഴുകി ചെന്നപ്പോഴേക്ക് കാപ്പി എത്തിയിരുന്നു. കാപ്പി കുടിക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു: "വേലപ്പനിവിടെ എന്തെടുക്കുകയാ?"

"ഞാനിതുവഴി ഒരിടത്തു പോയതാ. കുറച്ചു സമയം കിട്ടിയപ്പോൾ തോന്നി രവിയെ കണ്ടിട്ട് പോകാമെന്ന്."

"ഞാനിതുവഴി വരുമെന്ന് എങ്ങനെ അറിയാമായിരുന്നു?"

"ഹ ഹ ഹ, രവിക്കുതന്നെ അറിയാമല്ലോ, വേണമെന്നു വച്ചാൽ ഒരാളേപ്പറ്റി എന്താണു കണ്ടുപിടിക്കൻ പറ്റാത്തത്?"

ഞാൻ ചെറുതായിട്ടെങ്കിലും ഞെട്ടി. അൽപ്പം മുമ്പ് എന്റെ മനസ്സിലൂടെ കടന്നു പോയ അതേ കാര്യമല്ലേ വേലപ്പൻ പറയുന്നത്? മറ്റൊരു കോയിൻസിഡൻസ് എന്നതിനപ്പുറം ഒന്നുമുണ്ടാവില്ല എന്നു വിശ്വസിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. എത്ര തവണയായി ഇതുപോലെ സംഭവിക്കുന്നു? ഇയാൾ വല്ല മന്ത്രവാദിയൊ മറ്റോ ആണോ? പ്രകൃത്യാതീയമായ ഒന്നിലും വിശ്വസിക്കാത്ത എനിക്ക് എന്തു ചിന്തിക്കണം എന്നറിയാത്ത ഒരവസ്ഥ. എന്തോ അസാധാരണമായതു സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ എന്നിൽ ചെറിയൊരു പരിഭ്രമമുളവാക്കി.

"രവീ, നമുക്കറിയാത്തതായി ഈ ലോകത്തിൽ , പ്രകൃതിയിൽ , ഒരുപാടു കാര്യങ്ങളുണ്ട്. ശാസ്ത്രം അതിന്റേതായ വഴിയിലൂടെ പലതും കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. എന്നാൽ ആ വഴിയിൽ മാത്രം ഒതുങ്ങുന്നതല്ല പ്രകൃതി. ശാസ്ത്രത്തെ ഞാൻ കുറ്റപ്പെടുത്തുകയല്ല. അതു പല ഉൾക്കാഴ്ചകളും നമുക്കു തരുന്നുണ്ട്. എന്നാൽ ഇന്നത്തെ പാതയിൽ പോയാൽ ശാസ്ത്രത്തിനു കാണാൻ കഴിയാത്ത പലതുമുണ്ട്. നാം മറ്റൊരു പാത സ്വീകരിച്ചാൽ അവയിൽ പലതും പെട്ടെന്ന് കണ്ടെത്താൻ കഴിയും. ശാസ്ത്രം തന്നെ എന്നെങ്കിലുമൊരിക്കൽ ഇവയെ കണ്ടെത്തിക്കൂടായ്കയില്ല. പക്ഷെ ശാസ്ത്രം പഠിച്ചതുകൊണ്ട് എല്ലാമായി എന്നു

കരുതുന്നത് തെറ്റാണ്. നമ്മുടെ മനസ്സിന്റെ ചെറിയൊരു ഭാഗം മാത്രമേ മിക്ക മനുഷ്യരും ഉപയോഗിക്കുന്നുള്ളൂ. അഞ്ചോ ആറോ ശതമാനം. അറുപതോ എഴുപതോ ശതമാനം ഉപയോഗിക്കാൻ കഴിഞ്ഞാൽ എന്തെല്ലാം നേടാനാവുമെന്ന് ആലോചിച്ചു നോക്കൂ. ഇത് ആർക്കുവേണമെങ്കിലും കഴിയുന്ന കാര്യമാണ്. അതിനുള്ള ആഗ്രഹവും നിശ്ചയദാർഢ്യവും വേണമെന്നു മാത്രം. രവിക്ക് അതു കഴിയും. അതുകൊണ്ടാണ് രവിയെ കാണണമെന്ന് ഞാൻ ആഗ്രഹിച്ചത്. ഞാനന്ന് പറഞ്ഞതുപോലെ നമുക്കൊരുദിവസം കൂടണം. ഇന്നല്ല. വരുന്ന ഡിസംബർ മാസമാവട്ടെ. തിരുവനന്തപുരത്തു വച്ചാവട്ടെ. ഞാൻ രവിയെ കണ്ടെത്തിക്കൊള്ളാം."

വേലപ്പന്റെ ഈ വാക്കുകൾ കേട്ട് ഞാൻ സ്തബ്ധനായി ഇരുന്നു പോയി. വീണ്ടും ഇയാൾ എന്റെ മനസ്സിലുണർന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം എന്ന പോലെ സംസാരിച്ചു എന്നു മാത്രമല്ല, എന്റെ കാഴ്ചപ്പാടുകളിലേക്കു തന്നെ കടന്നു ചെന്നിരിക്കുന്നു. ശാസ്ത്രത്തിൽ പൂർണമായി വിശ്വാസമർപ്പിച്ചു കൊണ്ടുള്ള എന്റെ കാഴ്ചപ്പാടുകളെ പിടിച്ചുലയ്ക്കുന്ന തലത്തിലുള്ളതായിരുന്നു ഈ വാക്കുകൾ. അവയുടെ ഉള്ളടക്കം കൊണ്ടു മാത്രമല്ല, എന്നോടു യാതൊരു ചർച്ചയും നടത്താതെ അത്ഭുതകരമായി എന്റെ വിശ്വാസങ്ങൾ ഗ്രഹിച്ചെടുത്ത് അവയെ തകിടം മറിക്കുന്ന വിധത്തിലുള്ളതായിരുന്നു അവ എന്നതു കൊണ്ടും കൂടി. ഇത്തരം കാര്യങ്ങളിൽ ലവലേശം താൽപര്യം കാണിക്കാത്തവരായിരുന്നു എന്റെ സഹപ്രവർത്തകർ, എക്കാലത്തും. അതുകൊണ്ട് മറ്റാരിൽ നിന്നും ഇതൊന്നും മനസ്സിലാക്കാൻ വേലപ്പനു കഴിഞ്ഞിട്ടുണ്ടാവില്ല. ഇയാൾക്കെന്റെ മനസ്സു വായിക്കാൻ കഴിയുന്നുണ്ടോ എന്ന സംശയമാണു എനിക്കു പെട്ടെന്നുണ്ടായത്.

"മറ്റൊരാളിന്റെ മനസ്സ് വായിക്കുക എന്നു പറയുന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല രവീ. അത് പോകട്ടെ. കാപ്പിയിരുന്നു തണുത്തുപോകുന്നു. ഫിനിഷ് യുവർ കോഫി ഫാസ്റ്റ്. എനിക്കും പോകാറാകുന്നു."

വേലപ്പന്റെ ഈ വാക്കുകൾ എന്നെ വീണ്ടും ചിന്താകുഴപ്പത്തിലാക്കി. അദ്ദേഹത്തിൽ നിന്ന് എന്തുകൊണ്ടോ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്നാന്തരം ആംഗലഭാഷ. പക്ഷെ അപ്പൊഴേക്കും എനിക്ക് സ്വതന്ത്രമായി ചിന്തിക്കാൻ കഴിയാതായിരുന്നു. വേലപ്പൻ പറഞ്ഞത് അനുസരിക്കാൻ മാത്രമേ എനിക്കു കഴിഞ്ഞുള്ളൂ.

കാപ്പി കുടിച്ച് എണീറ്റപ്പോഴേക്കും വേലപ്പൻ ബില്ലു കൊടുത്തു കഴിഞ്ഞിരുന്നു. പുറത്തിറങ്ങിയ ശേഷം അടുത്തുള്ള മുറുക്കാൻ കടയിലാണ് അദ്ദേഹം നിന്നത്. രണ്ടു സിഗരറ്റ് മേടിച്ച് ഒന്ന് എന്റെ നേർക്ക് നീട്ടി. ഞാൻ വല്ലപ്പോഴുമാണ് പുക വലിക്കാറ്. അപ്പോൾ പുക വലിക്കാൻ ശക്തമായി തോന്നുന്നുമുണ്ടായിരുന്നു. അദ്ദേഹത്തിന് എന്റെ മനസ്സിലുള്ളത് അറിയാൻ കഴിയുന്നുണ്ടെന്ന് എനിക്ക് ഉറപ്പായി.

ഞങ്ങളവിടെ നിന്നു പിരിഞ്ഞ ശേഷം ഞാൻ സാവധാനം വീട്ടിലേക്കു നടന്നു. ഏതാണ്ട് മൂന്ന് കിലോമീറ്റർ ദൂരമുണ്ടെങ്കിലും ഓട്ടോറിക്ഷയിലോ ബസ്സിലോ പോകാതിരുന്നത് വേലപ്പനേപറ്റിയും എന്റെ അന്നത്തെ അനുഭവങ്ങളേപറ്റിയും ഒന്നു ചിന്തിച്ച് എന്റെ

കൺഫ്യൂഷൻ തീർക്കണം എന്നുള്ള ആഗ്രഹം കൊണ്ടായിരുന്നു. എന്തായലും അതിൽ കുറേയൊക്കെ ഞാൻ വിജയിക്കുകയും ചെയ്തു. വീട്ടിലെത്തിയപ്പോഴേക്ക് ഞാൻ ചില കാര്യങ്ങൾ നിശ്ചയിച്ചുറച്ചിരുന്നു. ഷെർലക്ക് ഹോംസിനെ വെല്ലുന്ന സിദ്ധികളൊന്നും വേലപ്പനു ലഭിച്ചിട്ടില്ലെന്നു തീർച്ച. പിന്നെ എനിക്കു ചില കാര്യങ്ങൾ മനസ്സിലാക്കൻ കഴിയുന്നില്ലെങ്കിൽ അതു് എന്റെ കഴിവുകേടാണ്. വാട്സണ് ഹോംസാവാൻ കഴിയില്ലല്ലോ. എങ്കിലും എനിക്കു കഴിയുന്നവണ്ണം വേലപ്പനെപറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു. പിന്നീടുള്ള ഏതാനും മസം ഞാൻ വളരെ തിരക്കിലായിരുന്നു. വിവാഹവുമായി ബന്ധപ്പെട്ടകാര്യങ്ങൾ —വാടകവീട് കണ്ടുപിടിക്കുക, നാട്ടിലെ വീടിന് മെയ്ന്റനൻ പണഅങ്ങനെ പലതും. ഒരു വശത്തു് ഉദ്യോഗസംബന്ധമായും നല്ല തിരക്കുണ്ടായിരുന്നു. ഞാൻ ഡോക്ടറേറ്റിനു വേണ്ടി തുടങ്ങിവച്ച പണികൾ വിവാഹത്തിനുമുമ്പ് ഒരു ഘട്ടമെത്തിക്കണമെന്ന് എന്റെ ഗൈഡിന്റെ നിർബന്ധം മറ്റൊരു വശത്തു്. ചുരുക്കിപറഞ്ഞാൽ പത്രം വായിക്കൻ പോലും സമയം കണ്ടെത്താൻ കഴിയാത്ത കാലം. എങ്കിലും ഞാൻ വേലപ്പന്റെ കാര്യം മറന്നില്ല.

എന്റെ സുഹൃത്തുക്കളോടും ആഹാരം കഴിക്കുന്ന ചായക്കടയിലെ ആൾക്കാരോടും മുറുക്കാൻ കടയിലും എല്ലാം ഞാൻ ആ മനുഷ്യനെ പറ്റി തിരക്കി. എന്റെ അന്വേഷണങ്ങളുടെ ഫലമായി ഞാൻ കണ്ടുപിടിച്ച കാര്യങ്ങൾ എന്റെ വിശ്വാസത്തിന്, അല്ല, സങ്കൽപ്പങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. ആർക്കും വേലപ്പനെ പരിചയമില്ല. പലരും ഇങ്ങനെയൊരാളെ കണ്ടിട്ടുള്ളതായി പറഞ്ഞു. ചില കടകളിൽ അയാൾ വല്ലപ്പോഴും വന്നു സാധനങ്ങൾ മേടിക്കാറുള്ളതായും അറിഞ്ഞു. ചിലപ്പോൾ കുറേ കാലത്തേക്കു കാണാറില്ല. എന്നാൽ അയാളെപ്പറ്റി ആർക്കും കൂടുതലായി ഒന്നും അറിയില്ലായിരുന്നു. അയാൾക്ക് എന്താണ് ഉദ്യോഗമെന്നോ, എവിടേയാണ് താമസമെന്നോ, ഏതു നാട്ടുകാരനാണെന്നോ ആർക്കും അറിയില്ല എന്നതു് വിശ്വസിക്കാൻ പോലും ബുദ്ധിമുട്ടു തോന്നി. എന്റെ നിഗമനങ്ങളെല്ലാം തെറ്റി എന്നൊരു തോന്നൽ മനസ്സിൽ ക്രമേണ വളർന്നുവന്നു. വേലപ്പൻ ഒരു പ്രഹേളികയായിത്തീരുകയായിരുന്നു. ഈ വിശ്വാസം എന്നിൽ എത്രമാത്രം മാറ്റമുണ്ടാക്കി എന്ന് എനിക്കുതന്നെ മനസ്സിലായതു് പിന്നീട് വേലപ്പനെ കണ്ടപ്പോഴാണ്.

ഡിസംബർ മാസം തിരുവനന്തപുരത്തു് ഒരു കോൺഫറൻസ്. എന്റെ മേലുദ്യോഗസ്ഥൻ പങ്കെടുക്കാനിരുന്നതാണ്. എന്നാൽ കമ്പനി സംബന്ധമായി ഒരത്യാവശ്യ കാര്യത്തിന് കൽക്കത്തയിൽ പോകേണ്ടിവന്നതിനാൽ എന്നോട് പങ്കെടുക്കാൻ ആവശ്യപെട്ടു. എനിക്കാണെങ്കിൽ തീരെ താൽപ്പര്യമുണ്ടായിരുന്നില്ല. അതിനു മുമ്പ് ഇത്തരം കോൺഫറൻസുകളിൽ പങ്കെടുത്തിട്ടില്ല. വിഷയങ്ങൾ പഠിച്ചു തയാറെടുക്കാൻ ദിവസങ്ങളില്ല. ഒപ്പം നല്ല ജോലിത്തിരക്കും. കമ്പനി കാര്യങ്ങളിൽ പലപ്പോഴും ഇതു തന്നെയാണവസ്ഥ. പോകാൻ പറഞ്ഞാൽ പോയേ പറ്റൂ. വ്യാഴം, വെള്ളി, ശനിയാണ് കോൺഫറൻസ്. ശനിയാഴ്ച നല്ലൊരു ഡിന്നർ. ഞായറാഴ്ച സ്ഥലം വിടാം. ജനുവരിയിൽ വിവാഹമാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ നൂറുകൂട്ടം കാര്യങ്ങളാണ് മനസ്സിൽ. ചെയ്തുതീർക്കേണ്ട കാര്യങ്ങളോരോന്നും മനസ്സിൽ എണ്ണിക്കൊണ്ടായിരുന്നു യാത്ര. ഇടയ്ക്ക് ഡോക്ടറേറ്റിന്റെ കാര്യങ്ങളും

വേലപ്പൻ എന്ന പ്രഹേളികയും മനസ്സിൽ കടന്നുവരാതിരുന്നില്ല. വേലപ്പനെ മനസ്സിൽ നിന്ന് ബലമായി ഒഴിവാക്കി. മറ്റു കാര്യങ്ങൾ ആവശ്യത്തിലധികം ഉണ്ടായിരുന്നല്ലോ.

കോൺഫറൻസ് വലിയ പ്രശ്നങ്ങളൊന്നും ഇല്ലാതെ കടന്നുപോയി. അവിടെ കണ്ടവരാരും പരിചിതരായിരുന്നില്ല. ചെറുപ്പക്കാരായ രണ്ടു പേരെ പരിചയപ്പെട്ടു. അസമിൽ നിന്നൊരു നാഗാർജ്ജുന. പകുതി ആന്ധ്രാക്കരൻ. പക്ഷെ സംസാരത്തിലും കാഴ്ചയിലും തനി അസമി. ഓ. എൻ. ജി. സിയിൽ ഉദ്യോഗസ്ഥനായിരുന്ന അഛൻ അസമിൽ തന്നെ താമസമാക്കിയത്രെ. പിന്നെ മുംബൈയിൽ നിന്ന് ഒരു ചൗധരി. ബാംഗളൂരിൽ നിന്നൊരു മലയാളി - രാജേന്ദ്രൻ. വേലപ്പനെ ഓർമ വന്നു. അതുപോലെ മെലിഞ്ഞ ശരീരപ്രകൃതി. ഉയരവും തഥൈവ. വേലപ്പൻ തിരുവനന്തപുരത്തുവച്ച് കണാമെന്നാണ് ഒടുവിൽ പറഞ്ഞത് എന്ന കാര്യം ഞാനോർത്തു. ഇവിടെ എത്തുമോ എന്ന ഒരു ശങ്കയും മനസ്സിൽ ഉദിക്കാതിരുന്നില്ല.

കമ്പനിയിൽ നിന്നും ഒരു സീനിയർ ഉദ്യോഗസ്ഥനും ഉണ്ടായിരുന്നു. വാസ്തവത്തിൽ എന്റെ മേലുദ്യോഗസ്ഥന്റെ സ്ഥാനത്തു വന്നത് അദ്ദേഹമാണെന്ന് പിന്നീടാണ് എനിക്കു മനസ്സിലായത്. കമ്പനി ഈ കോൺഫറൻസിനു കൂടുതൽ പ്രധാന്യം കൽപിച്ചിരിക്കുന്നു എന്നർത്ഥം. ഞാൻ പങ്കെടുത്തത് ഒരു ട്രെയിനിയെപോലെ മാത്രം; ഭാവിയിൽ ഇത്തരം കോൺഫറൻസുകളിൽ പങ്കെടുക്കാനുള്ള പരിശീലനം. സത്യത്തിൽ ആശ്വാസമായി.

ശനിയാഴ്ച ഉച്ചതിരിഞ്ഞുള്ള ആദ്യത്തെ സെഷനോടുകോടി പ്രധാന പരിപാടികൾ മുഴുവനും തീർന്നു. ഇടവേളയിൽ നാഗാർജ്ജുയും ചൗധരിയുമൊത്ത് ചായ കുടിച്ചുകൊണ്ടു നിൽക്കുന്ന സമയം. രാജേന്ദ്രൻ ആരോടോ സംസാരിച്ചുകൊണ്ടു മറ്റൊരിടത്തു നിൽക്കുന്നു. ആരോ എന്റെ തോളത്തു തട്ടി പറഞ്ഞു, "Excuse me, just a minute please." (ദയവു ചെയ്തു ഒരു നിമിഷം). ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് നല്ല സ്മാർറ്റ് ആയി ഡ്രസ്സ് ചെയ്ത ഒരു മധ്യവയസ്കനെയാണ്. ഏതാണ്ട് രാജേന്ദ്രനെപ്പോലെ. മുഖത്ത് വിസ്തൃതമായ പുഞ്ചിരി. എന്റെ ഹൃദയമിഡിപ്പ് ഒരു നിമിഷത്തേക്ക് നിന്നു പോയോ എന്നു സംശയം—വേലപ്പൻ!

"സംശയിക്കേണ്ട ഞാൻ തന്നെ ഇവിടെ വച്ച് കാണാമെന്നു ഞാൻ പറഞ്ഞിരുന്നില്ലേ?" എനിക്കെന്തെങ്കിലും ചോദിക്കാൻ പറ്റുന്നതിനുമുമ്പ് അദ്ദേഹം പറഞ്ഞു. "ഇനി അവസാനത്തെ സെഷനുവേണ്ടി നിൽക്കണ്ട. നമുക്കു പോകാം."

വേലപ്പൻ അതുപറയുമ്പോഴും ഞാൻ അത്ഭുതസ്തബ്ധനായി നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. ഒന്നും പറയാൻ പറ്റാത്ത ഒരവസ്ഥ. "എന്താ രവീ സംശയിച്ച് നിൽക്കുന്നത്? ഞാൻ പൊന്മുടിയിൽ താമസം ശരിയാക്കിയിട്ടുണ്ട്. നമുക്ക് നേരെ അങ്ങോട്ടു പോകാം. നാളെ കാലത്ത് തിരികെ നാട്ടിലേക്കു പോകുകയും ചെയ്യാം. വരൂ."

എന്തുകൊണ്ടോ എനിക്ക് മറുത്തൊന്നും പറയാൻ തോന്നിയില്ല. ഞാൻ പുതിയ സുഹൃത്തുക്കളോടൊരു വാക്ക് പറഞ്ഞിട്ട് വേലപ്പനോടൊപ്പം ഇറങ്ങി. ഒരു നൂറുകൂട്ടം ചോദ്യങ്ങൾ എന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഞാനിവിടെയുണ്ടെന്ന് വേലപ്പൻ എങ്ങനെ മനസ്സിലാ

ക്കി? എന്തിനാണ് പൊന്മുടിയിലേക്ക് പോകുന്നത്? ഈ സമയത്ത് എങ്ങനെയാണ് പോവുക? ഇതിനൊക്കെ പണം എവിടന്നു കിട്ടി? എന്നിങ്ങനെ പലതും. പക്ഷെ ചോദിച്ചില്ല. വേലപ്പനെപറ്റിയുള്ള ദുരൂഹത അവസാനിപ്പിക്കാനുള്ള ഒരവസരമായി ഞാനിതു മനസ്സിൽ കരുതിയിരിക്കണം. മാത്രമല്ല, ഞാനയാളെ എന്തിന് ഭയപ്പെടണം? അയാൾക്ക് ദുരുദ്ദേശങ്ങളൊന്നും ഉണ്ടാവാനിടയില്ലെന്ന് എനിക്കു തോന്നിയിരുന്നു. യാത്രാമധ്യേ വേലപ്പൻ തിരുവനന്തപുരത്തേപറ്റിയും കേരളചരിത്രത്തേപറ്റിയും ഒക്കെ സംസാരിച്ചു. മനുഷ്യസമൂഹം എങ്ങനെ പരിണമിക്കും എന്ന പ്രശ്നമുന്നയിച്ചു. എനിക്കു വലിയ നിശ്ചയമുള്ള വിഷയമല്ലെങ്കിലും പത്രമാസികകളിൽ വായിച്ചുള്ള പരിമിതമായ അറിവിനെ അടിസ്ഥാനമാക്കി ഞാനെന്തൊക്കെയോ പറഞ്ഞു. വേലപ്പൻ ചിരിച്ചതേയുള്ളൂ. ശാസ്ത്രത്തേക്കാൾ രസകരമായതാണ് മനുഷ്യനുമായി ബന്ധപ്പെട്ട ചരിത്രം പോലുള്ള വിഷയങ്ങൾ എന്നൊരഭിപ്രായവും അദ്ദേഹം പാസാക്കി. അവ അരസികമായി തോന്നുന്നത് ആ വിഷയങ്ങൾ പഠിപ്പിച്ചതിന്റെ തകരാറാണെന്നും അദ്ദേഹം പറഞ്ഞു. വനപ്രദേശമെത്തിയപ്പോൾ വനങ്ങളേയും അവയിലെ സസ്യമൃഗാദികളേയും പറ്റി വേലപ്പൻ സംസാരിച്ചു.

ഇതൊക്കെ പറയാനാണോ എന്നെ ഇങ്ങോട്ടു കൊണ്ടുവന്നത് എന്നായിരുന്നു എന്റെ സംശയം.

ഒടുവിൽ ഞങ്ങൾ പൊന്മുടിയിലെത്തി. കാറിൽ നിന്നിറങ്ങി ഞങ്ങൾ നേരെ പോയതൊരു കോട്ടേജിലേക്കാണ്. വേലപ്പൻ നേരത്തേ തന്നെ എല്ലം തെയ്യാറാക്കിയിരിക്കുന്നു. “പോയി കുളിച്ച് വേഷം മാറി വരൂ. എന്നിട്ടു നമ്മുക്ക് ആഹാരം കഴിക്കാം. ഞാനിതാ വരുന്നു” എന്നു പറഞ്ഞു് അദ്ദേഹം നേരെ പുറത്തോട്ടിറങ്ങി. ഞാനൊന്നു ചുറ്റും കണ്ണോടിച്ചു. വേലപ്പന്റെ തുണിസഞ്ചി മേശപ്പുറത്തുണ്ട്. രണ്ടു കട്ടിലുകളിലും മെത്ത ഭംഗിയായി വിരിച്ചിരിക്കുന്നു. ആരും ഉപയോഗിച്ച മട്ടില്ല. മേശക്കരികിലായി കിടന്ന കസേരയിൽ ഞാനിരുന്നു. സാഹചര്യത്തെ മൊത്തത്തിലൊന്നു വിലയിരുത്താൻ ശ്രമിച്ചു. ഒരെത്തും പിടിയും കിട്ടിയില്ല. ഇയാളെന്തിനാണ് എന്നെ ഇവിടെ കൊണ്ടുവന്നതെന്നതിന് ഒരു സൂചനപോലുമില്ല. പിന്നെ ഞാനാലോചിച്ചത് അങ്ങേയറ്റം എനിക്കെന്തു നഷ്ടം വരാം എന്നാണ്. കയ്യിൽ കാര്യമായൊന്നുമില്ല. മറ്റൊരുതരത്തിലും വേലപ്പനെന്നെ ഉപദ്രവിക്കാൻ സാധ്യതയില്ല. അദ്ദേഹത്തെ പറ്റി അങ്ങനെയൊക്കെ ചിന്തിക്കുന്നതുതന്നെ കഷ്ടമാണെന്നു തോന്നി. വേണമെങ്കിൽ ആദ്യം കണ്ട അവസരത്തിൽത്തന്നെ അയാൾക്ക് എന്റെ കയ്യിലിരുന്ന പണം തട്ടി എടുക്കാമായിരുന്നു. അന്നാണെങ്കിൽ വീട്ടിൽ പോകുന്ന അവസരമായിരുന്നതുകൊണ്ട് എന്റെ കൈവശം കുറേ പണവുമുണ്ടായിരുന്നു. എന്തായലും ഇതുവരെ എത്തി. ഇനി അധികം താമസിയാതെ രഹസ്യങ്ങളെല്ലാം തീരും. അങ്ങനെ സമാധാനിച്ചുകൊണ്ട് ഞാൻ വേഷം മാറി കുളിക്കാൻ പോയി. കുളി കഴിഞ്ഞു വന്നപ്പോൾ വേലപ്പൻ മുറിയിൽ ഉണ്ടായിരുന്നു. എന്തോ ഗാഢമായി ചിന്തിച്ചുകൊണ്ടാണിരിപ്പ്. അദ്ദേഹം വേഷമെല്ലാം മാറി ഒരു കൈലിയും റ്റീഷർട്ടും ധരിച്ചിരിക്കുന്നു. ഞാൻ അദ്ദേഹത്തെ അലോസരപെടുത്താതെ കട്ടിലിന്റെ ഒരറ്റത്തു തോർത്തുവിരിച്ചശേഷം അദ്ദേഹമിരിന്നിരുന്ന കട്ടിലിന്റെ ഒരുവശത്തായി ഇട്ടിരുന്ന ഒരു കസേരയിൽ ഇരിപ്പായി. ഏതാണ്ട്

ഉടനെ തന്നെ വേലപ്പൻ തിരിഞ്ഞു നോക്കി പുഞ്ചിരിച്ചു.

“ഇപ്പൊ ഫ്രഷ് ആയി, ഇല്ലേ? ആഹാരം പറഞ്ഞിട്ടുണ്ട്. അതു വരുന്നതിനു മുമ്പേ ഒരു ബിയറായാലോ? രവിക്കിഷ്ടമല്ലേ? ഒന്ന് റിലാക്സ് ചെയ്യാം.” എന്നുപറഞ്ഞുതേർന്നില്ല, അപ്പോഴേക്ക് രണ്ടു കുപ്പി ബിയറും രണ്ടു ബിയർ മഗ്ഗും ഒരു പ്ലേറ്റിൽ ക്ലബ്ബ് മിക്സ്ചറുമായി ബെയററെത്തി. അയാൾ ട്രേ മേശപ്പുറത്തു വച്ച് കുപ്പികൾ തുറന്ന് ബിയർ മഗ്ഗുകളിൽ ഒഴിച്ചു വച്ചു.

“ഒരു സുഖയാത്രക്കായി” എന്നാണ് വേലപ്പൻ ബിയർ കയ്യിലെടുത്തുകൊണ്ടു പറഞ്ഞത്. ഞാനും ചിയേഴ്സ് പറഞ്ഞു ബിയർ നുകർന്നു. “കല്യാണിയാണ് എനിക്കതാണിഷ്ടം.” എന്നു വേലപ്പൻ പറഞ്ഞപ്പോൾ ഞാനോർത്തു എനിക്കേതായലും വിത്യാസം അറിയില്ല ല്ലോ എന്ന്. ഒരുപക്ഷെ അതറിഞ്ഞുകൊണ്ടാണോ വേലപ്പൻ എന്റെ ഇഷ്ടത്തിന്റെ കാര്യം ചോദിക്കത്തത്? എന്തായലും എന്റെ സംശയങ്ങൾ ഇനി നീട്ടിക്കൊണ്ടുപോകാൻ വയ്യ എന്നെനിക്കു തോന്നി. എന്താണ് ഈ വരവിന്റെ ഉദ്ദേശ്യം? നേരിട്ട് ചോദിക്കാൻ സമയ മായി.

“എന്തിനാണ് എന്നെ ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവന്നത്? ഇങ്ങനെ ബിയറടിച്ചു കൂടാനല്ല എന്നെനിക്കറിയാം. ഈ സസ്പെൻസ് നീണ്ടുപോകുന്നു.” ഒരു സ്പൂൺ ക്ലബ്ബ് മിക്സ്ചർ വായി ലിട്ടുകൊണ്ട് ഞാൻ പറഞ്ഞു.

“രവി കുറച്ചുകൂടി ക്ഷമിക്കൂ. ഇനി ഏതാനും മണിക്കൂർ കഴിയുമ്പോഴേക്ക് എല്ലാം മനസ്സി ലാകും. നമുക്ക് അതിനുമുമ്പ് ആഹാരം കഴിക്കണം. അൽപ്പസമയം പുറത്തിറങ്ങി നക്ഷ ത്രങ്ങളും ആകാശവും മറ്റും കാണാം. നല്ല തണുപ്പുണ്ടല്ലേ. ഈ ആൽക്കഹോൾ അതിനു സഹായിക്കും. നാളെ രാവിലെ ആഹാരം കഴിച്ചിട്ടു തിരികെ പോകാം. ഉച്ചയ്ക്കുള്ള ട്രെ യിനിൽ വീട്ടിലേക്ക് പോകുകയുമാകാം. എല്ലാം ഞാൻ കൃത്യമായി പ്ലാൻ ചെയ്തിട്ടുണ്ട്. ഇപ്പൊഴിതടിക്ക്.”

“വാസ്തവത്തിൽ വേലപ്പൻ എന്തു ജോലിയാണ് ചെയ്യുന്നത്?” ഞാൻ ചോദിച്ചു.

“ഇതൊക്കെ എന്റെ ജോലിയാണെന്നു വച്ചോളൂ. പിന്നെ പണത്തിന്റെ കാര്യമാണെങ്കിൽ എനിക്കതിന് വലിയ ബുദ്ധിമുട്ടൊന്നുമില്ല. കുടുംബപരമായി കുറേ സ്വത്തൊക്കെ കിട്ടി. അതൊക്കെ ആരെങ്കിലും ചെലവാക്കണ്ടേ? എന്തായലും ഇന്നത്തെ ചെലവു മുഴുവനും എന്റെ വകയാണ്. അതിനേപ്പറ്റി രവി വിഷമിക്കണ്ട.”

“എവിടെയാണ് സ്വദേശം?” ഞാൻ ചോദിച്ചു.

“ഞാൻ ജനിച്ചത് തൃശ്ശൂരാണ്. എന്നുവച്ച് അതു സ്വദേശമാണെന്നു പറയാമോ എന്നെനി ക്കറിയില്ല. വളർന്നതും പഠിച്ചതുമൊക്കെ പലയിടത്തായിരുന്നു. തൃശ്ശൂരിലിപ്പൊ ആരു ണ്ടെന്നുപോലുമറിയില്ല. അറിയാൻ ശ്രമിച്ചതുമില്ല.”

സാധാരണയിൽ നിന്ന് വ്യത്യസ്തമായി വേലപ്പൻ തന്നേപറ്റി സംസാരിക്കുന്നതുകേട്ട

പ്പോൾ അത്ഭുതം തോന്നി. ആശ്വാസവും. ഒന്നുമില്ലെങ്കിലും ഇയാളും ഒരു മനുഷ്യൻ തന്നെയാണല്ലോ. “ഏതായിരുന്നു ഡിഗ്രിക്ക് വിഷയം?” ഞാൻ ചോദിച്ചു.

“ഭൗതികശാസ്ത്രം. ഫിസിക്സ് . അതുകഴിഞ്ഞ് എം. എസ്സിയും എം. ഫിലും അതേ വിഷയത്തിൽ തന്നെ. ആസ്ട്രോഫിസിക്സായിരുന്നു. ഡോക്ടറേറ്റിന് ചേർന്നതാ. പകുതിക്ക് വച്ച് നിർത്തി. അതിനേക്കാൾ രസകരമായതുപലതും കണ്ടു. അവ എന്നെ ശക്തിയായി ആകർഷിച്ചു. ഒരു കണക്കിനു ഭൌതികശാസ്ത്രത്തിലെ പഠനങ്ങൾ തന്നെയാണ് എന്നെ ഇവിടെ എത്തിച്ചത്. അതൊരു രസകരമായ കഥയാണ്. പറഞ്ഞുതുടങ്ങിയാൽ ഇന്നൊന്നും തീരില്ല. മറ്റൊരവസരത്തിലാവാം. നമുക്കിപ്പോൾ ആഹാരം കഴിക്കാം.”

എനിക്ക് അദ്ദേഹത്തോടുള്ള ബഹുമാനം വളരേ വർദ്ധിച്ചു. ഭൗതികശാസ്ത്രം എന്നെ എക്കാലത്തും ആകർഷിച്ചിരുന്ന വിഷയമായിരുന്നു. എനിക്ക് കെമിസ്ട്രിയിൽ കൂടുതൽ മാർക്കുണ്ടായിരുന്നതുകൊണ്ട് എന്റെയൊരു അദ്ധ്യാപകൻ പറഞ്ഞതനുസരിച്ചാണ് ഞാൻ ആ വിഷയം എടുത്തതെങ്കിലും ഭൌതികശാസ്ത്രത്തിൽ ഞാൻ ധാരാളം വായിച്ചിരിക്കുന്നു.

“എന്റെ ഫേവറിറ്റ് വിഷയമായിരുന്നു ഫിസിക്സ്.” ഞാൻ പറഞ്ഞു. “അതും ആസ്ട്രോഫിസിക്സ്.”

“അറിയാം പക്ഷേ കെമിസ്ട്രിയോട് വിരോധമൊന്നുമില്ലല്ലോ. എന്റെ കാര്യം അങ്ങനെയല്ലായിരുന്നു. കെമിസ്ട്രി വിഷമിച്ചാണ് പഠിച്ചത്. ഒടുവിൽ മോശമല്ലാത്ത മാർക്ക് മേടിച്ചെങ്കിലും അതിനായി നല്ലവണ്ണം കഷ്ടപെട്ടു.”

“ആസ്ട്രോഫിസിക്സും കോസ്മോളൊജിയുമൊക്കെ ഹരം കൊണ്ടു നടന്നിരുന്ന ഒരു കാലത്ത്.” വേലപ്പൻ തുടർന്നു. “പക്ഷെ ഫിസിക്സ് കൂടുതലായി പഠിച്ചപ്പോഴാണ് ഇതെങ്ങോട്ടാണ് പോകുന്നത് എന്നാലോചിച്ചുതുടങ്ങിയത്. പരമാണുക്കളിൽനിന്ന് ഇലക്ട്രോൺ, പ്രോട്ടോൺ, തുടങ്ങിയ പ്രാഥമിക കണങ്ങളിലേക്കും അവിടെനിന്ന് ക്വാർക്കുകളിലേക്കും പിന്നെയങ്ങോട്ട് സങ്കല്പത്തിനതീതമായ നിരവധി മാനങ്ങളുള്ള സൂപ്പർസ്ട്രിങ്ങുകളിലേക്കും ഒക്കെ പോയിട്ട് നമുക്കെന്താണ് മനസ്സിലായത്? പ്രപഞ്ചത്തിന്റെ കാര്യമെടുത്താലോ, ലാമാർക്കുമുതൽ ഗാമോവും ഹോയ്ലും പറോസം എല്ലാവരും ചേർന്ന് എന്തു മനസ്സിലാക്കിത്തന്നു? തോണി ഇപ്പൊഴും തിരുനക്കരെ തന്നെയല്ലേ?”

ഞാൻ പ്രതിഷേധിച്ചു. സ്പേസിന്റെ സ്വഭാവത്തേപറ്റിയും പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപറ്റിയും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങളെ നിസ്സാരമായി തള്ളാൻ കഴിയില്ലെന്നു ഞാൻ വാദിച്ചു.

“ശരിയാണ്.” വേലപ്പൻ പറഞ്ഞു. “സങ്കീർണ്ണമായ സിദ്ധാന്തങ്ങൾ ഉണ്ടായിട്ടുണ്ട്. പലതും സാധാരണക്കാരനു മനസ്സിലാക്കാൻ തന്നെ പ്രയാസമാണ്. എങ്കിലും ഞാനൊന്നുരണ്ട് ചോദ്യങ്ങൾ ചോദിക്കട്ടെ. പ്രപഞ്ചം എങ്ങിനേയാണ് ഉണ്ടായത്?”

“ഇപ്പോഴത്തെ വിശ്വാസമനുസരിച്ച്......”

ഞാൻ പറഞ്ഞുതുടങ്ങിയപ്പോഴേക്ക് വേലപ്പൻ ഇടപെട്ടു: "അതെ ഇപ്പോഴത്തെ വിശ്വാസം. പഴയ വിശ്വാസത്തിനു പകരം പുതിയൊരു വിശ്വാസമുണ്ടായി. നാളെ ഒരുപക്ഷെ മറ്റൊരു വിശ്വാസമായിരിക്കും ഉണ്ടായിരിക്കുക. അതാണ് ശാസ്ത്രത്തിന്റെ വഴി. മാറി മാറി വരുന്ന വിശ്വാസങ്ങളിൽ ഏതാണ് സത്യം എന്ന് ആർക്കറിയാം? ഒരിക്കൽ മനുഷ്യന് അറിയാൻ പറ്റുമോ? അതു തന്നെ അറിയില്ല. മനുഷ്യനേക്കാൾ കോടിക്കണക്കിനുമടങ്ങ് വലുതായ പ്രപഞ്ചത്തെപറ്റിയോ അത്രതന്നെ മടങ്ങു ചെറുതായ പ്രാഥമിക കണങ്ങളുടെ ഘടനയെപ്പറ്റിയോനമുക്കൊന്നും മനസ്സിലായിട്ടില്ല. നാമെന്തൊക്കെയോ സങ്കൽപ്പിക്കുന്നു എന്നു മാത്രം. അതല്ലേ ശരി?"

എനിക്ക് വേലപ്പനോട്ട് കുറേയൊക്കെ യോജിക്കേണ്ടതായി വന്നു. എങ്കിലും ആ വാദം പൂർണമായി വിട്ടുകൊടുക്കാൻ ഞാൻ തെയ്യാറായില്ല. അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആഹാരമെത്തി. വെജിറ്റബ്ൾ പുലാവും സലാഡും.

"ഇന്നൽപ്പം ലൈറ്റായിട്ട് കഴിക്കാം. വയറു നമ്മേ ശല്യം ചെയ്യില്ല." വേലപ്പൻ പറഞ്ഞു.

പൊതുവേ നിശ്ശബ്ദരായിരുന്നാണ് ഞങ്ങൾ ആഹാരം കഴിച്ചത്. വേലപ്പൻ പറഞ്ഞ കാര്യങ്ങൾ ഞാൻ അയവറുത്തു. എന്റെ മനസ്സിന്റെ അടിത്തട്ടിലെവിടേയോ ഇത്തരം ചിന്തകൾ ഒളിഞ്ഞു കിടന്നിരുന്നില്ലേ? ശാസ്ത്രത്തിന്റെ തലത്തിനു പുറത്ത് എന്തൊക്കെയോ ഉണ്ടെന്നുള്ള തോന്നൽ എപ്പോഴൊക്കെയോ എന്നെ അലട്ടിയിരുന്നില്ലേ? അപ്പൂപ്പൻ മരണശയ്യയിൽ കിടക്കുമ്പോൾ വകയിലൊരു അമ്മാവൻ ഒന്നുമറിയാതെ വന്നു കയറിയതോർത്തു. തിരുവനന്തപുരത്തുനിന്നുവന്ന് ബസ് സ്റ്റാന്റിൽ ഇറങ്ങിയപ്പോൾ വെറുതെ ഇവിടെവരെ വരണമെന്നു തോന്നി എന്നാണ് അമ്മാവൻ പറഞ്ഞത്. പക്ഷെ ബന്ധുക്കളാരെങ്കിലും മരിക്കാറായി കിടക്കുമ്പോൾ അദ്ദേഹമിങ്ങനെ വരുന്നതു പതിവാണെന്ന് പിന്നീട് മറ്റുള്ളവർ പറഞ്ഞറിഞ്ഞു. എന്റെ ഒരു കസിൻ ചെറിയൊരു അപകടത്തിൽ പെട്ടപ്പോൾ അമ്മൂമ്മ ഫോൺ ചെയ്ത് അവനെങ്ങനെയുണ്ട് എന്നു ചോദിച്ചത് ഓർമ്മ വന്നു. അടുത്ത വീട്ടിൽ താമസിച്ചിരുന്ന തോമസ് സർ ബോംബയിൽ വച്ച് ഹൃദയസ്തംഭനം മൂലം മരിച്ച ദിവസം അദ്ദേഹത്തിനോട്ട് വളരേ അടുപ്പമുണ്ടായിരുന്ന നായ ആഹാരം കഴിക്കാതെ കരഞ്ഞു കൊണ്ടു നടന്നതും ഓർമ്മിച്ചു. ഇത്തരം അനുഭവങ്ങൾ പലർക്കും ഉണ്ടായിരിക്കും. മിക്കവരും ഇതൊക്കെ കുറച്ചുനാൾ കഴിയുമ്പോൾ മനസ്സിൽനിന്നു മാറ്റിവയ്ക്കും. എന്നാൽ എനിക്ക് ഒട്ടും മനസ്സിലാക്കാൻ കഴിയാത്ത ഇത്തരം കാര്യങ്ങൾ ഇടയ്ക്കിടയ്ക്ക് എന്നെ അലട്ടികൊണ്ടിരുന്നു. ഒരു ശാസ്ത്രവിദ്യാർത്ഥി എന്ന നിലയ്ക്ക് ഈ വസ്തുതകളെ ഉൾകൊള്ളാനും, എന്നാൽ ഇതൊക്കെ യാദൃഛികം മാത്രം എന്നുപറഞ്ഞു തള്ളികളയാനും എനിയ്ക്ക് ബുദ്ധിമുട്ടു തോന്നി. എന്തിന്, വേലപ്പനെ ആദ്യമായി കണ്ടതുമുതൽ അദ്ദേഹത്തോടിടപെട്ട സന്ദർഭങ്ങളിലെല്ലാം എനിക്കുണ്ടായിട്ടുള്ള അസാധാരണമായ അനുഭവങ്ങളുമായിത്തന്നെ എങ്ങനെ താദാത്മ്യപ്പെടും എന്നെനിക്കറിയില്ലായിരുന്നു. അക്കാര്യം ഏതായലും വേലപ്പനോടു തന്നെ ചോദിക്കാൻ തീരുമാനിച്ചു.

ചിന്തകൾ ഇത്രത്തോലമായപ്പോഴേക്ക് വേലപ്പൻ കഴിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം പാത്രങ്ങളെല്ലാം ഒരു വശത്തേയ്ക്ക് മാറ്റി വെച്ചിട്ടു പോയി കൈ കഴുകി തിരികെ വന്ന് എന്റെ

മുന്നിൽ നിന്നു. “രവി പോയി കൈ കഴുകി വരൂ. നമുക്ക് പത്തു മിനിറ്റ് പുറത്തിറങ്ങി നടന്നിട്ട് വരാം. തണുപ്പുണ്ടാകും. വേണമെങ്കിൽ പുതയ്ക്കാൻ ഒരു ഷോൾ തരാം.” എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ സഞ്ചിയിൽനിന്നു രണ്ടു കമ്പിളി ഷോളുകൾ പുറത്തെടുത്തു. ഞാൻ കൈ കഴുകി വന്ന് അവയിലൊന്നെടുത്ത് കഴുത്തിൽചുറ്റി വേലപ്പനോടൊപ്പം പുറത്തിറങ്ങി.

“നല്ല തണുപ്പുണ്ടല്ലേ. സാരമില്ല. ഇക്കാലത്തു മാത്രമേ ആകാശം ഇതുപോലെ കാണാൻ കഴിയൂ. ഈ സമയങ്ങളിൽ ആകാശം മിക്കപ്പോഴും തെളിഞ്ഞിരിക്കും. അതുകൊണ്ട് നക്ഷത്രങ്ങൾ വ്യത്തിയായി കണാം. ഇത്തരം രാത്രികളിൽ ഒരു കുന്നിന്റെ മുകളിൽ ആകാശത്തേക്കു നോക്കികൊണ്ട് കിടന്നാൽ ഒരു പ്രത്യേക അനുഭൂതിയാണ്. കുറച്ച് കഴിയുമ്പോൾ നാം ഈ വിശാലതയിൽ അലിഞ്ഞു ഇല്ലാതായി തീരുന്നതുപോലെ തോന്നും. ഈ പ്രപഞ്ചത്തിൽ നാമെത്ര നിസ്സാരരാണ് എന്ന് അപ്പോഴാണ് മനസിലാകുക.”

വേലപ്പൻ ഒരു നിമിഷം നിശ്ശബ്ദനായി. അദ്ദേഹം പറഞ്ഞതിനേപ്പറ്റി ഞാൻ ചിന്തിച്ചുനോക്കി. ശരിയായിരിക്കും. കടൽത്തീരത്ത് ചക്രവാളത്തിലേക്കു നോക്കി നിൽക്കുമ്പോൾ ചിലസമയത്ത് ഏതാണ്ട് ഇതേ അനുഭൂതി ഉണ്ടായിട്ടുണ്ട്. ചിന്തകൾ ആ വഴിക്കുപോകവേ വേലപ്പൻ എന്നെ തിരികെ കൊണ്ടുവന്നു.

“അതാ തിളങ്ങുന്ന ചോതി നക്ഷത്രം. ആകാശത്തിൽ നാം കാണുന്ന ഏറ്റവും പ്രകാശം കൂടിയ നക്ഷത്രം. ദാ മുകളിൽ കാണുന്ന ആ നക്ഷത്രമാണ് ആൻഡ്രോമെഡ. അവിടെ നിന്നെത്തിയ ഒരു സന്ദേശത്തേക്കുറിച്ച് ഫ്രെഡ് ഹോയ്ലും ജോൺ എലിയട്ടും ചേർന്ന് ഒരു ഫിക്ഷൻ എഴുതിയിട്ടുണ്ട്. പിന്നീടാണ് കാൾ സഗാന്റെ കോൺടാക്റ്റും മറ്റും വന്നത്. നമ്മുടെ ക്ഷീരപഥം കണ്ടോ. ഇവയിലൊക്കെ എത്രയെത്ര ഗ്രഹങ്ങളുണ്ടാകാം. അവയിലെത്രയെണ്ണത്തിൽ വികസിത ജൈവസമൂഹങ്ങളുണ്ടാകാം. ഈ മഹാസാഗരത്തിൽ നാമെത്ര നിസ്സാരം! കാൾ സഗാന്റെ ഭാഷയിൽ പറഞ്ഞാൽ, ദ പെയൽ ബ്ലൂ ഡോട്ടിലെ തരികൾ.”

തിരികെ എന്റെ ചിന്തകളിലേക്ക് തന്നെ എത്തിക്കുന്നവയായിരുന്നു വേലപ്പന്റെ ഈ വാക്കുകൾ. നമുക്കജ്ഞാനമായത് എത്രയോ വലുതാണ് എന്നിട്ടും മനുഷ്യന് അവന്റെ അറിവിനെ പറ്റി എന്തഹങ്കാരമാണ്! ഞാനങ്ങനെ ചിന്തിക്കവേ വേലപ്പന്റെ വാക്കുകൾ എന്നെ വീണ്ടും തിരികെ കൊണ്ടുവന്നു.

“വരാഹമിഹിരൻ സൂര്യനേയും ഗ്രഹങ്ങളേയും പറ്റി വിശദമായി പലതും എഴുതിയിട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്. വായിക്കാൻ അവസരം കിട്ടിയിട്ടില്ല. പക്ഷെ അദ്ദേഹത്തിന് ഇതെല്ലം എങ്ങനെകണ്ടുപിടിക്കാൻ കഴിഞ്ഞു എന്ന് പലരും അദ്ഭുതപ്പെട്ടിട്ടുണ്ട്. എന്തു തോന്നുന്നു?”

“ഓ, അതൊക്കെ വെറുതെ അങ്ങനെ വരുത്തിത്തീർക്കുന്നതല്ലേ. സംസ്കൃതത്തിലേന്തെഴുതിയാലും അതിനെ പത്തു വിധത്തിൽ വ്യാഖ്യാനിക്കാൻ പറ്റുമല്ലോ.”

"മ്മ്. എന്തോ, അറിയില്ല. അതുപോലെ രസകരമായ കാര്യമാണ് മേഘസന്ദേശത്തിൽ മേഘം കടന്നു പോകുന്ന പ്രദേശം ആകാശത്തു നിന്നു കാണുന്ന വിധത്തിൽ കാളിദാസൻ വിവരിക്കുന്നത്. ഇക്കാര്യം പിഷാരടിസ്സാർ പറഞ്ഞു കേട്ടിട്ടുണ്ട്. ലോകത്തിലെ ആദ്യത്തെ റിമോട്ട് സെൻസിങ്ങായിരുന്നു എന്നാണദ്ദേഹം പറഞ്ഞത്. രസകരമായിരിക്കുന്നു അല്ലേ?"

"കാളിദാസന്റെ ഭാവനാശക്തി എത്ര അതിശയാവഹമാണ് എന്നു തന്നേയാണ് അതു സൂചിപ്പിക്കുന്നത്. ഒരുപക്ഷെ അത്തരമൊരു യാത്ര അദ്ദേഹത്തിനു മനസ്സാലേ നടത്താൻ സാധിച്ചിരിക്കും. ടെലിവിഷൻ പോലുള്ള ഉപകരണങ്ങൾ നമ്മുടെ ഭാവനാശേഷിയ്ക്കുകടിഞ്ഞാണിടുന്ന ഇക്കാലത്ത് അത്തരമൊരു കാര്യം നമുക്കു സങ്കൽപ്പിക്കാൻ പോലും ബുദ്ധിമുട്ടായിരിക്കും."

"സത്യം അതുപോലെ എന്നെ ചിന്തിപ്പിച്ചിട്ടുള്ള ഒരു കാര്യമാണ് സമയത്തിലൂടെ സഞ്ചരിക്കുക എന്ന ആശയം. വെൽസിന്റെ ടൈംമെഷീനിലും ബാക് ടു ദ ഫ്യൂചർ തുടങ്ങിയ ചലച്ചിത്രങ്ങളിലും മറ്റും മുന്നോട്ടുവെയ്ക്കുന്ന ഈ ആശയം ആധുനിക ഫിസിക്സിൽപ്പോലും ചർച്ച ചെയ്യപ്പെടുന്നു എന്നുള്ളത് രസാവഹമാണ്."

"ഓ അതത്ര കാര്യമായി ഞാൻ കണക്കാക്കുന്നില്ല. ടൈം ട്രാവൽ എന്നുള്ളത് ഒരാശയം മാത്രമായി നിലനിൽക്കും എന്നു തന്നെയാണ് എനിക്കു തോന്നുന്നത്. സമയം എന്നുള്ളത് ഇപ്പോഴും ഒരു പ്രഹേളികയാണ്. അതിനെ മനസ്സിലാക്കാൻ തന്നെ ഇനിയും ഒരു പാടുകാലം പിടിക്കും. അതുകഴിഞ്ഞല്ലേ സമയത്തിലൂടേയുള്ള യാത്രയേപറ്റി ചിന്തിച്ചുതുടങ്ങാൻ പറ്റുള്ളൂ."

"തനിക്കങ്ങനേയാണോ തോന്നുന്നത്?" വേലപ്പൻ ചോദിച്ചു.

"എന്താ മറ്റഭിപ്രായം വല്ലതുമുണ്ടോ?" എന്നൊരു മറുചോദ്യമായിരുന്നു എന്റെ ഉത്തരം.

ഇതിനിടെ ഞങ്ങൾ തിരിച്ചു കോട്ടേജിന്റെ മുന്നിലെത്തിയിരുന്നു. "വാ, നമുക്കു ചർച്ച ചെയ്യാം." എന്നുപറഞ്ഞ് വേലപ്പൻ അകത്തു കയറി. വേലപ്പൻ കട്ടിലിൽ ചമ്രം പിടിഞ്ഞിരുന്നു. എതിർവശത്തുള്ള കട്ടിലിൽ ഞാനും.

"കാളിദാസൻ മാനസികമായി ആകാശത്തിലൂടെ യാത്ര ചെയ്തോ എന്നു നാം സംശയിച്ചില്ലേ? അതുപോലൊരു യാത്ര സാധ്യമാണെന്ന് രവിയ്ക്ക് തോന്നുന്നുണ്ടോ?"

"നമ്മൾ കാണുന്ന പരിസരങ്ങൾ ആകാശത്തുനിന്ന് നോക്കിയാൽ എങ്ങിനെയിരിക്കും എന്നു സങ്കൽപ്പിക്കാൻ കുറേ ഭാവനയുണ്ടെങ്കിൽ കഴിയേണ്ടതാണ്. ഒരുപക്ഷെ പർവതമുകളിൽ നിന്നോ മറ്റോ താഴോട്ട് നോക്കി കണ്ടിട്ടുള്ള ഒരാൾക്ക് ഒരു കാവ്യമെഴുതാൻ അവാശ്യമായ വിവരണം നൽകാൻ കഴിഞ്ഞേയ്ക്കും."

"ഇപ്പോൾ പറഞ്ഞതിന് ഭാവന മാത്രമല്ല, യുക്തിഭദ്രമായ ചിന്താശേഷിയും ആവശ്യമാണ്. എന്നാൽ മനസാ നമുക്ക് ആകാശതിലൂടെ സഞ്ചരിക്കൻ കഴിഞ്ഞാലോ? നമ്മൾ ചെയ്യുന്ന

പല കാര്യങ്ങളും വാസ്തവത്തിൽ മനസിലല്ലേ നടക്കുന്നത്? നമ്മൾ കാണുന്നതും കേൾക്കുന്നതും വായിക്കുന്നതും രുചിക്കുന്നതും ഒക്കെ വാസ്തവത്തിൽ മനസ്സിൽ നടക്കുന്ന കാര്യങ്ങളല്ലേ. ഈ ഭൌതിക പ്രപഞ്ചത്തിൽ നിന്ന് നമ്മുടെ മനസ്സിലേക്കു വിവരങ്ങൾ കൈമാറാൻ മറ്റൊരവയവം, ഒരു സെൻസർ, പ്രവർത്തിക്കുന്നുണ്ടെന്ന് മാത്രം. ഈ വിവര കൈമാറ്റത്തിന് മറ്റൊരു മാർഗം കണ്ടെത്താൻ കഴിഞ്ഞാലോ?"

"വേലപ്പൻ പറഞ്ഞുവരുന്നത് എന്താണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. മനസ്സുകൊണ്ടു മാത്രം നമുക്കെങ്ങിനെ കാണാനോ കേൾക്കാനോ കഴിയും?"

"ദൂരേയുള്ള കാര്യങ്ങൾ മനസ്സിൽ കാണൻ കഴിയുന്നവരേപ്പറ്റി കേട്ടിട്ടില്ലേ? അവരെങ്ങനേയാണ് അത് സാധിക്കുന്നത്?"

"അതൊക്കെ വിശ്വസനീയമാണോ? അത്തരം കഴിവുകളുണ്ടെന്ന് അവകാശപെട്ടവർ ശാസ്ത്രീയ പഠനങ്ങൾക്കു മുന്നിൽ തോറ്റുപോവുകയല്ലേ ചെയ്തിട്ടുള്ളത്?"

"ശരിയാണ്. പക്ഷെ ഇത്തരം ശാസ്ത്രീയ പഠനങ്ങൾക്കായി ഒരുക്കുന്ന സാഹചര്യങ്ങളിൽ ഇവർക്ക് കഴിവുകൾ ഉപയോഗപ്പെടുത്താൻ പറ്റാത്തതും ആയിക്കൂടെ?"

"അതാണ് അവരുടെ ന്യായം. പക്ഷെ തെളിവുകളില്ലാതെ എനിക്കിതൊന്നും വിശ്വസിക്കാൻ കഴിയുന്നില്ല."

"രവി ശാസ്ത്രത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തന്നെയാണ് ചിന്തിക്കുന്നത്. ഞാനതിന് രവിയെ കുറ്റപ്പെടുത്തുന്നില്ല. പക്ഷെ ആധുനിക ശാസ്ത്രം തന്നെ നൊക്കൂ. ക്വാണ്ടം ബലതന്ത്രത്തിലെ അവിശ്വസനീയമായ ഭലങ്ങളേപ്പറ്റി രവിക്ക് അറിയാമല്ലോ. ഉദ്ദാഹരണമായി ഒരുമിച്ചുൽപാദിക്കപ്പെട്ട രണ്ട് ഇലക്ട്രോണുകൾ എത്ര അകലത്തിലായാലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നറിയാമല്ലോ. ഒന്നിന്റെ സ്റ്റേറ്റ് മാറിയാൽ മറ്റേതിന്റേയും അപ്പോൾ തന്നെ മാറും. ക്വാണ്ടം തലത്തിൽ ഇത്തരം പല പ്രതിഭാസങ്ങളും ഉണ്ടല്ലോ. റുഡോൾഫ് സ്റ്റൈനറുടെ സിദ്ധാന്തങ്ങളെപ്പറ്റി രവിക്കറിയില്ല. അറിവ് നേടുന്നതിൽ ഇൻറ്റൂഷനുള്ള പങ്ക് നൂറു വർഷം മുമ്പ് സൈദ്ധാന്തീകരിച്ചിരുന്നു അദ്ദേഹം. ഒരർത്ഥത്തിൽ പൌരസ്ത്യചിന്തകളുടെ മറ്റൊരു വിധത്തിലുള്ള ആവിഷ്ക്കാരമായി വേണമെങ്കിൽ അതിനെ കാണാം. ചോംസ്കിയുടെ സാർവലൌകിക വ്യാകരണത്തിലും ഇതുപോലത്തെ ചില ആശയങ്ങളുണ്ട്. എല്ലാ അറിവും മനസ്സിലുള്ളിൽ ഉണ്ടെന്ന പ്രാചീന ഗ്രീക്ക് വിശ്വാസവും ഇതൊക്കെ തന്നെ സൂചിപ്പിക്കുന്നു. രവി സമയം കിട്ടുമ്പോൾ ആത്മബോധത്തെ അല്ലെങ്കിൽ consciousnessനെ പറ്റിയുള്ള ആധുനിക പഠനങ്ങൾ ഒന്നു വായിച്ചു നോക്കണം. രസകരമാണ്. അവയും ആധുനിക ഭൗതികശാസ്ത്രവും എല്ലാം എത്തിചേരുന്നത് ഭാരതീയ ചിന്തകളിലേക്കല്ലേ എന്നു തോന്നും. ഒരു പ്രാപഞ്ചിക ആത്മബോധത്തിന്റെ ഭാഗമാണ് നമ്മുടെ ഓരോരുത്തരിലും ഉള്ളത് എന്നൊക്കേയാണ് അവർ സിദ്ധാന്തിക്കുന്നത്. ഇതൊക്കെ പറയുന്നത് ഗൗരവമായി ശാസ്ത്രം പഠിക്കുന്നവരാണ് എന്നറിയുമ്പോൾ രവിയ്ക്ക് അവിശ്വാസം തോന്നിയേക്കാം. ഭാരതീയനായ അമിത് ഗോസ്വാമിക്ക് ഇവിടെ വലിയൊരു സ്ഥാനമുള്ളതിൽ ഒരുപക്ഷെ അത്ഭുതപ്പെടാനില്ല. തത്വമസി എന്നു തന്നേയാ

ണല്ലോ അവർ പറയുന്നത്. ഇനി രവിയ്ക്ക് വേണ്ടത് തെളിവുകളാണെങ്കിൽ അവ രവിയുടെ മുന്നിൽ തന്നേയുണ്ടല്ലോ." വേലപ്പൻ ചിരിച്ചുകൊണ്ടാണ് പറഞ്ഞത്.

"രവീ, നമ്മുടെ മനസ്സിന് നമുക്കറിയാത്ത കഴിവുകൾ ഒരുപാടുണ്ട്. നമ്മൾ ആദ്യം കണ്ടുപുട്ടിയതു് ഓർമ്മയുണ്ടോ? അന്നു രവി വരുന്നുണ്ടെന്ന് ഞാനെങ്ങനേയാണ് മനസ്സിലാക്കിയതു്?"

ഒരു ഞെട്ടലോടെയാണ് ഇതു ഞാൻ കേട്ടതു്. രസകരമായ സംഭാഷണങ്ങൾക്കിടയിൽ വേലപ്പനെപ്പറ്റി എന്റെ മനസ്സിലുണ്ടായിരുന്ന സംശയങ്ങൾ ഞാൻ മറന്നുപോയിരുന്നു. വേലപ്പന്റെ ചോദ്യം ആ മറവികളിൽ നിന്ന് എന്നെ തിരികേ കൊണ്ടുവന്നു. അവിശ്വാസത്തോടെ അദ്ദേഹത്തെ നോക്കൊയിരിക്കാനേ എനിക്കു കഴിഞ്ഞുള്ളൂ. ഈ മനുഷ്യനെ പറ്റി എനിക്കുണ്ടായിരുന്ന തോന്നലുകളെല്ലാം ശരിയാണോ? ഇയാൾക്ക് അത്ഭുതകരമായ ശേഷികളുണ്ടോ?

"രവി വിചാരിച്ചതുപോലെ, രവി വരുന്നുണ്ടെന്ന് അറിഞ്ഞുകൊണ്ടു തന്നേയാണ് ഞാൻ അവരെ എതിരിടാൻ മുതിരാഞ്ഞതു്. വാസ്തവത്തിൽ അവരാണ് രക്ഷപ്പെട്ടതു്. എനിക്കു ചില പൊടിക്കൈകളൊക്കെ വശമുണ്ട്. ഹിമാലയത്തിൽ ഒരു സന്യാസിയുടെ പക്കൽ നിന്നു പഠിച്ചതാണ്. ബോധിസത്വൻ ബുദ്ധസന്യാസിമാരെ കളരിപ്പയറ്റ് പഠിപ്പിച്ചതു് ഓർമ്മയില്ലേ. അതിൽനിന്നാണല്ലോ ഇന്നത്തെ ജൂഡോയും കരാട്ടേയും മറ്റും ഉത്ഭവിച്ചതു്. അതൊക്കെ പോട്ടെ. നമുക്കു നമ്മുടെ കാര്യത്തിലേക്ക് തിരിച്ചു വരാം."

"ഞാൻ രവിയെ ഇവിടെ വിളിച്ചുകൊണ്ടുവന്നതു് ഒരു ഉദ്ദേശത്തോടെയാണ്. ഞാൻ ചില കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. വളരേയധികം പ്രയത്നത്തിന്റെ ഫലമായാണ് അവ നേടിയതു്. ഈ അറിവ് എല്ലാവർക്കും പകർന്നു കൊടുക്കാൻ പറ്റിയതല്ല. അറിവു സ്വതന്ത്രമായിരിക്കണം എന്നു വിശ്വസിക്കുന്ന ഒരാളാണ് രവി എന്നെനിക്കറിയാം. പക്ഷെ എല്ലാ അറിവും എല്ലാവർക്കും ലഭിക്കുന്നതു നല്ലതല്ല. അതിന്റെ ദോഷങ്ങൾ ഇന്നത്തെ സമൂഹത്തിൽ തന്നെ കാണാം. എന്നാൽ എന്ത് ആർക്കു നൽകാം , എന്തു പാടില്ല, എന്ന് ആര് എങ്ങനെ തീരുമാനിക്കും എന്നതു് ഒരു സങ്കീർണ്ണ പ്രശ്നമാണ്. അതു പോകട്ടെ . ഇവിടെ അതു നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ഞാനെടുക്കുന്നു."

"നമ്മൾ ആദ്യം കണ്ടുമുട്ടിയ ദിവസം തന്നെ എനിക്കു മനസ്സിലായി രവി ഇതിനു പറ്റിയ ആൾ തന്നെ എന്ന്. എങ്ങനെ മനസ്സിലായി എന്നു ചോദിക്കരുതു്. എല്ലാ ചോദ്യങ്ങൾക്കും യുക്തിഭദ്രമായ ഉത്തരം ഉണ്ടായി എന്നു വരില്ല. ഏതായലും അതിനുശേഷം ഞാൻ രവിയെപ്പറ്റി കൂടുതൽ പഠിച്ചു. നിങ്ങളുടെ വ്യക്തിത്വത്തേപ്പറ്റി കൂടുതൽ മനസ്സിലാകും തോറും എന്റെ വിശ്വാസം വർദ്ധിച്ചതേയുള്ളൂ. അങ്ങനെയാണ് ഇന്ന് ഇവിടെ കാണാം എന്നു ഞാൻ തീരുമാനിച്ചതു്. ഇതു് ശാന്തമായ സ്ഥലമാണ്. മനസ്സിനെ ശല്യപെടുത്താൻ ബഹ്യകാര്യങ്ങളൊന്നുമില്ല. ഇത്തരം ശാന്തത രവിക്കിപ്പോൾ ആവശ്യമാണ്. എങ്കിലേ മനസ്സിന് ഏകാഗ്രത കിട്ടൂ."

"ഞാൻ ആദ്യം പറഞ്ഞതു പോലെ മനസ്സിനു പല കഴിവുകളുമുണ്ട്. ഇവ ഉപയോഗിക്കാൻ

നമ്മൾ പഠിക്കണം എന്ന മാത്രം. ഈ കഴിവുകൾ ഞാൻ സ്വയം തിരിച്ചറിഞ്ഞതാണ്. എന്നെ ആരും പഠിപ്പിച്ചതല്ല. പക്ഷെ പലരും പലവിധത്തിൽ സഹായിച്ചിട്ടുണ്ട്. എന്നാൽ ഇതെങ്ങനെ പഠിപ്പിച്ച തരണം എന്നെനിക്കറിയില്ല. അതു സ്വയം വികസിപ്പിക്കേണ്ട കഴിവാണ്. വാസ്തവത്തിൽ എല്ലാ കാര്യങ്ങളും അങ്ങനെ തന്നേയാണല്ലോ. ആരും ആരേയും പഠിപ്പിക്കുന്നില്ല. പക്ഷെ ഇവിടെയുള്ള വിത്യാസം ഇതു പൂർണ്ണമായി മനസ്സിൽ തന്നെ ചെയ്യേണ്ട കാര്യമാണ് എന്നുള്ളതാണ്. അതുകൊണ്ട് എനിക്ക് ഒരു മാനസിക അനുഭവം പകർന്നുതരാനേ പറ്റൂ. അതിനെ അടിസ്ഥനപ്പെടുത്തി രവി സ്വയം അഭ്യസിക്കണം. രവിക്ക് അതു കഴിയും എന്നെനിക്കറിയാം. മാത്രമല്ല രവി ഈ കഴിവ് ദുരുപയോഗം ചെയ്യില്ലെന്നും എനിക്കറിയാം. അതുകൊണ്ടാണ് ഞാൻ രവിയെ തിരഞ്ഞെടുത്തത്."

"ഇനി രവിയ്ക്ക് വല്ലതും ചോദിക്കനുണ്ടോ . ഇല്ലെങ്കിൽ നമുക്ക് തുടങ്ങാം."

ഞാൻ നിശ്ശബ്ദനായിരുന്നു. എനിക്കൊന്നും തോന്നിയില്ല. എന്തുപറയണം എന്നറിയില്ല. കുറെ സമയം ഞനങ്ങിനെ ഇരുന്നു. വാസ്തവത്തിൽ ഒരു മിനുട്ടേ ആയിട്ടുണ്ടാകൂ. പക്ഷെ എനിക്കതു് ഒരു യുഗമായി തോന്നി. പതുക്കെ എനിക്കെന്റെ ശബ്ദം തിരിച്ചുകിട്ടി. പക്ഷെ അതു വളരെ പതിഞ്ഞതായിരുന്നു. ശബ്ദം കഷ്ടിച്ച് പുറത്തു കേട്ടിരിക്കണം. ഞാൻ വിക്കി വിക്കി ചോദിച്ചു.

"നമ്മൾ എന്താണ് ചെയ്യൻ പോകുന്നത്? ആദ്യം ഒന്നു പറഞ്ഞു തരാമോ?"

"രവി പരിഭ്രമിക്കേണ്ടാ. രവി എപ്പോഴും പൂർണ്ണ സ്വതന്ത്രനായിരിക്കും. എപ്പോൾ രവിക്കു മതിയാക്കണം എന്ന് തോന്നുന്നുവോ അപ്പോൾ മതിയാക്കാം."

"നമ്മൾ ഒരു യാത്രയ്ക്ക് പോവുകയാണ്. ഒരസാധാരണ യാത്ര. മനസുകൊണ്ടാണെന്നു മാത്രം. യാത്ര മതിയാക്കം എന്ന് എപ്പോൾ തൊന്നുന്നുവോ അപ്പോൾ രവിയ്ക്കു തിരിച്ചു വരാം. ഈ യാത്രയിൽ രവി എന്നോടൊപ്പമാണ് സഞ്ചരിക്കുക. ഞാൻ ഒരു സഹായി മാത്രം. ബസ്സിന്റെ ഡ്രൈവറെ പോലെ. ബസ്സിന് ഒരു നിശ്ചിത ലക്ഷ്യം ഉള്ളതുപോലെ ഇവിടെ ഞാനും മുൻകൂട്ടി നിശ്ചയിച്ചൊരു പാതയിലൂടെയാവും സഞ്ചരിക്കുക. അതിൽ മാറ്റം വരുത്താൻ രവിക്കധികാരമില്ല. പക്ഷെ എപ്പോൾ രവി മതി എന്നു പറയുന്നുവോ , അപ്പോൾ ബസ് തിരിച്ചുവിടുകയായി. ഇവിടെ ഒരു വിത്യാസമുള്ളതു് പോയതെവിടേക്കായാലും തിരിച്ചെത്താൻ ഒരു നിമിഷം മതിഎന്നതാണ്."

"നമ്മൾ എങ്ങോട്ടാണ് പോകുന്നത്?"

"നമുക്ക് ഈ പ്രപഞ്ചത്തിലൂടെ ഒന്ന് കറങ്ങിയിട്ട് വരാം. വളരെ രസകരമായിരിക്കും. രവി ഈ കസേരയിൽ ഇരുന്നുകൊള്ളൂ. ശരീരവും മനസ്സും റിലാക്സ് ചെയ്തുകൊള്ളൂ. കണ്ണടച്ചുകൊള്ളൂ. എന്നിട്ട് ഞാൻ പറയുന്നതു മാത്രം ശ്രദ്ധിക്കൂ. മനസ്സിന് ഏകാഗ്രത വരട്ടെ. മറ്റൊന്നും ചിന്തിക്കതിരിക്കാൻ ശ്രമിക്കണം." ഞാൻ തന്നെ ഇതാദ്യമായാണ് പരീക്ഷിക്കുന്നതു്. അതുകൊണ്ട് എത്ര ഫലപ്രദമാകും എന്നറിയില്ല. ഇനി കണ്ണടക്കൂ."

വേലപ്പൻ കട്ടിലിൽ പത്മാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു. ഞാൻ കണ്ണടച്ചു. മുമ്പ് പറഞ്ഞ രീതിയിൽ വേലപ്പൻ സംസാരിക്കുന്നത് ഓർമ്മയുണ്ട്. തുടർന്ന് എന്താണ് നടന്നതെന്ന് കൃത്യമായി ഓർമ്മയില്ല. ഓർമ്മയുള്ളത് വേലപ്പൻ എന്നോടു സംസാരിക്കുന്നതാണ്. പക്ഷെ അതിന് എന്തോ ഒരു വിത്യാസം ഉണ്ടായിരുന്നു. അത് എന്റെ മനസ്സിന്റെ ഉള്ളിൽ നിന്നുതന്നെ വരുന്നതുപോലെയോ മറ്റോ.

"രവീ നമ്മളിപ്പോൾ മുകളിലേക്കുയരുകയാണ്. ആകാശത്തിലേക്ക്. നക്ഷത്രങ്ങൾ കാണാമോ?" വേലപ്പൻ ചോദിക്കുന്നത് കേട്ടു.

ഞാൻ ശ്രദ്ധിച്ചു നോക്കി. ആകപ്പാടെ ഇരുട്ടാണ്. സത്യത്തിൽ ഒന്നും കാണുന്നില്ല. ഒരു നിമിഷം ഞാൻ മടിച്ചിരുന്നു. എന്തു പറയണം? അപ്പോൾ ചില പ്രകാശബിന്ദുക്കൾ കണ്ണിൽപ്പെട്ടില്ലേ എന്നൊരു സംശയം. ഞാൻ ചുറ്റും പരതി നോക്കി. ഉവ്വ്, എന്തൊക്കെയോ മിന്നിത്തിളങ്ങുന്നു. ക്രമേണ അവ തെളിഞ്ഞു വരാൻ തുടങ്ങി. നക്ഷത്രങ്ങൾ. ഞങ്ങൾ രാത്രിയിൽ നടക്കാനിറങ്ങിയപ്പോൾ കണ്ട ആകാശം. അതാ ചോതി നക്ഷത്രം. ക്ഷീരപഥം. എല്ലം കാണാം.

"കാണാം" ഞാൻ പറഞ്ഞു. "വേലപ്പൻ വൈകീട്ടു കാണിച്ചുതന്ന ചോതി നക്ഷത്രം കാണാം . ക്ഷീരപഥം. എല്ലാം കാണാം."

"താഴോട്ട് നോക്കു. ഭൂമി കാണാമോ?"

ഞാൻ താഴോട്ടു നോക്കി. താഴെ കുറച്ച് വിളക്കുകൾ അങ്ങിങ്ങായി കാണാം. വിമാനത്തിൽ നിന്ന് നോക്കുന്ന പോലെ. അവയും അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഞാനെവിടേയാണ്? എനിക്കെന്റെ ശരീരം കാണാൻ കഴിയുന്നില്ല. ഞാൻ എനിക്കു തന്നെ അദൃശ്യനാണോ? ഒരിക്കൽ ബാംഗ്ലൂരിലെ ഒരു സ്ഥാപനത്തിൽ പോയപ്പോൾ വെർച്വൽ റിയാലിറ്റി സംവിധാനം അനുഭവിച്ചതുപോലെ.

"പേടിക്കേണ്ടാ നമ്മൾ മനസ്സാലേയാണ് യാത്ര ചെയ്യുന്നത്. നമ്മുടെ ശരീരം കോട്ടേജിൽ തന്നെയുണ്ട്. നോക്കു, നമുക്കു വേഗത്തിൽ ചന്ദ്രനിലേക്കൊന്നു പോകാം."

ഞാൻ നോക്കുമ്പോൾ ചന്ദ്രന്റെ ഉപരിതലം കാണാം. ഭൂമിയിൽ നിൽക്കുന്ന അതേ പ്രതീതി. പക്ഷെ എന്റെ ശരീരം അവിടെ ഇല്ല എന്നെനിക്കറിയാം. ഒരു സിനിമയിൽ കാണുന്നതു പോലെ. ചന്ദ്രന്റെ ഇരുണ്ട ഭാഗത്താണ് നിൽക്കുന്നത്. നേരിയ വെളിച്ചം മാത്രം. ആ വെളിച്ചത്തിൽ ചുറ്റിലും കുന്നുകൾ കാണാം. "ഇത് ഭൂമിയിൽ നിന്ന് കാണാൻ പറ്റാത്തവശമാണ്. ഇവിടെ ധാറാളം ക്രേറ്ററുകൾ ഉണ്ട്. വരൂ മറുവശത്തേക്ക് പോകാം." വേലപ്പൻ പറഞ്ഞു.

ഞാൻ കണ്ടുകോണ്ടിരുന്ന പ്രതലം ക്രമേണ മാറി. വെളിച്ചം പരന്നു. നല്ല ശക്തമായ സൂര്യപ്രകാശം. ഒരു തുറന്ന പ്രദേശത്താണ് ഞാൻ നിൽക്കുന്നത്. 'നിൽക്കുന്നു' എന്നു പറയുന്നത് ശരിയോ എന്നറിയില്ല. എങ്കിലും സൗകര്യത്തിനു വേണ്ടി അങ്ങനെ തന്നെ പറയട്ടെ.

“ഈ വശത്ത് ക്രേറ്ററുകൾ കുറവാണ്. ഇതൊരു സമതല പ്രദേശമാണ്. ചന്ദ്രപടത്തിൽ സമുദ്രം എന്നടയാളപ്പെടുത്തുന്ന സ്ഥലം. ശാന്തതയുടെ കടൽ എന്നർത്ഥം വരുന്ന പേരാണ് ഈ പ്രദേശത്തിന് നൽകിയിരിക്കുന്നത്. നോക്കൂ, ഇപ്പോഴും ആകാശത്ത് നക്ഷത്രങ്ങൾ കാണാം. ഒരു വശത്ത് സൂര്യനും . ഇത് ഭൂമിയിൽ നിന്ന് കാണാൻ പറ്റാത്ത കാഴ്ചയാണ്.”

“മ്മ്, എനിക്കറിയാം എങ്കിലും എന്തൊരു രസം . ആദ്യമായല്ലേ ഇങ്ങനെ കാണുന്നത്.”

“ഇനി നമുക്ക് സൂര്യനിലേക്കൊന്നു പോയാലോ?” വേലപ്പൻ ചോദിച്ചു.

“അങ്ങനെ പോകാമോ? പോകാമെങ്കിൽ വിരോധമില്ല. സൂര്യന്റെ ഉള്ളിൽ പോകാമോ?”

“പോയി നോക്കാം. നമ്മൾക്കു ബഹിരാകാശത്തുവച്ച് ഒന്നും സംഭവിച്ചില്ലെങ്കിൽ സൂര്യനിൽ വച്ചും ഒന്നും സംഭവിച്ചുകൂടല്ലോ.”

ഞാൻ ചിരിച്ചു. ഒപ്പം വേലപ്പനും. അതാ സൂര്യൻ അടുത്തേക്കു വരുന്നു. ഒരു കാര്യം ശ്രദ്ധിച്ചു. ചൂട് അനുഭവപ്പെടുന്നില്ല. ശക്തമായ വെളിച്ചം മാത്രം. പക്ഷെ സൂര്യനെ നേരിട്ടു നോക്കുമ്പോഴും ബുദ്ധിമുട്ടൊന്നും തോന്നുന്നില്ല. സൂര്യകളങ്കങ്ങൾ വ്യത്തിയായിട്ടു കാണാം. അടുത്തേക്കു വരുന്തോറും സൂര്യനിലെ വാതകങ്ങളുടെ ശക്തമായ പ്രവാഹം കാണാം. അതു കലങ്ങി മറിയുകയാണ്. ഉള്ളിൽ നിന്ന് ഊർജ്ജം പുറത്തേക്കു കൊണ്ടുവരുന്നത് ഈ വാതകപ്രവാഹങ്ങളാണല്ലോ. അടുത്തെത്തിയപ്പോൾ ഭയം തോന്നി. ഒരു കൊടുങ്കാറ്റിന്റെ നടുവിൽപ്പെട്ടതു പോലെ. സൂര്യന്റെ ഉള്ളിലേക്കു കടന്നപ്പോൾ ചുറ്റിലും ശക്തിയായ വാതകപ്രവാഹങ്ങൾ. അപ്പോൾ വേലപ്പന്റെ ശാന്തമായ സ്വരം.

“പേടിക്കേണ്ടാ ഞാൻ ഇതു വഴിയൊക്കെ കടന്നു പോയിട്ടുള്ളതാണ്. ഇനി കുറച്ചുകൂടി ഉള്ളിലേക്കു കടന്നാൽ അന്ധകാരമാണ്. അവിടത്തെ താപനില ദൃശ്യമായ പ്രകാശരശ്മികൾ സൃഷ്ടിക്കുന്നതിന് ആവശ്യമായതിൽ വളരെ കൂടുതൽ ആണ്. അതുകൊണ്ട് അവിടെ അൾട്രാവയലറ്റ്, എക്സ്, ഗ്രമികളാണ് ഉണ്ടാവുക.”

ഇത്രയും പറയുമ്പോഴേക്ക് ഇരുട്ടു പരന്നു തുടങ്ങിയിരുന്നു. എനിക്ക് ആശ്വാസമായി. എന്തൊക്കേയോ ചുറ്റിലും സംഭവിക്കുന്നുണ്ട് എന്നറിയാമെങ്കിലും ഒന്നും കാണാൻ വയ്യല്ലോ. “വരൂ, നമുക്ക് ഭൂമിയിലേക്കു മടങ്ങാം.” വേലപ്പൻ ഇതു പറഞ്ഞു തീർന്നപ്പോഴേക്ക് ഞാൻ ഭൂമിയിലെത്തി. രാത്രിയല്ല, പകൽ. നേരം വെളുത്തോ? എനിക്ക് നാട്ടിലേക്ക് മടങ്ങണമല്ലോ. ഞാൻ ചിന്തിച്ചു.

“ചുറ്റിലും നോക്കൂ. ഏതാണീ സ്ഥലം? അറിയാമോ?” വേലപ്പന്റെ ശബ്ദം.

ഞാൻ ചുറ്റിലും നോക്കി. ഒരു നാട്ടിൻപുറം. പഴയതരത്തിലുള്ള ഒരു വീടു കാണാം. ഓലയാണ് മേഞ്ഞിരിക്കുന്നത്. അപ്പോഴാണ് വേലപ്പനെ കാണുന്നില്ല എന്നുള്ള കാര്യം ഞാനറിയുന്നത്. വാസ്തവത്തിൽ യാത്ര പുറപ്പെട്ട ശേഷം ഞാൻ വേലപ്പനെ കണ്ടിട്ടേയില്ല. ശബ്ദം മാത്രമേ കേട്ടിട്ടുള്ളൂ. “ഞാനിവിടെത്തന്നെ ഉണ്ട്.” വേലപ്പന്റെ ശബ്ദം.

“എനിക്കു രവിയുടെ സാന്നിധ്യം അറിയാം.  പക്ഷെ രവിക്ക് എന്നെ കാണാൻ പറ്റുന്നില്ല, അല്ലേ.  രവിയും ഈ വിദ്യ നേടികഴിഞ്ഞാൽ എന്നെ കണാൻ കഴിയും.  മാത്രമല്ല, അതുവരെ ഞാൻ പറയുന്നതൊഴിച്ച് മറ്റു ശബ്ദങ്ങളൊന്നും രവിക്ക് കേൾക്കാനും പറ്റില്ല.  നോക്കൂ, ഈ സ്ഥലത്തിന് എന്തെങ്കിലും പ്രത്യേകത തോന്നുന്നുണ്ടോ?”

ഞാൻ വീണ്ടും ചുറ്റിലും കണ്ണോടിച്ചു.  പരിചിതമായ പ്രദേശം.  എന്നാൽ വീടിനും ചുറ്റുപാടിനും എന്തോ വ്യത്യാസമുള്ളതുപോലെ.  വീട്ടിലേക്ക് ഒരു മധ്യവയസ്കൻ കടന്നു വന്നു. മുണ്ടും മേൽമുണ്ടും മാത്രം വേഷം.  പൂമുഖത്തിരുന്ന കിണ്ടിയിലെ വെള്ളമെടുത്തു കാൽ കഴുകി അകത്തേക്കു കയറിപ്പോയി.  നാലഞ്ചു കുട്ടികൾ ഒരു വശത്തുനിന്ന് ഓടി വന്നു. പത്തിനും പതിനഞ്ചിനും ഇടയ്ക്ക് പ്രായമുണ്ടാവും.  അവർ ഓടിക്കളിക്കുകയാണ്.  എല്ലാവരും ചെറിയ മുണ്ടാണ് ഉടുത്തിരിക്കുന്നത്.  കുട്ടികളെ ഇങ്ങനെ കണ്ടിട്ടേയില്ല.  കുട്ടിക്കാലത്ത് തോർത്തുടുത്തിരുന്നതായി അച്ഛൻ പറഞ്ഞിരുന്നത് ഓർമ്മിച്ചു.  ഒരു പ്രായമായ സ്ത്രീ പുറത്തേക്കു വന്നു.  അവരും മുണ്ടും ഒരുതരം മേൽമുണ്ടുമാണ് ധരിച്ചിരിക്കുന്നത്.  അവർ കുട്ടികളോടെന്തോ വിളിച്ചുപറയുന്നതായി തോന്നി.  കുട്ടികൾ പെട്ടെന്നുതന്നെ ഓട്ടം നിർത്തി മുറ്റത്തുകൂടിത്തന്നെ പിൻവശത്തേക്കു പോയി.  ആകപ്പാടെ പഴയ ഒരു സിനിമ കാണുന്ന പ്രതീതി.

“നമ്മളിപ്പോൾ ക്രിസ്ത്വബ്ദം ആയിരാമാണ്ടിലാണ്.” വേലപ്പന്റെ ശബ്ദം.

ഞാൻ സ്തബ്ധനായിപ്പോയി.  ടൈം ട്രാവലോ?  ചുറ്റിലും ഒന്നുകൂടി നോക്കി.  എന്തായാലും ഒരു ആധുനിക കേരള ഗ്രാമത്തിന്റെ യാതൊരു ലക്ഷണവുമില്ല.  വൈദ്യുതകമ്പികളില്ല. ടെലിഫോൺ വയറുകളില്ല.  ടാറിട്ട റോഡ് കാണാനില്ല.  ഇനി വേലപ്പൻ പറഞ്ഞതു ശരിയാവുമോ?

“അതെ.  ചരിത്രത്തിൽ സംഗമകാലം എന്നറിയപ്പെടുന്ന കാലഘട്ടത്തിന്റെ അവസാനദശയിലാണിപ്പോൾ നമ്മൾ.  സ്ഥാണു രവിവർമ്മൻ രാജ്യം വിഭജിച്ച് ബന്ധുകൾക്കു നൽകി തീർത്ഥാടനത്തിനായി മക്കയ്ക്കു പോകാൻ ഒരുങ്ങുന്ന സമയം.  രവി ചരിത്രം വായിച്ചിട്ടില്ലല്ലോ.  കേരള ചരിത്രം പഠിച്ചിട്ട് ഒരിക്കൽ ഇതുവഴിയൊന്ന് വന്നു നോക്കൂ.  അപ്പോൾ രസമായിരിക്കും.  രവി പഠിക്കണം.  അതിനാണ് ഞാൻ ഈ പ്രയത്നമൊക്കെ ചെയ്തത്.  എനിക്കു സാദ്ധ്യമായ ഈ വിദ്യ രവിക്കും സാദ്ധ്യമാവും.  എനിക്കുറപ്പുണ്ട്.  അതിന്റെ സമയമാകുമ്പോൾ ഞാൻ തന്നെ മാർഗ്ഗം കാട്ടി തരാം.  നമുക്കിനി ഒരിടത്തുകൂടി പോകാനുണ്ട്.”

“അതെവിടെയാണ്?” ഞാൻ ചോദിച്ചു.

“ഇതാ ഇവിടെ വരെ.” വേലപ്പൻ പറഞ്ഞു തീർന്നില്ല, അപ്പോഴേക്ക് എന്റെ മുന്നിലെ സീൻ മാറി, ഒരു ചലച്ചിത്രതിലെന്നവണ്ണം.  ഒരു കുന്നിൻ ചെരുവിലെ ഒരു ഗുഹയുടെ മുൻവശം. അവിടെയൊരു കരിങ്കൽ പീഠത്തിൽ ഒരു സന്യാസി ഇരിക്കുന്നു.

“ങാ, വരൂ, ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.” സന്യാസിയുടെ ശബ്ദം.  എനിക്ക് മറ്റൊരു ഷോക്കായിരുന്നു അത്.

“അതു് സ്വാമിയുടെ ശേഷിയാണ് രവീ. എനിക്കതു വശമായിട്ടില്ല.” ഇപ്പറഞ്ഞതു് വേലപ്പനായിരുന്നു.

“എങ്ങനെയുണ്ടായിരുന്നു രവീ യാത്ര? ആദ്യമായല്ലേ. പരിഭ്രമിച്ചിരിക്കണം. വേലപ്പാ , നീ എന്തിനാണീ കുട്ട്യോളെ ഇങ്ങനെ വെഷമിപ്പിക്കണെ? ആദ്യമേ തന്നെ എല്ലാം പറഞ്ഞുകൊടുത്തൂടെ? പക്ഷെ നിന്റെ രീതി അതല്ലല്ലോ, ല്ലേ? എന്തായാലും നന്നായി. നിന്റെ സെലക്ഷൻ നന്നായിരിക്കുന്നു. ഇവൻ മിടുക്കനാണ്, ട്ടോ. നീ ഹരിദ്വാറിലേക്കില്ലേ?”

“ഉവ്വ്, സ്വാമീ.” വേലപ്പന്റെ മറുപടി. “ഈ ജോലി തീർന്നല്ലോ. ഇനി ഹരിദ്വാറിലേക്ക് തന്നെ. സ്വാമി പറഞ്ഞതുകൊണ്ട് ഒന്നു പോയിനോക്കമെന്നു കരുതി. എവിടെയായാലെന്താ എന്നെനിക്ക് ഇപ്പോഴും തോന്നുന്നു.”

“നീ അവിടെ പോയി കുറച്ചുകാലമങ്ങട് ഇരുന്നു നോക്കു. അപ്പൊ മനസ്സിലാവും അതിന്റെ വിശേഷം. പിന്നെ നെനക്ക് ഇങ്ങട് പോരണംന്നു തോന്നുമ്പോ പോരാല്ലോ.”

“ഞാൻ ഉടനെ പുറപ്പെടുകയായി സ്വാമി. ഞങ്ങളെന്നാ മടങ്ങട്ടെ?”

“ആയിക്കോട്ടെ. രണ്ട്പേർക്കും എന്റെ അനുഗ്രഹംണ്ട് ട്ടോ. പോയിവരൂ.”

രംഗം വീണ്ടും മാറി. ഞങ്ങൾ ഒരു പുഴയുടെ തീരത്തു്. തെളിഞ്ഞ വെള്ളം. ശാന്തമായി ഒഴുകുന്ന പുഴ. നല്ല വീതിയുണ്ട്. ഭാരതപുഴ പോലെ. പക്ഷെ അസാധാരണമായി പുഴ നിറഞ്ഞൊഴുകുന്നു.

“അതെ ഭാരതപുഴ തന്നെ. എനിക്കിവിടെ വന്നിരിക്കാൻ വലിയ ഇഷ്ടമാണ്. നമ്മൾ കണ്ട സ്വാമി എന്റെ ഏറ്റവും വലിയ ഗുരുനാഥനാണ്. അദ്ദേഹമാണ് എനിക്ക് പലതും നേടാൻ സഹായിച്ചതു്.”

“എങ്കിൽ അദ്ദേഹത്തെ എങ്ങനെ കണ്ടെത്താം എന്ന് പറഞ്ഞുതരൂ. ഞാൻ സമയം കിട്ടുമ്പോൾ അദ്ദേഹത്തിന്റെ അടുത്തു് പോയി പഠിച്ചുകൊള്ളാം.” ഞാൻ പറഞ്ഞു.

“ഹ ഹ ഹ, നമ്മളിപ്പോൾ എവിടേയാണെന്നാ വിചാരിച്ചേ? ആയിരത്തോളം വർഷം ഭാവിയിലാണ്. ഇവിടെയെത്തണമെങ്കിൽ ആദ്യം കുറേ വിദ്യകൾ പഠിച്ചേ പറ്റൂ.”

എനിക്കു തല ചുറ്റുന്നോ എന്നു തോന്നി. ഒരു രാത്രിക്കുള്ളിൽ നേരിടാൻ പറ്റുന്നതിൽ കൂടുതലായിരുന്നു ഇതൊക്കെ. വേലപ്പൻ ചിന്തയിലാണ്ടിരിക്കുകയാണ് എന്നെനിക്കു തോന്നി. നിശ്ശബ്ദത. ഞാൻ ഒറ്റക്കായതു പോലെ. പക്ഷെ എനിക്കു വേലപ്പന്റെ സാമീപ്യം അറിയാൻ കഴിഞ്ഞു. അൽപനേരം കഴിഞ്ഞപ്പോൾ വേലപ്പൻ പറഞ്ഞു: “സ്വാമി പറഞ്ഞതു് ശരിയാണ്. ഞാൻ കുറച്ചു കാര്യങ്ങൾ കൂടി രവിയോടു പറയേണ്ടതായിരുന്നു. കേൾക്കൂ. ഞാൻ സ്വായത്തമാക്കിയ ഈ വിദ്യ എന്റേതായ ഒരു പുതിയ കണ്ടുപിടിത്തമല്ല. നൂറ്റാണ്ടുകൾക്കു മുമ്പ് സന്യാസിമാർ കണ്ടെത്തിയതാണ്. പക്ഷെ ലോകത്തിൽ വന്ന മാറ്റങ്ങളുടെ ഇടയിൽപ്പെട്ടു് ഇതൊക്കെ നഷ്ടമായി. എന്നാൽ ചില സൂചനകൾ ചില താളിയോല ഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്നു. അവയിൽ ചിലതൊക്കെ, ഭഗ്യവശാൽ എനിക്കു കാണാൻ

കഴിഞ്ഞു. തുടർന്നുള്ള എന്റെ സ്വന്തം പ്രവർത്തനങ്ങളും പലയിടങ്ങളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങളും മറ്റുമാണ് എന്നെ ഇവിടെവരെ എത്തിച്ചത്. ഞാനൊരിക്കൽ ഇങ്ങനെ ചുറ്റുന്ന സമയത്താണ് നാം മുമ്പു കണ്ട സ്വാമിയേ ആദ്യമായി കാണുന്നത്. അദ്ദേഹം ഇങ്ങോട്ടുവന്നു പരിചയപ്പെടുകയായിരുന്നു. എനിക്ക് ഇപ്പോഴും അതിനുള്ള കഴിവില്ല എന്നോർക്കണം. അതായത് നമ്മുടെ കാലഘട്ടത്തിലേക്ക് ഇതുപോലെ ഒരാൾ കടന്നു വന്നാൽ അയാളെ കണ്ടെത്താനും അയാളോടു സംസാരിക്കാനും എനിക്കാവില്ല. അങ്ങനെ പലതും എനിക്ക് ഇനിയും പഠിക്കാനുണ്ട്. ഇത്രയും കഷ്ടപ്പെട്ടു വീണ്ടെടുത്ത ഈ വിദ്യകളൊന്നും മനുഷ്യരാശിക്ക് ഇനിയും നഷ്ടമാകരുതെന്ന വിചാരത്തിലാണ് ഞാൻ രവിയെ കണ്ടെത്തി ഇതൊക്കെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. രവി ഇതെല്ലാം പഠിക്കും എന്നെനിക്കറിയാം. ഓരോ സമയത്തും മാർഗ്ഗനിർദ്ദേശം തരാൻ ഞാനുണ്ടാകും. ഇപ്പോൾ നമുക്കു മടങ്ങിപ്പോകാം. രവി ഉറങ്ങിക്കൊള്ളൂ. ഉണരുമ്പോഴേക്കും ഞാൻ പോയിട്ടുണ്ടാകും. നമ്മൾ വന്ന കാർ രവിയെ തിരികെ കൊണ്ടുവിടും. അതിന്റെ കൂലിയൊക്കെ കൊടുത്തിട്ടുണ്ട്. ഇനിയൊരിക്കൽ കാണാം. ഗുഡ്നൈറ്റ്."

ഇത്രയും പറഞ്ഞത് എനിക്കോർമ്മയുണ്ട്. പിന്നെ എനിക്കറിയാവുന്നത് രാവിലെ ഉണരുന്നതു മാത്രമാണ്. ഞാൻ കട്ടിലിൽ കിടക്കുകയായിരുന്നു. എപ്പോഴാണ് ഞാൻ കസേരയിൽ നിന്നു കട്ടിലിലേക്കു വന്നതെന്നറിയില്ല. വേലപ്പന്റെ സഞ്ചി മുറിയിലില്ലായിരുന്നു. നടന്നതെല്ലാം സ്വപ്നമായിരുന്നോ എന്നെനിക്കു സംശയം തോന്നി. പക്ഷെ എങ്കിൽ ഞാനെങ്ങനെ ഇവിടെയെത്തി? എണീറ്റ് തയ്യാറായപ്പോൾ ഡ്രൈവർ വന്നു, പോകാനൊരുങ്ങി. അപ്പോൾ എനിക്കു തീർച്ചയായി എന്റെ ഈ യാത്ര ഒരു സ്വപ്നമല്ലായിരുന്നു എന്ന്.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA